സദ്ഭാവന
ഓൺലൈനിൽ വായിക്കുവാൻ ക്യു.ആർ കോഡ് സ്കാൻ ചെയ്യുക

# സദ്ഭാവന

YouTube
ശ്രീ. ബി.എസ്. ബാലചന്ദ്രൻ രചിച്ച ശ്രീമഹാരാമായണം കേൾക്കുവാനും വായിക്കുവാനും സന്ദർശിക്കുക
യൂട്യൂബ് ചാനൽ Jaihind Bharat Voice

പ്രതിമാസ മലയാള വാർത്താപത്രം | SATHBHAVANA | The Monthly Malayalam Newspaper

പുസ്തകം 24 ലക്കം 5 തിരുവനന്തപുരം 2025 മേയ് 10 പേജ് 8 വില 20 രൂപ RNI Reg. No. KERMAL /2002/7358

## മാനവകുലത്തിന്റെ ആദ്ധ്യാത്മിക ശ്രോതസ്സ്

# ശ്രീമദ് ഭഗവത്ഗീത

**ബി.എസ്. ബാലചന്ദ്രൻ**

ഭാരത സംസ്കൃതിയുടെ അന്തരാത്മാവിൽ നിന്നും കണ്ടെടുത്ത അനർഘരത്നമാണ് ഭഗവദ്ഗീത. ഭാരതീയ സംസ്കാരം ഉജ്ജ്വലമായ വിശുദ്ധ ഗ്രന്ഥം!

ഇതര ഭാരത വിശുദ്ധ ഗ്രന്ഥങ്ങളായ ബൈബിളിലും ഖുറാനിലും ഭഗവദ്ഗീതയെ കാണാം. ഫ്രെസറും, ഷേക്സ്പിയറും, ഡാർവിനും, കാറൽമാർക്സുമെല്ലാം ഒരു തരത്തിലല്ലെങ്കിൽ മറ്റൊരുതരത്തിൽ ഗീതയെ ആശ്രയിച്ചിട്ടുണ്ട്. അല്ലെങ്കിൽ അവർക്കെല്ലാം ഗീത ഒരു വഴികാട്ടിയായി വർത്തിച്ചിട്ടുണ്ട്.

സംസ്കൃതത്തിൽ രചിക്കപ്പെട്ടിട്ടുള്ള ഈ ഉൽകൃഷ്ടഗ്രന്ഥം മിക്കവാറും ഭാഷകളിൽ തർജ്ജമ ചെയ്യപ്പെട്ടിട്ടുണ്ട്. ഇപ്പോഴത് വീണ്ടും വർദ്ധിച്ചിരിക്കണം! ഇത്രയേറെ ഭാഷകളിലേക്ക് മൊഴിമാറ്റം ചെയ്യപ്പെട്ടിട്ടുള്ള ആത്മീയഗ്രന്ഥം തുലോം വിരളം.

ഹോളിവുഡിൽ ഇത് ചലച്ചിത്രമായിട്ടുമുണ്ട്. 2000ൽ പുറത്തിറങ്ങിയ 'ദ ലജൻഡ് ഓഫ് ബോൾമാൻ' എന്ന ചലച്ചിത്രത്തിനാണ് ഭഗവദ്ഗീത ആശയമായത്. ഒരു ഗോൾഫ് കളിക്കാരന്റെ കഥയാണ് 'ദ ലജൻഡ് ഓഫ് ബോൾമാൻ' പറയുന്നത്. ഗോൾഫ് കളിക്കാരനായി അർജ്ജുനനേയും അദ്ദേഹത്തിന്റെ ബാറ്റുകൾ ചുമക്കുന്ന 'കാൻഡി'യായി ഭഗവാൻ ശ്രീകൃഷ്ണനെയും ചിത്രീകരിച്ചിരിക്കുന്നു. ഗോൾഫ് കളിക്കാരുടെ ബാറ്റുകൾ ചുമക്കുന്നയാളെ 'കാൻഡി' എന്നാണറിയപ്പെടുന്നത്. സംഘർഷഭരിതമായ മുഹൂർത്തങ്ങളിലൂടെ കടന്നുപോകുന്ന ഈ ചിത്രത്തിന് ആസ്വാദകരിൽ നിന്നും വളരെ മികച്ച പ്രതികരണമാണത്രേ ലഭിച്ചത്!

പതിനെട്ട് അദ്ധ്യായങ്ങളിലായി 700 ശ്ലോകങ്ങളാണ് ഇപ്പോൾ പ്രചാരത്തിലുള്ള ഭഗവദ്ഗീതയിലുള്ളത്. നേരത്തെ 701 ശ്ലോകങ്ങളാണ് ഉണ്ടായിരുന്നത്. അർജ്ജുനൻ ഉന്നയിക്കുന്ന ചോദ്യരൂപത്തിലുള്ള ഒരു ശ്ലോകം എടുത്തുമാറ്റപ്പെട്ടു. ഗീതയിലെ പതിമൂന്നാം അദ്ധ്യായത്തിന്റെ ആരംഭമായ ഇത് ശങ്കരഭാഷ്യത്തിൽ ഉൾപ്പെടുത്താതെ ഒഴിവാക്കുകയായിരുന്നു. ആ വിധത്തിലാണ് ശ്ലോകങ്ങളുടെ എണ്ണം 700 ആകുന്നത്. ഇപ്പോൾ അർജ്ജുനന്റെ ചോദ്യം ഇല്ലാതെ കൃഷ്ണന്റെ മറുപടിയിലാണ് 13ാം അദ്ധ്യായം ആരംഭിക്കുന്നത്.



കുന്തീപുത്രനും വീരാധിവീരനുമായ അർജ്ജുനനും അർജ്ജുന രഥത്തിന്റെ സാരഥി ഭഗവാൻ ശ്രീകൃഷ്ണനും തമ്മിലുള്ള സംഭാഷണം സഞ്ജയൻ ധൃതരാഷ്ട്രരോട് വിവരിക്കുന്ന രീതിയിലാണ് ഭഗവദ്ഗീതയുടെ പ്രതിപാദനം. ശ്രീകൃഷ്ണനും അർജ്ജുനനും തമ്മിലുള്ള സംഭാഷണത്തിന്റേയും ഉപദേശത്തിന്റേയും രീതിയിലാണ് അവതരണമെങ്കിലും അതിനെ കേവലമൊരു സംഭാഷണമോ ഉപദേശമോ ആയല്ല; മറിച്ച് മാനവസമൂഹത്തോട് നടത്തുന്ന ഉദ്ബോധനവും ഉപദേശവുമായി വേണം കാണാൻ.

ശ്രീകൃഷ്ണൻ വെറുമൊരു തേരാളിയല്ല; ദിവ്യാവതാരമാണ്! അവിടുത്തെ വചനങ്ങൾ ദേവവചനങ്ങളും!

യുദ്ധഭൂമിയിൽവെച്ച് പാർഥന്റെ മനസ്സിൽ ഉരുണ്ടുകൂടിയ സംഘർഷത്തെ മറികടക്കുന്നതിനായുള്ള ആഴമേറിയ ഉപദേശമാണ് ഭഗവാൻ ശ്രീകൃഷ്ണൻ നടത്തുന്നത്. അത് മനുഷ്യസമൂഹത്തെയൊന്നാകെ നന്മയിലേക്കും സന്തുഷ്ടിയിലേക്കും നയിക്കാനുതകുംവിധമുള്ള വൈഡൂര്യ മുത്തുമണികളായി പൊഴിഞ്ഞുവീഴുകയായിരുന്നു! മനുഷ്യൻ ധർമ്മനിഷ്ഠയോടെ ജീവിക്കുന്നതിനും ധാർമ്മികമായ കടമകൾ ഉയർത്തിപ്പിടിക്കുവാനുമുള്ള ആത്മവൃത്തിക്കൊരു സഞ്ജീവനിയായും അത് വർത്തിക്കുന്നു. അന്ധമായ അനുസരണമെന്ന നിലയിൽ അതിനെ കാണുക അരുത്. മറിച്ച് ഉൽക്കൃഷ്ടമായ മൂല്യത്തോടെയും പാവനലക്ഷ്യത്തോടെയുമുള്ള പ്രവർത്തനങ്ങളെക്കുറിച്ച്

(ശേഷം 8 -ാം പേജിൽ)

## സീതയുടെ കാനനവാസം ശാപഫലം : ബി. എസ്. ബാലചന്ദ്രൻ



നല്ലതായാലും കെട്ടതായാലും അവരവർ ചെയ്യുന്ന കർമ്മത്തിന്റെ ഫലം എപ്പോഴായാലും അവരവർ തന്നെ അനുഭവിച്ചേതീരൂ എന്നത് വ്യക്തമാക്കുന്ന വിവിധ സംഭവങ്ങൾ രാമായണത്തിൽ കാണാമെന്ന് ബി.എസ്.എസ്. ചെയർമാൻ ബി. എസ്. ബാലചന്ദ്രൻ രാമായണ പ്രഭാഷണത്തിൽ ചൂണ്ടിക്കാട്ടി.

ഇതിന് ഏറ്റവും വലിയ ഉദാഹരണം സീതയ്ക്ക് ലഭിച്ച ഒരു ശാപമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

രാമായണ പ്രഭാഷണ പരമ്പരയിൽ സംസാരിക്കുകയായിരുന്നു ബി.എസ്. ബാലചന്ദ്രൻ.

രാമായണത്തിലെ പ്രധാനപ്പെട്ട ഏതു സംഭവത്തിനുപിന്നിലും വ്യക്തമായ ഒരു കാരണവും കാണാനാവും. അത് അടുത്തകാലത്തുണ്ടായതോ നാളുകൾക്കു മുൻപുനടന്നതോ ആകാം. ജനകപുത്രി സീതയ്ക്കു കിട്ടിയ ശാപത്തിന്റെ ഫലം സീതയ്ക്ക് അനുഭവിക്കേണ്ടി

(ശേഷം 8 -ാം പേജിൽ)

## ശാസ്ത്ര ലോകം



ജയ ശ്രീകുമാർ

### മേരി വാൻ ബ്രിട്ടൻ ബ്രൗൺ

# സി.സി.ടി.വി -1922

**നമ്മൾ ദൈനംദിന ജീവിതത്തിൽ ഉപയോഗിക്കുന്ന വസ്തുക്കൾ കണ്ടെത്തിയവരെ പരിചയപ്പെടുത്തുന്ന ഒരു പംക്തിയാണ് ഇത്**

ന്യൂയോർക്കിലെ ക്വീൻസിൽ ജനിച്ച മേരി വാൻ ബ്രിട്ടൻ ബ്രൗൺ ഒരു ആഫ്രിക്കൻ അമേരിക്കൻ ശാസ്ത്രജ്ഞയായിരുന്നു. അവരും ഭർത്താവും ചേർന്നാണ് ആദ്യത്തെ ആധുനിക ഗാർഹിക സുരക്ഷാ സംവിധാനം വികസിപ്പിച്ചെടുത്തത്. ഒരു നഴ്സായി ജോലി ചെയ്തിരുന്ന അവരും ഒരു ഇലക്ട്രോണിക്സ് ടെക്നീഷ്യനായിരുന്ന ഭർത്താവും ദീർഘ ജോലി സമയം പാലിച്ചിരുന്നു. ഇത് പലപ്പോഴും അവർ വൈകി വീട്ടിലെത്താനും വീട്ടിൽ ഒറ്റയ്ക്കാകാനും ഇടയാക്കുമായിരുന്നു. ന്യൂയോർക്കിലെ ക്വീൻസിലെ ജമൈക്കയിലാണ് അവർ താമസിച്ചിരുന്നത്. കുറ്റകൃത്യങ്ങൾ കൂടുതലുള്ള ഒരു പ്രദേശമായിരുന്നു ആ പ്രദേശം, അടിയന്തര സാഹചര്യങ്ങളിൽ പലപ്പോഴും പോലീസ് മന്ദഗതിയിലാണ് പ്രതികരിച്ചത്. ഇത് അവരുടെ സുരക്ഷക്ക് ഭീഷണി



യാണ് എന്ന് കണ്ട അവർ ഭർത്താവിന്റെ സഹായത്തോടെ തന്റെ വീട്ടിൽ ഒരു സുരക്ഷാ സംവിധാനം കണ്ടുപിടിച്ചു. അതിൽ ഒരു ടു-വേ മോണിറ്റർ, പീപ്പ്ഹോളുകൾ, ഒരു ക്യാമറ, മോണിറ്ററുകൾ, അമർത്തിയാൽ ഉടൻ പോലീസിനെ ബന്ധപ്പെടാൻ കഴിയുന്ന ഒരു അലാറം ബട്ടൺ എന്നിവ ഉൾപ്പെടുന്നു. വീടിന്റെ പ്രവേശന കവാടത്തിൽ ഒരു വീഡിയോ സ്കാനിംഗ് ഉപകരണം അത് വാതിലിനു പുറത്ത് ഒരു സന്ദർശകനെ സ്കാൻ ചെയ്യാൻ ഉപകരിക്കുന്നു . സന്ദർശകരുടെ ഉയരമനുസരിച്ച് ഓരോ പീപ്പ്ഹോളിലൂടെയും ആരെയെങ്കിലും കാണാൻ അനുവദിക്കുന്നതിനായി മുകളിലേക്കും താഴേക്കും സ്ലൈഡ് ചെയ്യുന്ന ഒരു ക്യാമറ വാതിലിന്റെ എതിർവശത്ത് ഘടിപ്പിച്ചിരുന്നു. വീടിന്റെ മറ്റൊരു ഭാഗത്ത് സ്ഥാപിച്ചിരിക്കുന്ന ഒരു വയർലെസ് സിസ്റ്റം വഴി ക്യാമറ ചിത്രങ്ങൾ മോണിറ്ററിൽ പ്രതിഫലിക്കും. പുറത്തുള്ള വ്യക്തിയോട് സംസാരിക്കാൻ ബ്രൗണിനെ പ്രാപ്തമാക്കുന്ന ഒരു ശബ്ദഘടകവും ഉണ്ടയിരുന്നു. ആ വ്യക്തി ഒരു പ്രശ്നക്കാരനാണെന്ന്

(ശേഷം 7 -ാം പേജിൽ)

## ചിറകുള്ള മുന്തിരിപ്പൂക്കൾ



മഞ്ജു ശ്രീകണ്ഠൻ

# ശീലത്തെ കൊണ്ടുനടക്കുക മനുഷ്യന്റെ ശീലം

മനുഷ്യരിലെ ശീലങ്ങൾ വ്യത്യസ്തവും രസകരവുമാണ്. ശീലങ്ങൾ ഭൂരിഭാഗവും ചെറുപ്പത്തിൽത്തന്നെ രൂപപ്പെടുന്നവയായിരിക്കും. അത്തരം ശീലങ്ങളാവട്ടെ ജീവിതാന്ത്യംവരെ ഒപ്പമുണ്ടാവുകയും ചെയ്യും. അതാണല്ലോ "ചൊട്ടയിലേ ശീലം ചുടലവരെ"യെന്നും "ചെറുപ്പകാലങ്ങളിലുള്ള ശീലം മറക്കുമോ മാനുഷനുള്ളകാലം" എന്നുമൊക്കെ പറയാറുള്ളത്. ബർണാഡ്ഷാ പറഞ്ഞത്: "ശീലത്തെ ഒപ്പം കൊണ്ടുനടക്കുക എന്നത് മനുഷ്യന്റെ ശീലമാണ്" എന്നാണ്.

എഴുത്തുകാരിൽ ഇ.എം.എസ്സിനോളം എഴുതിക്കൂട്ടിയ മറ്റൊരാൾ ഉണ്ടെന്ന് തോന്നുന്നില്ല. ഇ.എം.എസ് എഴുതിയ പുസ്തകങ്ങളുടെ റോയൽട്ടി ഇനത്തിൽ ഇപ്പോഴും ലക്ഷക്കണക്കിന് രൂപയാണ് പാർട്ടിക്ക് ലഭിച്ചുകൊണ്ടിരിക്കുന്നത്!

എഴുതാൻ തുടങ്ങുന്നതിന് മുമ്പ് ആലോചിച്ചിരിക്കുന്ന ശീലം ഇ.എം.എസ്സിനില്ലായിരുന്നു. പെട്ടെന്നായിരിക്കും എഴുതാൻ തുടങ്ങുക. പറഞ്ഞുകൊടുത്ത് എഴുതിക്കുന്നതായിരുന്നു അദ്ദേഹത്തിന്റെ ശീലം. പറഞ്ഞുതുടങ്ങിയാൽ അനർഗ്ഗള ഒഴുക്കായിരിക്കുമെന്നാണ് അദ്ദേഹത്തിന്റെ സ്ഥിരം കേട്ടെഴുത്തുകാർ സ്മരിച്ചിട്ടുള്ളത്.

നാടകവും സിനിമയുമെല്ലാം കാണുന്നത് ഇ.എം.എസ്സിന് ഇഷ്ടമായിരുന്നു. നാടകമായിരുന്നു പ്രിയം. പോകുമ്പോൾ കുടുംബാംഗങ്ങളെക്കൂടി കൂട്ടുവാനും അദ്ദേഹം വിട്ടുപോകാറില്ല. സ്വന്തമായി വാഹനമൊന്നുമില്ലായിരുന്ന അദ്ദേഹം നടന്നായിരുന്നു പൊയ്ക്കൊണ്ടിരുന്നത്. ഭാര്യയും മക്കളും മരുമക്കളുമൊക്കെയായി ഇ.എം.എസ് റോഡിലൂടെ നടന്നുപോകുമ്പോൾ റോഡിന്റെ വശങ്ങളിൽ ആളുകൾ അത്ഭുതത്തോടെ നോക്കിനിൽക്കാറുണ്ടായിരുന്നുവെന്ന് മകൾ ഇ.എം. രാധ ഓർക്കുന്നു.



ഇ.എം. എസ്



ബി.എസ്. ബാലചന്ദ്രൻ



എം.എസ്. ശ്രീനിവാസൻ



ചൊവ്വല്ലൂർ കൃഷ്ണൻകുട്ടി



എസ്.കെ. നായർ

(ശേഷം 7 -ാം പേജിൽ)

# മുറുകും മലയും



ഡോ. രമേശ് ഇളമൺ നമ്പൂതിരി

### അക്ഷികൾ

ഒരുപാട് കണ്ണുകൾ ചുറ്റും
വളർന്നതങ്ങിനെയല്ലേ ഞാൻ
പിന്നെയുമൊരുപാടു കണ്ണുകൾ ചുറ്റും
തളർന്നതങ്ങിനെയല്ലേ ഞാൻ
കണ്ണുകളെല്ലാമെന്റേതാക്കി ഞാൻ മാററവെ
ആരൊക്കെയോ തളരുന്നു
വളരുന്നു മറ്റാരൊക്കെയോ.

### മഹായന്ത്രം

വർത്തമാനപ്പത്രം തുറക്കവെയൊരു വാർത്ത
വിശ്വനിലവാരത്തിലെത്തിയത്രെ നാട്
നാനൂറുകിലോയുള്ള പോത്തിനെ പത്തു മിനിട്ടിൽ
തൊലിയടർത്തി കഷണങ്ങളാക്കി
എല്ലുകൾ മാറ്റി നിണം പാത്രത്തിലാക്കും
മഹായന്ത്രമെത്തിയത്രെ
കുതിയ്ക്കാം മുന്നോട്ട് കിതയ്ക്കാതെ മടിയ്ക്കാതെ

### മരീചിക

ഏഴാം ക്ലാസ്സിലെ പരീക്ഷയ്ക്ക്
പണിക്കരു സാർ തന്ന ഉത്തരക്കടലാസ്
ഇന്നും ഉണ്ട് ഉള്ളിലൊരു കടലാസ്
ഉത്തരങ്ങളില്ലെന്നു മാത്രം.

### മൃത്യുഞ്ജയം

മരണത്തെ പുൽകിയെങ്കിലോ
എന്നൊരിംഗിതം ബാക്കി നിൽക്കെ
മൊഴിയുന്നു മറ്റാരോ സുന്ദരം
ജീവിതമിതു ചേർത്തുനിർത്തൂ
മൃത്യുവും തലതാഴ്ത്തും
കർമ്മകാണ്ഡങ്ങൾ രചിയ്ക്കൂ
മുഗ്ദ്ധമാം സ്നേഹത്തിൻ
സ്വച്ഛസംഗീത നിർത്സരിയുതിർക്കൂ

### അകലത്തിൽ നിന്ന്

ആകാശത്തിന് സമുദ്രത്തോടു പ്രേമം
താഴെയ്ക്കിറങ്ങുവാൻ കഴിയില്ലല്ലൊ
അതുകൊണ്ടാവുമോ
നീ മഴയായി പെയ്യുന്നത്!

# കാര്യവിചാരം

## മനുഷ്യനും മണ്ണും തകഴിയും



പ്രൊഫ. ജി. ബാലചന്ദ്രൻ

മണ്ണില്ലാതെ മനുഷ്യനില്ല. മനുഷ്യനില്ലാതെ മണ്ണുമില്ല. ദൈവം തന്റെ രൂപത്തിലും ച്ഛായയിലുമാണ് മനുഷ്യനെ സൃഷ്ടിച്ചത് എന്നു ബൈബിളിൽ പറയുന്നു. മണ്ണുകൊ ണ്ടുണ്ടാക്കിയ പ്രതിമയുടെ നാസാരന്ധ്രങ്ങളിലൂടെ ദൈവം ആത്മശ്വാസം നൽകിയാണ് ജീവനും ബോധവും സന്നിവേശിപ്പിച്ചത്. കുട്ടനാട്ടിലെ മണ്ണിൽ നിന്നാണ് തകഴിയുടേയും ഉൽപത്തി.

മണ്ണുവാരിത്തിന്ന ഉണ്ണിക്കണ്ണന്റെ വായ് പിളർന്നു നോക്കിയപ്പോൾ യശോദ കണ്ടത് ഈരേഴുപതിന്നാലുലോകമാണ്. അതുപോലെയാണ് തകഴി കുട്ടനാട്ടിലെ ഒരുപിടി വൈവിദ്ധ്യവും വൈചിത്ര്യവും വൈരുദ്ധ്യവുമുള്ള ജീവിതലോകത്തെ കാട്ടിത്തന്നത്. മണ്ണിനെ തൊട്ടുനിന്നാൽ ആർക്കും തന്നെ വധിക്കാൻ കഴിയരുതെന്ന് വരം വാങ്ങിയ ഹിരണ്യകശിപുവിനെ നരസിംഹമൂർത്തി മണ്ണിൽ തൊടാതെ ഉയർത്തി വയർ പിളർന്നാണ് വധിച്ചത്. കുട്ടനാടിന്റെ മണ്ണിൽ സ്പർശിച്ചു നിന്നുകൊണ്ട് തകഴി ഏഴല്ല, എഴുന്നൂറു വർണ്ണരാജികൾ സൃഷ്ടിച്ചു. മണ്ണിന്റെ മാസ്മരികതയോട് ഇത്രയും വലിയ ജീവിതാഭിമുഖ്യം കാട്ടിയ സാഹിത്യകാരൻ വേറെയില്ല.

(ശേഷം 7 -ാം പേജിൽ)



# ഏപ്രിൽ ഡയറി

ആശ അരവിന്ദ്

## ഏപ്രിൽ 1

- ഗണിതശാസ്ത്ര രംഗത്ത് നൽകപ്പെടുന്ന ഏറ്റവും ഉന്നതമായ പുരസ്കാരമായ ആബേൽ പുരസ്കാരം ജപ്പാനിലെ പ്രശസ്ത ഗണിതശാസ്ത്രജ്ഞനായ മസാകി കഷിവാര (Masaki Kashiwara)സ്വന്തമാക്കി. ഗണിതശാസ്ത്ര സിദ്ധാന്തമായ റിപ്രസന്റേഷൻ തിയറി (representation theory) യിലും അൽജെബ്രായിക് അനാലിസിസ് (algebraic analysis) മേഖലയിലും നൽകിയ സംഭാവനകളാണ് പുരസ്കാരത്തിന് അർഹനാക്കിയത്.
- സംസ്ഥാനത്ത് ആദ്യമായി സ്കൈ ഡൈനിങ് ബേക്കൽ ബീച്ചിൽ ആരംഭിച്ചു. 142 അടി ഉയരത്തിൽ പ്രത്യേകം ഒരുക്കിയ ഇരിപ്പിടത്തിൽ ഇരുന്നു സന്ദർശകർക്ക് കാഴ്ചകൾ കാണാം. ഇതിനായി പ്രത്യേക ക്രെയിനും സജ്ജീകരിച്ചിട്ടുണ്ട്. ഒരു സമയം 12 പേർക്ക് പ്രത്യേകം ഒരുക്കിയ കസേരയിൽ ഇരുന്നു കാഴ്ചകൾ കാണാം.

## ഏപ്രിൽ 2

- ഇന്ത്യയിലുടനീളം സംഭവിക്കുന്ന ഇടിമിന്നൽ സംഭവങ്ങൾ പ്രവചിക്കാൻ സംവിധാനം വികസിപ്പിച്ചതായി ഐഎസ്ആർഒ അറിയിച്ചു. സ്ഥാപനത്തിന്റെ നാഷനൽ റിമോട്ട് സെൻസിങ് സെന്ററാണു സംവിധാനം യാഥാർഥ്യമാക്കിയത്. ഭൂസ്ഥിര ഉപഗ്രഹങ്ങളിൽ നിന്നുള്ള വിവരങ്ങൾ അപഗ്രഥിച്ചാണ് ഇതു പ്രവർത്തിക്കുന്നത്. ഇടിമിന്നൽ സംഭവിക്കുന്നതിന് രണ്ടര മണിക്കൂർ മുൻപ് അറിയാൻ സംവിധാനം വഴിയൊരുക്കും.

## ഏപ്രിൽ 3

- ഇന്ത്യൻ വ്യോമസേനയുടെ ഗ്രൂപ്പ് ക്യാപ്റ്റനും ഇസ്രോ ബഹിരാകാശ സഞ്ചാരിയുമായ ശുഭാംശു ശുക്ല, സ്പേസ് എക്സ് ഡ്രാഗൺബഹിരാകാശ പേടകത്തിൽ രാജ്യാന്തര ബഹിരാകാശ നിലയത്തിലേക്ക് (ISS) യാത്ര ചെയ്യുന്ന ആദ്യ ഇന്ത്യൻ ബഹിരാകാശയാത്രികനായി ചരിത്രം സൃഷ്ടിക്കാൻ ഒരുങ്ങുകയാണ്. സ്പേസിന്റെ നാലാമത്തെ സ്വകാര്യ ബഹിരാകാശ ദൗത്യത്തിന് ആക്സിയോം 4(AX-4) എന്നാണ് പേര് നൽകിയിരിക്കുന്നത്.
- 2025-ലെ ലോകത്തിലെ ശതകോടീശ്വരന്മാരുടെ പട്ടിക ഫോർബ്സ് പുറത്തിറക്കി, ശതകോടീശ്വരന്മാരുടെ എണ്ണം 3,028 ആയി ഉയർന്നതായി വെളിപ്പെടുത്തി - കഴിഞ്ഞ വർഷത്തേക്കാൾ 247 കൂടുതൽ. മൊത്തത്തിൽ, അവരുടെ ആസ്തി 16.1 ട്രില്യൺ ഡോളറാണ്, 2024-നെ അപേക്ഷിച്ച് 2 ട്രില്യൺ ഡോളറിന്റെ വർദ്ധനവ്. റിലയൻസ് ഇൻഡസ്ട്രീസിൽ നിന്ന് 92.5 ബില്യൺ ഡോളർ ആസ്തിയുമായി മുകേഷ് അംബാനി ആഗോളതലത്തിൽ പതിനെട്ടാം സ്ഥാനത്താണ്, അദാനി ഗ്രൂപ്പിന്റെ ചെയർമാനായ ഗൗതം അദാനി 56.3 ബില്യൺ ഡോളറുമായി 28-ാം സ്ഥാനത്താണ്. ടിക് ടോക്കിന്റെ ഷാങ് യിമിംഗ് (23-ാം സ്ഥാനം, 65.5 ബിലൺ ഡോളർ), നോങ്ഫു സ്പ്രിംഗിന്റെ സോങ് ഷാൻഷാൻ (26-ാം സ്ഥാനം, 57.7 ബില്യൺ ഡോളർ)

## ഏപ്രിൽ 4

- ഭൂമിയുമായി സാമ്യമുള്ള നാല് കുഞ്ഞൻ ഗ്രഹങ്ങളെ ജ്യോതിശാസ്ത്രജ്ഞർ കണ്ടെത്തി. ഭൂമിയിൽനിന്ന് ആറ് പ്രകാശവർഷം മാത്രം അകലെയുള്ള ബർണാഡ് എന്ന ചുവപ്പുകുള്ളന് നക്ഷത്രത്തെ വലംവെയ്ക്കുന്ന കുഞ്ഞൻ ഗ്രഹങ്ങളെയാണ് ഗവേഷകർ കണ്ടെത്തിയിരിക്കുന്നത് എന്ന് ദി ആസ്ട്രോഫിസിക്കൽ ജേണൽ ലെറ്റേഴ്സിൽ പ്രസിദ്ധീകരിച്ച പഠനം പറയുന്നു. നാല് ഗ്രഹങ്ങളും ഭൂമിയേക്കാൾ ചെറുതാണെങ്കിലും അവയെല്ലാം ഘടനയിൽ ഭൂമിയോട് വളരെ സാമ്യമുള്ളവയാണ്. ഈ നാല് ചെറിയ ഗ്രഹങ്ങളുടെ കണ്ടെത്തൽ, പ്രപഞ്ചത്തിൽ ഭൂമിക്കപ്പുറത്തുള്ള ജീവന്റെ അന്വേഷണങ്ങളിൽ സുപ്രധാന നാഴികക്കല്ലായി കരുതപ്പെടുന്നു. വർഷങ്ങളായി ശാസ്ത്ര ലോകം വാസയോഗ്യമായ മറ്റൊരു ഭൂമിയെ കുറിച്ച് നടത്തുന്ന തിരച്ചിലുകളിൽ നിർണായകമാണ് ഈ നാല് കുഞ്ഞൻ ഗ്രഹങ്ങളുടെ കണ്ടെത്തൽ.

## ഏപ്രിൽ 5

- ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് രാജ്യത്തെ പരമോന്നത സിവിലിയൻ അവാർഡായ മിത്ര വിഭൂഷണം സമ്മാനിച്ച് ശ്രീലങ്ക. ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്തുന്നതിനും ഇരു രാജ്യങ്ങളുടെയും പൊതുവായ സാംസ്കാരികവും ആത്മീയവുമായ പൈതൃകം പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള പ്രധാനമന്ത്രി മോദിയുടെ ശ്രമങ്ങളെ ആദരിച്ചുകൊണ്ടാണ് പുരസ്കാരം നൽകിയത്. ശ്രീലങ്കൻ പ്രസിഡന്റ് അനുര കുമാര ദിസനായകേയാണ് പുരസ്കാരം മോദിക്ക് നൽകിയത്. ഇതാദ്യമായാണ് ഒരു ഇന്ത്യൻ നേതാവിന് ഈ പുരസ്കാരം ലഭിക്കുന്നത് .

## ഏപ്രിൽ 6

- രാജ്യത്തെ ആദ്യത്തെ വെർട്ടിക്കൽ ലിഫ്റ്റ് കടൽപാലമായ രാമേശ്വരത്തെ പുതിയ പാമ്പൻ റെയിൽപാലം പ്രധാനമന്ത്രി നരേന്ദ്ര മോദി നാടിന് സമർപ്പിച്ചു. റിമോട്ട് ഉപയോഗിച്ച് പാലം ലംബമായി ഉയർത്തി. പുതിയ ട്രെയിൻ സർവീസിനും തുടക്കം കുറിച്ചു. പാലത്തിന് അടിയിലൂടെ കോസ്റ്റ് ഗാർഡിന്റെ കപ്പൽ കടന്നു പോയി. പ്രധാനമന്ത്രിയെ അഭിവാദ്യം ചെയ്തു. പാലത്തിനടിയിലൂടെ കടന്നുപോയ തീരദേശ സേനയുടെ കപ്പലിന്റെ ഫ്ളാഗ് ഓഫും പുതിയ രാമേശ്വരം-താംബരം (ചെന്നൈ) ട്രെയിൻ സർവീസിന്റെ ഫ്ളാഗ് ഓഫും പ്രധാനമന്ത്രി നിർവഹിച്ചു. 99 തൂണുകളോടു കൂടിയ പാലത്തിന് 2.08 കിലോമീറ്റർ നീളമുണ്ട്. രാമനാഥപുരം ജില്ലയിലെ പാമ്പൻ ദ്വീപിനെയും തീർഥാടനകേന്ദ്രമായ രാമേശ്വരത്തെയും വൻകരയുമായി ബന്ധിപ്പിക്കുന്ന കടൽപ്പാലമാണ് പാമ്പൻപാലം. സമുദ്രനിരപ്പിൽ നിന്ന് 6 മീറ്റർ ഉയരത്തിലാണ് പാലം പണിതത്.

## ഏപ്രിൽ 7

- കേരളത്തിലെ ആദിവാസി കരകൗശലവസ്തുവായ കണ്ണാടിപ്പായയ്ക്ക് ഭൗമസൂചിക(ജിഐ) പദവി. ഇതോടെ ഈ അംഗീകാരം ലഭിക്കുന്ന കേരളത്തിലെ ആദ്യത്തെ ആദിവാസി കരകൗശല ഉൽപ്പന്നമായി കണ്ണാടിപ്പായ മാറി. ഒരു ഗോത്രവർഗ്ഗ ഉത്പന്നത്തിന് ഭൗമസൂചിക പദവിയെന്നത് അപൂർവ്വ നേട്ടം കൂടിയാണ്. വെളിച്ചം വീഴുമ്പോൾ കണ്ണാടി പോലെ തിളങ്ങും. വർഷങ്ങളോളം ഈട് നിൽക്കും. തുണിപോലെ മൃദുവായതിനാൽ ഒരു മുളങ്കുറ്റിയിൽ ചുരുട്ടിവച്ച് സൂക്ഷിക്കാം. നൂറ്റാണ്ടുകളുടെ പഴക്കമുണ്ട് കണ്ണാടിപ്പായ നെയ്ത്തിന്. ഇടുക്കി, തൃശൂർ, എറണാകുളം, പാലക്കാട് എന്നിവിടങ്ങളിൽ നിന്നുള്ള ഊരാളി, മുതുവാൻ, മണ്ണാൻ തുടങ്ങിയ ഗോത്ര വിഭാഗങ്ങളുടെ സ്വന്തം കരകൗശല രീതി കൂടിയാണ് ഈ പ്രത്യേകതരം പായ നെയ്ത്ത്. പ്രത്യേകരം ഈറ്റകൊണ്ടാണ് അതീവ ശ്രദ്ധയോടെ പായ നെയ്യുന്നത്.

## ഏപ്രിൽ 8

- ഇലക്ട്രോണിക്സ് നിർമ്മാണ മേഖലയെ ശക്തിപ്പെടുത്തുന്നതിനായി ഇന്ത്യാ ഗവൺമെന്റ് ഇലക്ട്രോണിക്സ് കമ്പോണന്റ്സ് മാനുഫാക്ചറിംഗ് സ്കീം (ECMS) ആരംഭിച്ചു. നിഷ്ക്രിയ ഘടകങ്ങളുടെ പ്രാദേശിക ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിലൂടെ ഇന്ത്യയെ ഇലക്ട്രോണിക്സിനുള്ള ഒരു ആഗോള കേന്ദ്രമാക്കി മാറ്റുക എന്നതാണ് ഈ സംരംഭത്തിന്റെ ലക്ഷ്യം. 22,919 കോടിരൂപ യുടെ ധനസഹായത്തോടെ ഈ പദ്ധതിക്ക് മന്ത്രിസഭ അംഗീകാരം നൽകി. അടുത്ത ആറ് വർഷത്തിനുള്ളിൽ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനും ആഭ്യന്തര മൂല്യവർദ്ധന വർദ്ധിപ്പിക്കുന്നതിനുമായി ഇത് രൂപകൽപ്പന ചെയ്തിട്ടുണ്ട്.

## ഏപ്രിൽ 9

- വെറും 6 മണിക്കൂറിനുള്ളിൽ 3D പ്രിന്റഡ് റെയിൽവേ സ്റ്റേഷൻ നിർമ്മിച്ച് ജപ്പാൻ . ലോകത്തിലെ ആദ്യത്തെ ഖ' പ്രിന്റഡ് റെയിൽവേ സ്റ്റേഷനാണ് ജപ്പാനിലെ അരിഡയിൽ, ജാപ്പനീസ് കമ്പനിയായ സെറെൻഡിക്സ് പൂർത്തിയാക്കിയത്. അവസാന ട്രെയിൻ സർവീസിനും ആദ്യ ട്രെയിൻ സർവീസിനും ഇടയിലുള്ള മണിക്കൂറുകൾക്കുള്ളിലാണ് ഇത് നിർഹിച്ചത്. 'ലോകത്തിലെ ആദ്യത്തെ 3D പ്രിന്റഡ് സ്റ്റേഷൻ കെട്ടിടം' എന്നാണ് സെറെൻഡിക്സ് ഇതിന്റെ രൂപകൽപ്പനയിൽ പറഞ്ഞിരിക്കുന്നത്. ഒരു ഫാക്ടറിയിൽ 3D പ്രിന്റ് ചെയ്ത് ആറ് മണിക്കൂറിനുള്ളിൽ ഹട്സുഷിമ സ്റ്റേഷനിൽ കൂട്ടിച്ചേർക്കപ്പെട്ട നാല് ഘടകങ്ങൾ കൊണ്ടാണ് ഇത് നിർമ്മിച്ചത്.

## ഏപ്രിൽ 10

- ഇന്ത്യയുടെ പ്രതിരോധ ഗവേഷണ വികസന സംഘടന (ഡിആർഡിഒ) അടുത്തിടെ 'ഗൗരവ്' എന്ന് പേരിട്ടിരിക്കുന്ന ലോംഗ്-റേഞ്ച് ഗ്ലൈഡ് ബോംബിന്റെ (എൽആർജിബി) വിജയകരമായ റിലീസ് പരീക്ഷണങ്ങൾ പൂർത്തിയാക്കി. 2025 ഏപ്രിൽ 8 മുതൽ 10 വരെ സുഖോയ്-30എംകെഐ യുദ്ധവിമാനം ഉപയോഗിച്ചാണ് ഈ പരീക്ഷണങ്ങൾ നടത്തിയത്. ഇന്ത്യയുടെ വ്യോമ ശേഷിയും പ്രതിരോധ തന്ത്രവും വർദ്ധിപ്പിക്കുന്നതിനുള്ള ഒരു ചുവടുവയ്പ്പാണ് ഈ മുന്നേറ്റം. അദാനി ഡിഫൻസ് സിസ്റ്റംസ് ആൻഡ് ടെക്നോളജീസ്, ഭാരത് ഫോർജ് തുടങ്ങിയ കമ്പനികളുടേയും വിവിധ മൈക്രോ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെയും (എംഎസ്എംഇ) പങ്കാളിത്തം ഗൗരവിൻറെ നിർമ്മാണത്തിൽ ശ്രദ്ധേയമാണ് .

## ഏപ്രിൽ 11

- ഭൂമിയിൽ നിന്ന് 120 പ്രകാശവർഷത്തിലധികം അകലെ സ്ഥിതി ചെയ്യുന്ന ഗ്രഹമായ K218b യുടെ അന്തരീക്ഷത്തിൽ ജീവന്റെ സാധ്യതയുള്ളതായി ശാസ്ത്രജ്ഞരുടെ കണ്ടെത്തൽ. നാസയുടെ ജെയിംസ് വെബ് ബഹിരാകാശ ദൂരദർശിനി (JWST) ഉപയോഗിച്ച് നടത്തിയ നിരീക്ഷണത്തിലാണ് ഗ്രഹത്തിന്റെ അന്തരീക്ഷത്തിൽ മീഥെയ്ൻ, കാർബൺ ഡൈ ഓക്സൈഡ് എന്നിവയുൾപ്പെടെ കാർബൺ അടങ്ങിയ തന്മാത്രകളുടെ സാന്നിധ്യം സംഘം കണ്ടെത്തി. ഗ്രഹത്തിൽ ജീവൻ നിലനിൽക്കാൻ സാധ്യതയുള്ളതിന്റെ തെളിവാണ് കാർബണിന്റെ സാന്നിധ്യം.

## ഏപ്രിൽ 12

- ഇന്ത്യന് സൂപ്പർ ലീഗ് കിരീടം മോഹൻ ബഗാൻ സൂപ്പർ ജയന്റ്സിന്. അധികസമയത്തിലേക്ക് നീണ്ട കലാശപ്പോരിൽ ബെംഗളൂരു എഫ്സിയെ ഒന്നിനെതിരെ രണ്ട് ഗോളിന് തോല്പ്പിച്ചാണ് ബഗാൻ കിരീടം നേടിയത്. നേരത്തെ ഐഎസ്എൽ ഷീൽഡും ബഗാൻ നേടിയിരുന്നു. സൂപ്പർ ലീഗിന്റെ ചരിത്രത്തിൽ ഇതുവരെ ഒരു ക്ലബ്ബും ലീഗ് വിന്നേഴ്സ് ഷീൽഡും ഐഎസ്എൽ കപ്പും ഒരുമിച്ചു നേടിയിട്ടില്ല. കൊൽക്കത്ത ടീമിന്റെ മുൻ ക്ലബ്ബായ എടികെ മൂന്നുതവണ കപ്പുയർത്തിയിട്ടുണ്ട്.

## ഏപ്രിൽ 13

- ഇന്ത്യയിലെ പ്രതിരോധ ഗവേഷണ വികസന സംഘടന (DRDO) MkII(A) ലേസർ-ഡയറക്റ്റഡ് എനർജി വെപ്പൺ (DEW) സിസ്റ്റം വിജയകരമായി പരീക്ഷിച്ചു. മിസൈലുകൾ, ഡ്രോണുകൾ, ചെറിയ പ്രൊജക്ടൈലുകൾ എന്നിവ കാര്യക്ഷമമായി പ്രവർത്തനരഹിതമാക്കുന്നതിനാണ് MkII(A) DEW സിസ്റ്റം രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഫിക്സഡ്-വിംഗ് ഡ്രോണുകളെ നേരിടാനും ഒന്നിലധികം ഡ്രോൺ ആക്രമണങ്ങളെ തടയാനും കഴിയുന്ന തദ്ദേശീയമായി വികസിപ്പിച്ചെടുത്ത ഒരു ആയുധമാണ്. ശത്രുക്കളുടെ നിരീക്ഷണ സെൻസറുകളെയും ആന്റിനകളെയും നശിപ്പിക്കാൻ ഈ സിസ്റ്റത്തിന് കഴിയും.

## ഏപ്രിൽ 14

- ബി.ആർ. അംബേദ്കറുടെ 135-ാം ജന്മവാർഷികം ചരിത്ര സംഭവമാക്കി തെലങ്കാന. പട്ടികജാതി വർഗ്ഗീകരണം നടപ്പിലാക്കുന്നത് സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചുകൊണ്ട് രാജ്യത്തെ ആദ്യത്തെ സംസ്ഥാനമായി തെലങ്കാന മാറി. പട്ടികജാതി വർഗ്ഗീകരണത്തിനായി വിരമിച്ച ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ഷമീം അക്തറിന്റെ നേതൃത്വത്തിൽ ഒരു കമ്മിഷനെ സർക്കാർ നേരത്തെ നിയമിച്ചിരുന്നു. സർക്കാർ ജോലികളിലും വിദ്യാഭ്യാസ സ്ഥാപങ്ങളിലും 15 ശതമാനം സംവരണത്തിനായി 59 പട്ടികജാതി (എസ് സി) വിഭാഗങ്ങളെ I, II, III എന്നിങ്ങനെ മൂന്ന് ഗ്രൂപ്പുകളായി വിഭജിക്കാനായിരുന്നു നിർദേശം. തെലങ്കാന നിയമസഭ പാസാക്കിയ നിയമത്തിന് ഏപ്രിൽ 8 ന് ഗവർണറും അനുമതി നൽകിയിരുന്നു. ഏപ്രിൽ 14 ന് തെലങ്കാന ഗസറ്റിൽ ആദ്യമായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

## ഏപ്രിൽ 15

- ബഹിരാകാശ വിനോദ സഞ്ചാര യാത്രകളുടെ ചരിത്രത്തിൽ പുതു അധ്യായമെഴുതി ബ്ലൂ ഒറിജിന്റെ എൻ എസ് 31 ദൗത്യം വിജയം. പ്രശസ്ത പോപ്പ് ഗായിക കാറ്റി പെറി, ബ്ലൂ ഒറിജിൻ ഉടമ ജെഫ് ബെസോസിന്റെ പ്രതിശ്രുത വധു ലൗറൻ സാഞ്ചേസ് അടക്കം ആറ് വനിതകളായിരുന്നു യാത്രക്കാർ.

## ഏപ്രിൽ 16

- രണ്ട് ഷിങ്കൻസെൻ ട്രെയിനുകൾ സൗജന്യമായി നൽകിക്കൊണ്ട് ഇന്ത്യയുടെ അതിവേഗ റെയിൽ ശേഷി വർദ്ധിപ്പിക്കാൻ ജപ്പാൻ ഒരുങ്ങുന്നു. E5, E3 എന്നീ മോഡലുകളുള്ള ഈ ട്രെയിനുകൾ മുംബൈ-അഹമ്മദാബാദ് ബുള്ളറ്റ് ട്രെയിൻ പദ്ധതിക്കായി പരീക്ഷണ വാഹനങ്ങളായി പ്രവർത്തിക്കും. ഇന്ത്യയുടെ ആദ്യത്തെ അതിവേഗ റെയിൽ ശൃംഖല വികസിപ്പിക്കാനുള്ള അഭിലാഷത്തിലേക്കുള്ള ഒരു ചുവടുവയ്പ്പാണ് ഈ സംരംഭം.പാരിസ്ഥിതിക സാഹചര്യങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള പരിശോധന സാങ്കേതികവിദ്യ ഈ ട്രെയിനുകളിൽ സജ്ജീകരിക്കും. 2030 കളുടെ തുടക്കത്തിൽ അവതരിപ്പിക്കാൻ പദ്ധതിയിട്ടിരിക്കുന്ന അടുത്ത തലമുറ E10 ട്രെയിനുകൾ വികസിപ്പിക്കുന്നതിന് ഈ ഡാറ്റ നിർണായകമാകും.

## ഏപ്രിൽ 17

- സൈനിക നിരീക്ഷണം, പര്യവേഷണം, സാഹസികത എന്നീ മേഖലകളിലെ മികച്ച സംഭാവനകൾക്ക് ന്യൂഡൽഹിയിലെ യുണൈറ്റഡ് സർവീസ് ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് ഇന്ത്യയിൽ (യുഎസ്ഐ) അഞ്ച് സായുധ സേനാംഗങ്ങൾക്ക് അഭിമാനകരമായ മാക്ഗ്രിഗർ മെമ്മോറിയൽ മെഡൽ നൽകി ആദരിച്ചു. ചടങ്ങിൽ ചീഫ് ഓഫ് ഡിഫൻസ് സ്റ്റാഫ് ജനറൽ അനിൽ ചൗഹാൻ വിജയികളെ അഭിനന്ദിച്ചു. 2023-ലെ അവാർഡ് ജേതാക്കളിൽ ഇന്ത്യൻ വ്യോമസേനയിൽ നിന്നുള്ള വിങ് കമാൻഡർ ഡി പാണ്ടയും ഇന്ത്യൻ നാവികസേനയിൽ നിന്നുള്ള ഇഎ (ആർ) രാഹുൽ കുമാർ പാണ്ഡെയും ഉൾപ്പെടുന്നു.

## ഏപ്രിൽ 18

- ഒന്നാം നൂറ്റാണ്ടിലെ ശ്രീമദ് ഭഗവദ്ഗീത , അഞ്ചാം നൂറ്റാണ്ടിലെ പെർഫോമിംഗ് ആർട്സിനെക്കുറിച്ചുള്ള ഒരു ഗ്രന്ഥമായ ഭരത് മുനിയുടെ നാട്യശാസ്ത്രം എന്നീ രണ്ട് പുരാതന ഇന്ത്യൻ ഗ്രന്ഥങ്ങൾ യുനെസ്കോയുടെ മെമ്മറി ഓഫ് ദി വേൾഡ് രജിസ്റ്ററിൽ ഉൾപ്പെടുത്തി. 1992-ൽ ആരംഭിച്ച് ലോകമെമ്പാടുമുള്ള വിലപ്പെട്ട ആർക്കൈവ് ഹോൾഡിംഗുകളും ലൈബ്രറി ശേഖരങ്ങളും സംരക്ഷിക്കാൻ ലക്ഷ്യമിടുന്ന യുനെസ്കോയുടെ മെമ്മറി ഓഫ് ദി വേൾഡ് പ്രോഗ്രാം . ഇന്ത്യയുടെ സാംസ്കാരിക പൈതൃകത്തിന് ഒരു പ്രധാന അംഗീകാരമായി യുനെസ്കോയുടെ ലോക മെമ്മറി രജിസ്റ്ററിൽ ഗീതയെയും നാട്യശാസ്ത്രത്തെയും ഉൾപ്പെടുത്തി. 1997 മുതൽ രജിസ്റ്റർ രണ്ടുവർഷത്തിലൊരിക്കൽ അപ്ഡേറ്റ് ചെയ്തുവരുന്ന രജിസ്റ്ററിൽ ഇപ്പോൾ 570 എൻട്രികൾ ഉണ്ട്. ഇതോടെ ആകെ ലിഖിത ശേഖരങ്ങളിൽ ഇന്ത്യയുടെ സംഭാവനകൾ 14 ഉം ആയി.

## ഏപ്രിൽ 19

- ലോകത്തിലെ ആദ്യത്തെ ഹ്യൂമനോയിഡ് റോബോട്ട് ഹാഫ്-മാരത്തൺ എന്ന ചരിത്ര സംഭവത്തിന് 2025 ഏപ്രിൽ 19-ന് ചൈനയിലെ ബീജിംഗ് സാക്ഷ്യം വഹിച്ചു. കായിക-സാങ്കേതികവിദ്യയുടെ പ്രതീകാത്മക സംയോജനത്തിൽ യന്ത്രങ്ങൾ മനുഷ്യരോടൊപ്പം ഓടി. കഴിഞ്ഞ വർഷം ചൈനയിലുടനീളമുള്ള മാരത്തണുകളിൽ ഹ്യൂമനോയിഡ് റോബോട്ടുകൾ പ്രത്യക്ഷപ്പെട്ടിട്ടുണ്ടെങ്കിലും, മനുഷ്യരോടൊപ്പം മത്സരിക്കുന്നത് ഇതാദ്യമായിരുന്നു. 20 എഞ്ചിനീയറിംഗ് ടീമുകൾ റോബോട്ട് മത്സരാർത്ഥികളെ രംഗത്തിറക്കി. പരമ്പരാഗത നിയമങ്ങൾ പാലിച്ചാണ് ആളുകൾ ഹാഫ് മാരത്തണിൽ മത്സരിച്ചതെങ്കിലും, ബാറ്ററി മാറ്റുന്നതിനുള്ള പിറ്റ് സ്റ്റോപ്പുകൾ ഉൾപ്പെടെയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ റോബോട്ടുകൾക്കുണ്ടായിരുന്നു.

## ഏപ്രിൽ 20

- ഇന്ത്യയുടെ ആദ്യ എഐ സെർവർ 'അടിപൊളി' എന്ന് മലയാളത്തിൽ പ്രശംസിച്ച് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്. പൂർണ്ണമായും ഇന്ത്യയിൽ രൂപകൽപ്പന ചെയ്ത ആദ്യ എഐ സെർവറിലൂടെ ആഭ്യന്തര സാങ്കേതിക ശേഷിയിൽ സുപ്രധാന ചുവടുവെയ്പ്പ് നടത്തിയിരിക്കുകയാണ് രാജ്യം. വിവിധ മേഖലകളിലെ കൃത്രിമ ഇന്റലിജൻസ് ആപ്ലിക്കേഷനുകൾ വേഗത്തിലാക്കുന്നതിന് എഐ സെർവർ നിർണായക പങ്കുവഹിക്കും. കേന്ദ്ര ഇലക്ട്രോണിക്സ്, ഇൻഫർമേഷൻ ടെക്നോളജി മന്ത്രി അശ്വിനി വൈഷ്ണവാണ് ഇന്ത്യയിൽ ആദ്യമായി പൂർണ്ണമായും രൂപകൽപ്പന ചെയ്ത തദ്ദേശീയ അക സെർവർ അനാച്ഛാദനം ചെയ്തത്.

## ഏപ്രിൽ 21

- ആഗോള കത്തോലിക്കാ സഭയുടെ പരമാധ്യക്ഷന് ഫ്രാൻസിസ് മാർപാപ്പ കാലം ചെയ്തു. 88 വയസ്സായിരുന്നു. വത്തിക്കാൻ സമയം രാവിലെ 7.35നായിരുന്നു (ഇന്ത്യൻസമയം 11.05), ലാളിത്യം കൊണ്ടും പാവങ്ങളോടുള്ള അനുഭാവം കൊണ്ടും ലോകത്തിന്റെ ഹൃദയം കവർന്ന പാപ്പയുടെ അന്ത്യം. ബെനഡിക്ട് പതിനാറാമൻ അനാരോഗ്യം മൂലം സ്ഥാനമൊഴിഞ്ഞതോടെ 2013 മാർച്ച് 13ന് ആണ് ഫ്രാൻസിസ് മാർപാപ്പ സഭയുടെ പരമാധികാരിയായി നിയോഗിക്കപ്പെട്ടത്. പാവപ്പെട്ട മനുഷ്യർക്കായി ജീവിതം സമർപ്പിച്ച പുണ്യാളനായിരുന്നു അദ്ദേഹം.

## ഏപ്രിൽ 22

- ഐഎസ്ആർഒയുടെ സ്പേഡെക്സ് ദൗത്യത്തിലെ ഉപഗ്രഹങ്ങളുടെ രണ്ടാം ഡോക്കിങ്ങും വിജയകരം. ഉപഗ്രഹങ്ങളുടെ രണ്ടാമത്തെ ഡോക്കിങ് വിജയകരമായി പൂർത്തിയാക്കിയതായി അറിയിക്കുന്നതിൽ സന്തോഷമുണ്ടെന്ന് ഐഎസ്ആർഒ സംഘത്തെ അഭിനന്ദിച്ച് കേന്ദ്രമന്ത്രി ജിതേന്ദ്ര സിങ് എക്സ് പ്ലാറ്റ്ഫോമിൽ കുറിച്ചു. 2024 ഡിസംബർ 30 നാണ് പിഎസ്എൽവി സി60/സ്പേഡെക്സ് ദൗത്യം വിജയകരമായി വിക്ഷേപിച്ചത്.

## ഏപ്രിൽ 23

- കായികരംഗത്തെ പരമോന്നത പുരസ്കാരമായ ലോറസ് സ്വന്തമാക്കി അർമാൻഡോ ഡുപ്ലന്റിസും സിമോണ ബൈൽസും. മികച്ച പുരുഷ താരമായാണ് സ്വീഡന്റെ പോൾവോൾട്ട് താരമായ ഡുപ്ലന്റിസ് തെരഞ്ഞെടുക്കപ്പെട്ടത്. അത്ലറ്റിക്സിൽനിന്ന് ഉസൈൻ ബോൾട്ടിനുശേഷം ഈ നേട്ടം സ്വന്തമാക്കുന്ന ആദ്യ താരമാണ്. അമേരിക്കൻ ജിംനാസ്റ്റിക്സ് താരമായ ബൈൽസ് വനിതകളിലെ താരമായി.

## ഏപ്രിൽ 24

- ടിയാൻഗോംഗ് ബഹിരാകാശ നിലയത്തിലേക്ക് (Tiangong Space Station) അടുത്ത പര്യവേഷണ സംഘത്തെ അയച്ച് ചൈന. പുതിയ സംഘം ആറ് മാസം ബഹിരാകാശ നിലയത്തിൽ താമസിച്ച് ഗവേഷണം ചെയ്യും. സ്പേസ് മെഡിസിൻ, സ്പേസ് സാങ്കേതിക വിദ്യ തുടങ്ങിയ മേഖലകളിലെ ഗവേഷണത്തിനൊപ്പം ബഹിരാകാശ നടത്തം, നിലയത്തിലെ അറ്റകുറ്റപ്പണികൾ എന്നിവയിൽ ഷെൻസൊയു 20 ദൗത്യ സംഘം ഭാഗമാകും. അടുത്തിടെ ബഹിരാകാശ ഗവേഷണ രംഗത്ത് വൻ മുന്നേറ്റമാണ് ചൈന നടത്തുന്നത്.

## ഏപ്രിൽ 25

- ഹിമാചലിലെ ധർമശാലയിൽ നടന്ന നാഷണൽ മാസ്റ്റേഴ്സ് വോളി ടൂർണമെന്റിൽ കേരളം വിജയിച്ചു. വിദ്യാഭ്യാസ വകുപ്പിൽ നിന്നുള്ള എം സുജാതയായിരുന്നു കേരളാ ടീമിനെ നയിച്ചത്. വി എൻ ബിജില (സബ്കോടതി കൊയിലാണ്ടി), പി രാധിക (ഇന്ത്യൻ റെയിൽവേ), പി ജെ ജോമോൾ (മുൻ കെ എസ് ഇ ബി), അൽഫോൻസ് അനൂപ് (കെ എസ് ഇ ബി), കെ സുമിത (തദ്ദേശ ഭരണ വകുപ്പ്, കോഴിക്കോട്), സി എം അശ്വനി (ബി ആർ സി വടകര) എന്നവരായിരുന്നു ടീം അംഗങ്ങൾ. ഫൈനലിൽ ആതിഥേയരായ ഹിമാചൽ പ്രദേശിനെ 25-16, 25-18 നു പരാജയപ്പെടുത്തിയാണ് കേരളം വിജയിച്ചത്.

## ഏപ്രിൽ 26

- ജയ്പൂരിൽ നടന്ന നാഷണൽ കിക്ക് ബോക്സിങ് ചാമ്പ്യൻഷിപ്പിൽ കേരളത്തിൽനിന്നുള്ള ഡോ. അനുവിന് രണ്ട് സ്വർണ മെഡലുകൾ. കോട്ടയം കൂടല്ലൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിലെ അസി. സർജനാണ് ഡോ. അനു. 60/70 കിലോഗ്രാം കാറ്റഗറിയിൽ പോയിന്റ് ഫൈറ്റ് വിഭാഗത്തിലും റിംഗ് വിഭാഗത്തിലുമാണ് സ്വർണ മെഡലുകൾ നേടിയത്. കേരളത്തിനുവേണ്ടി അഭിമാനകരമായ പോരാട്ടം നടത്തി സ്വർണ മെഡലുകൾ നേടിയ ഡോ. അനുവിനെ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അഭിനന്ദിച്ചു.

## ഏപ്രിൽ 27

- വനിതാ അത്ലറ്റുകളുടെ പങ്കാളിത്തത്തിൽ ചരിത്രം കുറിക്കാൻ ലൊസാഞ്ചലസ് ഒളിംപിക്സ്. ഒളിംപിക്സ് ചരിത്രത്തിലാദ്യമായി പുരുഷൻമാരെക്കാൾ വനിതാ കായിക താരങ്ങൾ പങ്കെടുക്കുന്നതിൻെറ റെക്കോർഡാണ് 2028 ഗെയിംസിനെ കാത്തിരിക്കുന്നത്. ഒളിംപിക്സിൽ ആകെ മത്സരിക്കുന്നവരിൽ 50.7% വനിതകളാണ്. വനിതാ ഫുട്ബോളിൽ മത്സരിക്കുന്ന ടീമുകളുടെ എണ്ണം 16 ആക്കി ഉയർത്തിയതാണ് വനിതാ കായിക താരങ്ങളുടെ അംഗബലം കൂടാൻ കാരണമായത്. പുരുഷ ഫുട്ബോളിൽ 12 ടീമുകൾ മാത്രമാണുള്ളത്.

## ഏപ്രിൽ 28

- സ്റ്റീലിനെക്കാൾ കരുത്തുറ്റ പുതിയ മിശ്രലോഹം കണ്ടെത്തി യുഎസ് ഗവേഷകർ. ചെമ്പ്, ടന്റാലം, ലിഥിയം എന്നിവ ചേർന്ന ഈ മിശ്രലോഹത്തിന് തീവ്രമായ താപനിലയും സമ്മർദ്ദവും അതിജീവിക്കാനുള്ള ശേഷിയുണ്ട്. വ്യോമയാന, പ്രതിരോധ രംഗങ്ങളിൽ ഇത് വളരെ ഉപയോഗപ്രദമായിരിക്കുമെന്നു ഗവേഷണത്തിനു നേതൃത്വം വഹിച്ചവർ പറഞ്ഞു. 800 ഡിഗ്രി സെൽഷ്യസ് വരെയുള്ള താപനിലയിൽ വരെ ഈ മിശ്രലോഹം സ്ഥിരത കാക്കും.

## ഏപ്രിൽ 29

- 8 മലയാളികൾ ഉൾപ്പെടെ ഏഷ്യൻ അത്ലറ്റിക്സ് പാപ്യൻഷിപ്പിനുള്ള 59 അംഗ ഇന്ത്യൻ ടീമിനെ പ്രഖ്യാപിച്ചു. 31 പുരുഷൻമാരും 28 വനിതകളുമാണു ടീമിലുള്ളത്. ഒളിംപിക്സ് മെഡൽ ജേതാവ് നീരജ് ചോപ്ര പങ്കെടുക്കുന്നില്ല. ദക്ഷിണ കൊറിയ യിലെ കുമിയിൽ മേയ് 27 മുതൽ 31 വരെയാണ് ചാംപ്യൻഷിപ്. കൊച്ചിയിൽ നടന്ന ഫെഡറേഷൻ കപ്പ് സീനിയർ അത്ലറ്റിക്സിനുശേഷം അത്ലറ്റിക്സ് ഫെഡറേഷൻ ഓഫ് ഇന്ത്യ സിലക്ഷൻ കമ്മിറ്റിയാണ് ടീമിനെ തിരഞ്ഞെടുത്തത്.

## ഏപ്രിൽ 30

- കേരളത്തിൽ ആദ്യമായി രാജ്യാന്തര ചെസ് ടൂർണമെന്റിന് ആതിഥേയത്വം വഹിച്ച് കോട്ടയം. രാജ്യാന്തര ഗ്രാന്റ്മാസ്റ്റർ ഓപ്പൺ ചെസ് ടൂർണമെന്റിനാണ് തുടക്കമായത്. ഫ്രാൻസിസ് ജോർജ് എം.പിയാണ് ടൂർണമെന്റ് ഉദ്ഘാടനം ചെയ്തത്. ചെസ് അസോസിയേഷൻ കേരള പ്രസിഡന്റും ടൂർണമെന്റ് ഡയറക്ടറുമായ രാജേഷ് നാട്ടകം അധ്യക്ഷത വഹിച്ചു.

# ‘ഭാരത് സേവക്’ ബഹുമതി നൽകി ആദരിച്ചു

‘ഭാരത് സേവക്’ ബഹുമതികൾ ബി.എസ്.എസ് ചെയർമാൻ ബി.എസ്. ബാലചന്ദ്രൻ സമ്മാനിക്കുന്നു


ഫാദർ ഗീവർഗ്ഗീസ് കോശി


പ്രൊഫ.ബി.മുഹമ്മദ് അഹമ്മദ്


ഡോ. എം.എസ്.നായർ


ഇമ്രാൻ.വി.എൻ.കെ.

### ഫാദർ ഗീവർഗ്ഗീസ് കോശി

പത്തനംതിട്ട വള്ളിക്കോട് സ്വദേശി. മലങ്കര ഓർത്തഡോക്സ് സഭയിലെ ചെങ്ങന്നൂർ ഭദ്രാസനത്തിലെ വിവിധ ദേവാലയങ്ങളിൽ സേവനം ചെയ്തിട്ടുണ്ട്. നിലവിൽ ആലപ്പുഴ ജില്ലയിലെ സെന്റ് ഗ്രിഗോറിയസ് ഓർത്തഡോക്സ് ഇടവകയിൽ വികാരിയായി സേവനം ചെയ്യുന്നു. ആതുരസേവനരംഗത്ത് സജീവം. കിടപ്പ് രോഗികൾക്ക് ആവശ്യമായ സാധനങ്ങൾ തികച്ചും സൗജന്യമായി രോഗികൾക്ക് എത്തിച്ചു കൊടുക്കുന്നു. ഇതിൽ ഡയാലിസിസ് കിറ്റുകളും, അയൺ ഇൻജക്ഷനുകളും ഉൾപ്പെടും. വിദ്യാർത്ഥികളിലെ മദ്യം, മയക്കുമരുന്ന് ഉപയോഗത്തിനെതിരെ ദൃശ്യ മാദ്ധ്യമങ്ങൾ വഴി ബോധവൽക്കരണം നടത്തുന്നതിനുള്ള കാര്യങ്ങൾ ചെയ്തു വരുന്നു. സ്വന്തമായുള്ള കൃഷി സ്ഥലത്ത് വിവിധ തരത്തിലുള്ള കൃഷികൾ ചെയ്തു വരുന്നു. വള്ളിക്കോട് പഞ്ചായത്ത് മികച്ച കർഷകനായി തിരഞ്ഞെടുത്ത് ആദരിച്ചിട്ടുണ്ട്. ചെങ്ങന്നൂർ ഭദ്രാസനത്തിന്റെ ചുമതലയിൽ നടത്തുന്ന സ്നേഹാമൃതം എന്ന പാലിയേറ്റിവിന്റെ ചുമതലയും വഹിക്കുന്നുണ്ട്.

### പ്രൊഫ.ബി.മുഹമ്മദ് അഹമ്മദ്

കണ്ണൂർ പഴയങ്ങാടി സ്വദേശി. പയ്യന്നൂർ കോളേജിൽ മലയാളം അദ്ധ്യാപകനും, മലയാള വിഭാഗം തലവനുമായി വിരമിച്ചു. നിലവിൽ പടയാളി സമയം മാസികയുടെ പത്രാധിപരാണ്. ധാരാളം കൃതികൾ രചിച്ചിട്ടുണ്ട്. ദൂരദർശൻ അഡ്വൈസറി ബോർഡ് അംഗം, കേരള സാഹിത്യ അക്കാദമി അംഗം, കണ്ണൂർ ജില്ലാ സാക്ഷരത വിദഗ്ധ സമിതി ചെയർമാൻ, കണ്ണൂർ സർവ്വകലാശാല ബോർഡ് ഓഫ് സ്റ്റഡിസ് ചെയർമാൻ, കോഴിക്കോട് സർവ്വകലാശാല ഫോക് ലോർ സ്റ്റഡീസ് ബോർഡ് മെമ്പർ, കേരള ഫോക് ലോർ അക്കാദമി ചെയർമാൻ, സൗത്ത് ഇന്ത്യൻ കൾച്ചറൽ സെന്റർ അംഗം, മദ്യനിരോധന സമിതി ജില്ലാ പ്രസിഡന്റ്, മലയാള സർവ്വകലാശാല ജനറൽ കൗൺസിൽ അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിരുന്നു. നിരവധി ഗാന്ധിയൻ സംഘടനകളിലും സന്നദ്ധ സേവന സംഘടനകളിലും പ്രവർത്തിച്ചിട്ടുണ്ട്. മികച്ച സാംസ്കാരിക പ്രവർത്തകനുള്ള പ്രവാസി ചിരന്തന അവാർഡ്, ദേശീയോദ്ഗ്രഥന അവാർഡ്, അഭയദേവ് അവാർഡ്, ഗുരുശ്രേഷ്ഠ അവാർഡ്, ഉദയവർമ്മരാജ പുരസ്കാരം, ഭാഷാസമന്വയവേദി പുരസ്കാരം തുടങ്ങിയവ ലഭിച്ചിട്ടുണ്ട്.

### ഡോ. എം.എസ്.നായർ

കാസർകോട് കുട്ടമത്ത് സ്വദേശി. നാടക പ്രവർത്തകൻ. ഇന്ത്യൻ ഫിലോസഫിക്കൽ കോൺഗ്രസ്സ് സൗത്ത് ഇന്ത്യൻ ഹിസ്റ്ററി കോൺഗ്രസ്സ് എന്നിവയിൽ സ്ഥിരാംഗം. ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിചൽ ആൻറ് ട്രെഡിഷനൽ ആർട്സ് ഓഫ് ഇന്ത്യയുടെ സെക്രട്ടറി. കാസർഗോഡ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച് ആന്റ് ഡവലപ്പ്മെന്റിന്റെ ഡയറക്ടർ. കുട്ടമത്ത് കുന്നിയൂർ ഹെറിറ്റേജ് സെന്ററിന്റെ വൈസ് ചെയർമാൻ. കളക്ഷൻ ഓൺ മലബാർ എന്ന കണ്ണൂർ സർവ്വകലാശാല പ്രോജക്ടിൽ ലൈബ്രറി അഡ്വൈസറി കമ്മിറ്റി അംഗമാണ്. തത്വചിന്ത, സാമൂഹിക ചരിത്രം, ഫോക്ലോർ എന്നീ മേഖലകളിൽ ധാരാളം ഗവേഷണ പ്രബന്ധങ്ങൾ രചിച്ചിട്ടുണ്ട്. പതിനെട്ട് പുസ്തകങ്ങൾ രചിച്ച് പ്രസിദ്ധീകരിച്ചു. ശ്രീധരൻ മാമ്പറ്റ എന്ന തൂലികനാമത്തിലും രചനകൾ നടത്താറുണ്ട്. ഈ പേരിൽ കുട്ടികൾക്കുള്ള കഥാസമാഹാരം ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. കഴിഞ്ഞ പത്ത് വർഷത്തിലധികമായി മാസികം എന്ന പേരിൽ മാസം തോറും പ്രഭാഷണ-സംവാദപരമ്പര നടത്തുന്നു. ഏറ്റവും നല്ല നാടക രചനയ്ക്കുള്ള സമഷ്ടി പബ്ലിക്കേഷൻ പുരസ്കാരം, സാഹിത്യസാംസ്കാരിക രംഗത്തെ സമഗ്ര സംഭാവനയ്ക്ക് കടത്തനാട് ഉദയവർമ്മരാജ പുരസ്കാരം, വിവിധ സാംസ്കാരിക സംഘടനകളിൽ നിന്നുള്ള അവാർഡുകൾ എന്നിവ ലഭിച്ചിട്ടുണ്ട്.

### ഇമ്രാൻ.വി.എൻ.കെ.

കണ്ണൂർ കടവത്തൂർ സ്വദേശി. സ്വയം സംരംഭകൻ. ഗൾഫിലും ഇന്ത്യയിലുമായി വിവിധ വ്യവസായസ്ഥാപനങ്ങൾ നടത്തുന്നു. സ്കൂൾ കോളേജ് തലങ്ങളിൽ വിദ്യാർത്ഥികൾക്കായി പ്രഭാഷണങ്ങളും, മോട്ടിവേഷൻ ക്ലാസ്സുകളും നടത്തുന്നുണ്ട്. പതിനേഴ് വിദേകരാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ട്. നിലവിൽ പാനൂർ യെസ് അക്കാഡമി, കോഴിക്കോട് സോഷ്യൽ എയ്ഡ് ഫൗണ്ടേഷൻ, വയനാട് പീസ് വില്ലേജ്, കോഴിക്കോട് കെ.ഇ.ടി ഇംഗ്ലീഷ് മീഡിയം സ്കൂൾ, കണ്ണൂർ ഐഡിയൽ വെൽഫെയർട്രസ്റ്റ് എന്നീ എൻ.ജി.ഒ.കളുടെ ഭാരവാഹി പ്രവർത്തക സമിതി അംഗമാണ്.


വിജയ് നീലകണ്ഠൻ


ശ്യാം കുമാർ.എസ്.ആർ


ഐഷ റൂബി


ഡോ.കെ.കെ.ഗീതാകുമാരി

### വിജയ് നീലകണ്ഠൻ

കണ്ണൂർ തളിപ്പറമ്പ് സ്വദേശി. മണ്ണിനെയും മനുഷ്യരെയും സ്നേഹിക്കുന്നതോടൊപ്പം പ്രകൃതിയുടെ നേരറിവുകൾ തേടിയുള്ള യാത്രയിലാണ് താൽപര്യം. ഒമ്പതാം വയസ്സിൽ നടത്തിയ ആദ്യ വനയാത്ര മുതൽ ഇങ്ങേട്ട് മൂന്ന് പതിറ്റാണ്ടുകളിലേറെയായി രാജ്യത്താകമാനമുള്ള ദേശീയ വന്യമൃഗ സങ്കേതങ്ങളും ഉദ്യാനങ്ങളും സന്ദർശിച്ചിട്ടുണ്ട്. വിവിധ വർഗ്ഗത്തിൽപ്പെട്ട വന്യജീവികൾ പ്രകൃതിയുടെ സവിശേഷ സന്തുലനത്തിന് നൽകുന്ന സംഭാവനകളെ കുറിച്ചുള്ള പഠനത്തിനുപുറമെ വംശനാശം നേരിടുന്ന ജീവികളുടെ പ്രസക്തിയെ പുതുതലമുറയ്ക്ക് ബോധ്യപ്പെടുത്തുന്നതിലും പ്രത്യേകം ശ്രദ്ധിക്കുന്നു. പ്രകൃതിയും വന്യമൃഗ സംരക്ഷണത്തിനും കാടിന്റെ പരിരക്ഷണത്തിനുമായി പരിസരവാസികളെയും വിനോദ സഞ്ചാരികളെയും, സ്കൂൾ കുട്ടികളെയും ബോധവൽക്കരിക്കുന്നു. കൊട്ടിയൂരിൽ രാജവെമ്പാലയുടെ പത്തൊമ്പതോളം മുട്ടകൾ നൂറുദിവസം കാത്തുനിന്നു വിരിയിച്ചെടുത്ത സംഭവം ഏറെ ശ്രദ്ധേയമായി. തളിപ്പറമ്പിനെ ഭിക്ഷാടന വിമുക്ത വിശപ്പ് രഹിത നഗരമാക്കുവാൻ വേണ്ടിയുള്ള അത്താഴക്കൂട്ടം പരിപാടിയുടെ പ്രധാന സംഘാടകനാണ്. പെരുംചെല്ലൂർ സംഗീതസഭയുടെ സ്ഥാപകൻ എന്നതിനുപുറമെ. രാജ്യത്തെ പ്രഗൽഭരായ 32 ശാസ്ത്രീയ സംഗീതജ്ഞരുടെ കച്ചേരികൾ സംഘടിപ്പിച്ച് നടത്തിയിട്ടുണ്ട്.

### ശ്യാം കുമാർ.എസ്.ആർ

കൊല്ലം പട്ടാഴി സ്വദേശി. 2014-ൽ സ്വന്തം ഗ്രാമമായ പട്ടാഴിയിൽ രണ്ടേക്കർ സ്ഥലം വാങ്ങി അവിടെ നാടൻ പശു അധിഷ്ഠിത ജൈവകൃഷിയും ഗ്രാമത്തിന്റെ സമഗ്ര വികസനം എങ്ങനെ സാധ്യമാക്കാം എന്ന തത്വത്തിലൂന്നി അമ്പാടി ഗോശാല എന്ന സ്ഥാപനവും ആരംഭിച്ചു. ഏകദേശം തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള വിവിധ കൃഷി ഓഫീസുകളിൽ നിന്നും കർഷകരെ അമ്പാടി ഗോശാലയിൽ കൊണ്ടുവന്ന് പരിശീലനം നൽകിയിട്ടുണ്ട്. നാളിതുവരെ ഏകദേശം 15,000 -ൽപരം ആൾക്കാർ അമ്പാടി ഗോശാലയിൽ നിന്നും പരിശീലനം സിദ്ധിച്ചിട്ടുണ്ട്. ഏഷ്യാനെറ്റ് കീർത്തിമുദ്ര, സരോജിനി നായിഡുഫൗണ്ടേഷൻ, പട്ടാഴി കൃഷി ഓഫീസ്, റോട്ടറി ക്ലബ്ബ് കൊല്ലം യൂണിറ്റ്, ഭാഗവത സപ്താഹയജ്ഞം, വൈദ്യമഹാസഭ എന്നിവയുടെ അവാർഡുകൾ ബയോഡൈവേഴ്സിറ്റി ബോർഡ് അവാർഡ്, വൈഗ അവാർഡ്, ഭാരത് വികാസ് സംഘം, കൃഷിഭൂമി കൂട്ടായ്മ എന്നിവയുടെ പുരസ്കാരങ്ങൾ തുടങ്ങിയുള്ള അവാർഡുകൾക്ക് അർഹനായി. അമ്പാടി ഗോശാല നടത്തിവരുന്ന പരിശീലനങ്ങളും പ്രവർത്തനങ്ങളും മനസ്സിലാക്കി കേന്ദ്ര കൃഷി മന്ത്രലയത്തിന്റെ അധീനതയിൽ പ്രവർത്തിക്കുന്ന ഐ.സി.എ.ആർ.പണ്ഡിറ്റ് ദിനദയാൽ ഉന്നത്കൃഷി ശിക്ഷായോജന നടപ്പിലാക്കാൻ കേരളത്തിലെ ഒരേ ഒരു സെന്ററായി അമ്പാടി ഗോശാലയെ തിരഞ്ഞെടുത്തിട്ടുണ്ട്.

### ഐഷ റൂബി


പാലക്കാട് സ്വദേശി. ഫാഷൻ ഡിസൈൻ രംഗത്ത് സ്വയം സംരംഭക. കുട്ടികാലത്ത് തന്നെ പാവകൾക്ക് വ്യത്യസ്ത രീതിയിലുള്ള ഉടുപ്പുകളും തൊപ്പികളും കൈകൊണ്ട് തുന്നുമായിരുന്നു. പതിനെട്ടാം വയസ്സിൽ വീടിന് മുകളിൽ ടെയ്‌ലറിംഗ് യൂണിറ്റ് ആരംഭിച്ചു. ഇന്ന് ജിസിസി രാജ്യങ്ങളിൽ എല്ലാം സ്ത്രീകൾക്ക് വേണ്ടി തയ്യാറാക്കുന്ന വസ്ത്രങ്ങൾ എത്താറുണ്ട്. ജർമൻ ഗ്ലോബൽ ഇക്കണോമിക് ഫോറത്തിൽ ഇന്ത്യയിൽ നിന്നുള്ള സെനറ്റ് അംഗമാണ്. മോസ്കോയിൽനടന്ന ബ്രിക്സ് ഉച്ചകോടിയനുബന്ധിച്ച് നടന്ന ഫാഷൻഷോയിൽ കേരളത്തിൽ നിന്ന് പങ്കെടുത്ത ഏക ഫാഷൻ ഡിസൈനറാണ്. ലണ്ടനിൽ നിന്ന് ഫാഷൻ ഡിസൈനിംഗ് കോഴ്സ് വിജയിച്ചു. തുടർന്ന് റൂബി വെസ്റ്റൻ എക്സ്പോർട്ട്സ് എന്ന കമ്പനി തുടങ്ങുകയും ഒപ്പം മോഡലും ആയി. ചന്ദ്രനഗർ, തിരുപ്പൂർ, സൂറത്ത് എന്നിവിടങ്ങളിൽ ഫാക്ടറികൾ ഉണ്ട്. ഇവിടെ നിന്നുള്ള വസ്ത്രങ്ങൾ വിദേശരാജ്യങ്ങലിലേയക്ക് കയറ്റി അയക്കുന്നുണ്ട്. ഇരുന്നൂറോളം പേർക്ക് തൊഴിൽ നൽകുന്നു. അമ്മയുടെ പേരിൽ ആരംഭിച്ച മറിയം ഫൗണ്ടേഷൻ ഫോർ എംപവറിംഗ് വിമൻ എന്ന സംഘടനയുടെ സ്ഥാപകയും ഡയറക്ടറുമായി പ്രവർത്തിക്കുന്നു.

### ഡോ.കെ.കെ.ഗീതാകുമാരി

മലപ്പുറം സ്വദേശിനി, അദ്ധ്യാപിക, കാലിക്കട്ട് യൂണിവേഴ്സിറ്റിയുടെ വകുപ്പ് മേധാവിയായിരുന്നു. ഡീൻ, ഫാക്കൽറ്റി ഓഫ് ഇന്ത്യൻ ലാംഗ്വേജ് ആന്റ് ലിംഗ്വിസ്റ്റിക്സ് നാല് വർഷം, സി.സി.എസ്, എസ്,പി.ജി.ബോർഡ് അഡ്മിനിസ്ട്രേറ്റിവ് ഓഫീസർ, ഇന്റേണൽ കംപ്ലൈന്റ്സ് കമ്മറ്റി, കോഴിക്കോട് സർവ്വകലാശാല ചെയർപേഴ്സൺ, ഡോക്ടറൽ കമ്മറ്റി കോഴിക്കോട് സർവ്വകലാശാല ചെയർമാൻ, ഡോക്ടറൽ കമ്മറ്റി കണ്ണൂർ സർവ്വകലാശാല ചെയർമാൻ, മെമ്പർ സെനറ്റ് എന്നീ നിലകളിലും പ്രവർത്തിക്കുന്നു. ട്രാൻസ്ജെന്റർ സ്റ്റഡീസ് അക്കാദമിക് കൗൺസിൽ സംസ്കൃതം ബോർഡ് ഓഫ് സ്റ്റഡിസ് പി.ജി.യുടെ ചെയർപേഴ്സൺ, ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല, കണ്ണൂർ -കേരള സർവ്വകലാശാലകൾ, തിരുവനന്തപുരം, വിമല കോളേജ് ഇരിങ്ങാലക്കുട എന്നിവയുടെ പി.ജി.ബോർഡ് അംഗമായി പ്രവർത്തിച്ചിട്ടുണ്ട്. ഒട്ടേറെ നാഷണൽ, ഇന്റർ നാഷണൽ സെമിനാറുകളിൽ പങ്കെടുത്തു. മുപ്പതിലധികം പുസ്തകങ്ങൾ രചിച്ച് പ്രകാശനം ചെയ്തിട്ടുണ്ട്. സംസ്കൃത കൈരളി, ഇന്റേളജിക്കൽ റിസർച്ച് ജേണൽ കോഴിക്കോട് സർവ്വകലാശാലയുടെ എഡിറ്റർ ഓഫ് ജേർണൽ, റിസർച്ച് ജേണൽ,മാനുസ്ക്രിപറ്റ് ലൈബ്രറി, കേരള സർവ്വകലാശാല തിരുവനന്തപുരത്തിന്റെ എഡിറ്റോറിയൽ അംഗം എന്നിങ്ങനെയും പ്രവർത്തിച്ചിട്ടുണ്ട്.


ഡോ.ത്രേസ്യ.കെ.എക്സ്


ഡോ.എ.കെ.കസ്തൂർബ


അഖിലേഷ്.ടി.എസ്


മുഹമ്മദ് ഹനീഫ ഗുരുക്കൾ

### ഡോ.ത്രേസ്യ.കെ.എക്സ്

കോഴിക്കോട് ചേവയൂർ സ്വദേശി. അദ്ധ്യാപിക, സാഹിത്യകാരി, കാലിക്കട്ട് ഗേൾസ് ഹൈസ്കൂൾ മലയാളം അദ്ധ്യാപിക, ഹയർ സെക്കന്ററി ഇംഗ്ലീഷ് അധ്യാപിക എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചശേഷം കോഴിക്കോട് ബാബുരാജ് മെമ്മോറിയൽ മ്യൂസിക് അക്കാദമിയിൽ പ്രിൻസിപ്പലായി ജോലി ചെയ്തു. നിലവിൽ ഡിഗ്രിക്കും, പി.ജി.ക്കും ക്ലാസ്സ് എടുക്കുന്നു. കവിതാ സമാഹാരങ്ങളും, നോവലുകളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. രവീന്ദ്രനാഥ ടാഗോർ സ്മാരക അവാർഡ്. രാഷ്ട്രീയ കലാനിർമ്മാൺ അവാർഡ്, ഇന്ത്യൻ ഐക്കോണിക് പെർസണാലിറ്റി അവാർഡ്, പ്രീമിയം അവാർഡ്. ശാന്താദേവി അവാർഡ്, ബഷീർ അവാർഡ്,ഗോൾഡൻ അച്ചീവർ അവാർഡ്, എസ്.കെ.പൊറ്റക്കാട് അവാർഡ് തുടങ്ങിയുള്ള അവാർഡുകൾ ലഭിച്ചിട്ടുണ്ട്.

### ഡോ.എ.കെ.കസ്തൂർബ

രാജ്യത്തിനകത്തും പുറത്തുമുള്ള വിവിധ സർവ്വകലാശാലകളിൽ നിന്നും ബിരുദങ്ങൾ കരസ്ഥമാക്കി. 2013 ൽ ഫുൾബ്രൈറ്റ് നെഹ്റു ഫെല്ലോഷിപ്പ് ലഭിക്കുകയും അതിനോടനുബന്ധിച്ച് അമേരിക്കയിലുള്ള പതിനഞ്ച് സർവ്വകലാശാലകൾ സന്ദർശിക്കുകയും ചെയ്തു. ആഹാൻ യൂണിവേഴ്സിറ്റി (ജർമ്മനി) ഫെല്ലോഷിപ്പ്, സൊസൈറ്റി ഓഫ് ആർക്കിടെക്ചർ ഗെറ്റി ട്രാവൽ ഗ്രാന്റ് എന്നിവ ലഭിച്ചു. എൻ.ഐ.ടി കോഴിക്കോട് ആർകിടെക്ചർ ഡിപ്പാർട്ട്മെന്റിൽ ടീച്ചിംഗ് ഫാക്കൽറ്റിയായിരുന്നു. മൂന്നു തവണ വകുപ്പ് മേധാവിയായി സേവനമനുഷ്ഠിച്ചു. ആർക്കിടെക്ചർ കൺസർവേഷനിലെ പ്രാഗത്ഭ്യം പരിഗണിച്ച് അതുമായി ബന്ധപ്പെട്ട നിരവധി പ്രൊജക്ടുകൾ ഏറ്റെടുത്തിട്ടുണ്ട്. കോഴിക്കോട് നഗരത്തിലെ മുഖ്യപൈതൃക അടയാളങ്ങളായ കുറ്റിച്ചിറ മിശ്കാൽ പള്ളിയുടെയും തളി ക്ഷേത്രത്തിന്റെയും നവീകരണ പ്രോജക്ടുകൾ ഏറ്റെടുക്കുകയും പൂർത്തികരിക്കുകയും ചെയ്തതിന് ഹഡ്ക്കോ നാഷണൽ അവാർഡ് ലഭിച്ചു. കാവുസംരക്ഷണത്തിനു വേണ്ടിയുള്ള പദ്ധതിയിൽ സജീവമായി പ്രവർത്തിക്കുന്നു. ഒട്ടേറെ ഗവേഷണ പേപ്പറുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അഞ്ച് പുസ്തകങ്ങൾ എഴുതി പ്രസിദ്ധീകരിച്ചു. .ഏഴ് വിദ്യാർത്ഥികളെ ഗൈഡ് ചെയ്യുകയും പി.എച്ച്ഡി പൂർത്തികരിക്കുകയും ചെയ്തു. പതിനൊന്ന് റിസർച്ച് സ്കോളേഴ്സിന്റെ ഗൈഡായി പ്രവർത്തിക്കുന്നു. എൻ.ഐ.ടി.യോഗ ആന്റ് ഹോളിസ്റ്റിക്ക് വെൽനസ്സിന്റെ സ്ഥാപക ചെയർപേഴ്സണായിരുന്നു.

### അഖിലേഷ്.ടി.എസ്


മലപ്പുറം സ്വദേശി. സാമൂഹ്യ പ്രവർത്തകൻ. പ്രകൃതിക്ഷേഭ ഘട്ടങ്ങളിലും കോവിഡ് കാലത്തും ദുരിതബാധിതർക്ക് ആശ്വാസങ്ങൾ എത്തിച്ചു. കോവിഡ് കെയർ സെന്ററുകളുടെ ചുമതല വഹിക്കുകയും കോവിഡ് രോഗികളെ പരിചരിക്കുകയും വർക്ക്വേണ്ട സഹായങ്ങൾ ചെയ്തു കൊടുക്കുകയും ചെയ്തു. ഡോക്ടർ അറ്റ് ഡോർ എന്ന പദ്ധതിയുടെ തലപ്പത്ത് നിന്ന് പ്രവർത്തിക്കുകയുമുണ്ടായി. കപ്പ കർഷകരേയും മത്സ്യത്തൊഴിലാളികളെയും ചേർത്തു പിടുക്കുന്നതിനായി നടത്തിയ കപ്പ ചലഞ്ച് ഏറെ ശ്രദ്ധേയമായി. രക്തദാനം അടക്കമുള്ള പൊതുജന സേവന പ്രവർത്തനങ്ങളും നടത്തിവരുന്നു. മകളുടെ വിവാഹ സൽക്കാരത്തിന് ഹരിത പ്രോട്ടോക്കാൾ പാലിച്ചു കൈക്കൊണ്ട രീതിയിൽ ജില്ലാ ഭരണകൂടത്തിന്റെയും ജില്ലാ തദ്ദേശസ്വയംഭരണ വകുപ്പിന്റെയും എം.എൽ.എ.മാർ, വിവിധജനപ്രതിനിധികൾ, പൗരപ്രമുഖർ എന്നിവരുടെയും പ്രശംസക്ക് പാത്രീഭൂതനായി. നിലവിൽ മലപ്പുറം ജില്ലാ ശുചിത്വ മിഷനിൽ അസിസ്റ്റന്റ് കോ-ഓർഡിനേറ്ററായും, നാട്ടിലെ പൗരസമിതിയുടെ ചെയർമാനായും പ്രവർത്തിച്ചുവരുന്നു.

### മുഹമ്മദ് ഹനീഫ ഗുരുക്കൾ

മലപ്പുറം എടപ്പാൾ സ്വദേശി. കളരിപ്പയറ്റ് വിദഗ്ദൻ. സ്വന്തം പിതാവിൽ നിന്നും കളരി അഭ്യാസങ്ങൾ പഠിച്ച് ഏഴാമത്തെ വയസ്സിൽ അരങ്ങേറ്റം കുറിച്ചു. തുടർന്ന് പല വേദികളിലും കളരിപ്പയറ്റ് നടത്തിയിട്ടുണ്ട്. പതിനേഴാമെത്തെ വയസ്സ് മുതൽ പിതാവിന്റെ പല കളരികളുടേയും മേൽനോട്ടം നേരിട്ട് ഏറ്റെടുത്തു. കളരിപ്പയറ്റ് അസോസിയേഷൻ സെക്രട്ടറിയായി പ്രവർത്തിക്കുന്നു. കൂടാതെ സംസ്ഥാന ജോയിന്റ് സെക്രട്ടറിയും, ഇന്ത്യൻ കളരി ഫെഡറേഷൻ ടെക്നിക്കൽ അംഗമായും, മലപ്പുറം ജില്ല സ്പോർട്ട്സ് കൗൺസിൽ അംഗമായും പ്രവർത്തിക്കുന്നുണ്ട്. നിലവിൽ മലപ്പുറം എടപ്പാൾ അങ്ങാടിയിൽ എച്ച്.ജി.എസ്. എന്ന കളരി സ്ഥാപനം നടത്തിവരുന്നു. ജില്ലയിൽ തന്നെ ആദ്യമായി പെൺകുട്ടികളുടെ അരങ്ങേറ്റം ഈ കളരിയിലൂടെയാണ് നടന്നത്. അറുപതിലേറെ പെൺങ്കുട്ടികൾ പഠിക്കുന്നുണ്ട്. തിരുവനന്തപുരത്ത് വെച്ച് നടന്ന ഗുരുക്കൻമാരുടെ മത്സരത്തിൽ ഉറുമി വീശി സമ്മാനം നേടി. കേന്ദ്ര-സംസ്ഥാന മന്ത്രിമാരിൽ പലരിൽനിന്നും അനുമോദനങ്ങൾ ലഭിച്ചിട്ടുണ്ട്. എച്ച്.ജി.എസ് എന്ന പേരിൽ കർണ്ണാടകയിലും, തമിഴ്നാട്ടിലും, കേരളത്തിലെ തന്നെ പല ജില്ലകളിലും, ഗൾഫിലും കളരി ക്ലാസ്സ് നടത്തുന്നുണ്ട്.

# 'ഭാരത് സേവക്' ബഹുമതി നൽകി ആദരിച്ചു

**'ഭാരത് സേവക്' ബഹുമതികൾ ബി.എസ്.എസ് ചെയർമാൻ ബി.എസ്. ബാലചന്ദ്രൻ സമ്മാനിക്കുന്നു**



കെ.നാരായണൻ




കെ. ഉദയകുമാർ



അനിൽ വെന്നിക്കോട്



അഡ്വ.പി.കെ.ശങ്കരൻ കുട്ടി



അഡ്വ.കെ.കൃഷ്ണൻ നായർ

## കെ.നാരായണൻ

കാസർകോഡ് മടിക്കൈ സ്വദേശി. സാമൂഹ്യ - രാഷ്ട്രീയ പ്രവർത്തകൻ, ചെറുകിട കർഷകൻ. മടിക്കൈ പഞ്ചായത്തിലെ നാലാം വാർഡ് അംഗവും തുടർന്ന് വൈസ് പ്രസിഡന്റുമായി തിരഞ്ഞെടുക്കപ്പെട്ടു. സി.പി.ഐ. എം ലോക്കൽ സെക്രട്ടറിയായി പതിനൊന്ന് വർഷം പ്രവർത്തനം നടത്തിയിട്ടുണ്ട്. മടിക്കൈ പഞ്ചായത്തിലെ വിവിധ വികസന പ്രവർത്തനങ്ങൾക്കും കാർഷിക മേഖല അഭിവൃത്തിപെടുത്തുവാനും പ്രവർത്തിക്കുകയും. പാടശേഖര സമിതികൾക്ക് രൂപും നൽകി നെൽകൃഷി അഭിവൃദ്ധിപ്പെടുത്തുകയും ചെയ്തു. പഞ്ചായത്തിലെ ക്ഷീരകർഷകരെ ഉൾപ്പെടുത്തി മടിക്കൈ ക്ഷീരോപ്ദക സഹകരണ സംഘത്തെ പ്രവർത്തനക്ഷമമാക്കി. പാലിയേറ്റിവ് സൊസൈറ്റിയുടെ പ്രവർത്തനരംഗത്തും സജീവമായി ഇടപ്പെട്ടു. പാലിയേറ്റീവ് സൊസൈറ്റിയുടെ ജോയിന്റ് സെക്രട്ടറിയായി പ്രവർത്തിച്ചു വരുന്നു. മടിക്കൈ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ പി.ടി.ഐ. പ്രസിഡന്റ് എന്ന നിലയിൽ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് അംഗമെന്ന നിലയിൽ വിവിധ മേഖലയിലെ വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. മടിക്കൈ സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രസിഡന്റാണ്. സംസ്ഥാന ഗവൺമെന്റിന്റെ എക്സലൻസ് അവാർഡ് ലഭിച്ചിട്ടുണ്ട്. നിലവിൽ സി.പി.ഐ. എം നീലേശ്വരം ഏരിയ കമ്മറ്റി അംഗമായി പ്രവർത്തിക്കുന്നു.

## കെ. ഉദയകുമാർ

തിരുവനന്തപുരം സ്വദേശി. പരിസ്ഥിതി പ്രവർത്തകൻ. സുഗതകുമാരി ടീച്ചറോടൊപ്പം ഒരു വ്യാഴവട്ടക്കാലം പരിസ്ഥിതി സംരക്ഷണത്തിനുവേണ്ടി പ്രവർത്തിച്ചു. സെക്രട്ടേറിയറ്റ് നടയിലുൾപ്പെടെ ചരിത്രപ്രാധാന്യം അർഹിക്കുന്ന വൻ മരങ്ങൾ മുറിക്കുന്നതിനെതിരെ ജനപങ്കാളിത്തത്തോടെ പ്രതിഷേധിച്ചു. പൊതു സ്ഥലങ്ങളിലെ മരങ്ങൾ സംരക്ഷിക്കുന്നതിൽ സുഗതകുമാരി ടീച്ചറോടൊപ്പം ചേർന്ന് പ്രവർത്തിച്ചു. ഇതിലൂടെ പതിനായിരക്കണക്കിന് മരങ്ങളെ സംരക്ഷിക്കുവാൻ കഴിഞ്ഞു. മാലിന്യനിർമ്മാർജ്ജന രംഗത്തും മാതൃഭൂമിയും സായിഗ്രാമവുമായി ചേർന്ന് പ്രവർത്തിക്കുന്നുണ്ട്. പോത്തൻകോട്, മംഗലപുരം, പാറ്റൂർ റെസിഡന്റ് അസോസിയേഷനുകൾ സമ്പൂർണ്ണ മാലിന്യമുക്തമാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ആലപ്പുഴ സംരക്ഷണ സമിതിയിലും കിള്ളിയാർ സംരക്ഷണ സമിതിയിലും സജീവമായി പ്രവർത്തിക്കുന്നു.

## അനിൽ വെന്നിക്കോട്

തിരുവനന്തപുരം വർക്കല സ്വദേശി. സിനിമ-സീരിയൽ, ടെലിഫിലിം രംഗങ്ങളിൽ നടൻ, പ്രൊഡക്ഷൻ കൺട്രോളർ, സഹസംവിധായകൻ, പ്രൊഡക്ഷൻ മാനേജർ എന്നീ നിലകളിൽ പ്രവർത്തിക്കുന്നു. നിർമ്മാണരംഗത്തും ചുവടുവച്ചിട്ടുണ്ട്. ഒട്ടേറെ ചലച്ചിത്രങ്ങളിൽ പ്രശസ്ത നടീനടന്മാർക്കൊപ്പം അഭിനയിച്ചിട്ടുണ്ട്. പുതുതായി നിർമ്മിക്കുന്ന ഒട്ടേറെ ചിത്രങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നുണ്ട്.

## അഡ്വ.പി.കെ.ശങ്കരൻ കുട്ടി

തിരുവനന്തപുരം പരുത്തികുന്ന് സ്വദേശി. കവി, ഗാന രചയിതാവ്, വിവരാവകാശ പ്രവർത്തകൻ, കോളമനിസ്റ്റ് എന്നീ നിലകളിലും എംപ്ലോയിസ് വകുപ്പ് മുൻ ഡെപ്യൂട്ടി ഡയറക്ടർ, കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമി മുൻ സ്റ്റേറ്റ് കോ-ഓർഡിനേറ്റർ എന്നീ നിലകളിലും പ്രവർത്തിക്കുന്നു. ബാലസാഹിത്യം, യുദ്ധ വൈജ്ഞാനിക സാഹിത്യം, കവിതാ സമാഹാരങ്ങൾ, ചരിത്ര പുസ്തകങ്ങൾ, ജീവ ചരിത്രങ്ങൾ എന്നിവ രചിച്ചിട്ടുണ്ട്. മികച്ച സേവനത്തിന് സർക്കാരിൽനിന്നും ഗുഡ്സ് സർവ്വീസ് എൻട്രി, കാഷ് അവാർഡ്, തൊഴിൽ ദർശൻ അവാർഡ്, വികലാംഗക്ഷേമ പ്രവർത്തകനുള്ള അവാർഡ് തുടങ്ങിയുള്ള അവാർഡുകൾ ലഭിച്ചിട്ടുണ്ട്. കേന്ദ്ര വാർത്താ വിതരണ വകുപ്പിന് കീഴിലുള്ള മാധ്യമ ഏകോപന സമിതി അംഗം, തോന്നയ്ക്കൽ ആശാൻ സ്മാരക ഭരണസമിതി അംഗം, യൂണിവേഴ്സൽ സ്റ്റഡി സർക്കിൾ സെക്രട്ടറി, വേൾഡ് വിത്ത് ഔട്ട് വാർ ആന്റ് വയലൻസ് എന്ന ആഗോള സംഘടനയുടെ തെക്കൻ കേരള മേഖല സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിക്കുന്നു.

## അഡ്വ.കെ.കൃഷ്ണൻ നായർ

തിരുവനന്തപുരം പൗഡികോണം സ്വദേശി. ഇന്ത്യൻ ആർമിയിൽ പതിനഞ്ച് വർഷത്തെ സേവനം. പാകിസ്ഥാൻ അതിർത്തിയിൽ സേവനമനുഷ്ഠിക്കവേ പരിക്കുപറ്റി നാട്ടിൽ തിരിച്ചെത്തി. തുടർന്ന് സാക്ഷരത പദ്ധതിയിൽ മാസ്റ്റർ ട്രെയിനർ ആയി സേവനം നടത്തി. കുടുംബശ്രീകളിലും സ്കൂൾ- കോളേജുകളിലും ക്ലാസുകൾ എടുത്ത് കുട്ടികൾക്കും ടീച്ചേഴ്സിനും നിയമബോധനം നൽകിയിട്ടുണ്ട്. സെൻട്രൽ ജയിലിൽ തടവുകാർക്ക് യോഗ ക്ലാസ്സ്, നിയമ ബോധന ക്ലാസ്സ് തുടങ്ങിയവ നൽകുന്നു. പാവപ്പെട്ടവർക്കും, അശരണർക്കും നിയമസഹായം നൽകുന്നതിനൊപ്പം കുട്ടികളെ സൗജന്യമായി യോഗ, മെഡിറ്റേഷൻ, പ്രാണയാമം മുതലായവ പരിശീലിപ്പിക്കുകയും ചെയ്യുന്നു. ഇന്റർനാഷണൻ യോഗ അവാർഡ് ശാന്തിഗിരി ആശ്രമം മഠാധിപതിയിൽ നിന്ന് ലഭിച്ചിട്ടുണ്ട്. ഗാന്ധിദർശൻ പ്രോഗ്രാമിന് ഇന്ത്യൻ കൗൺസിൽ ഓഫ് ഗാന്ധിയൻ സ്റ്റഡിസ് ന്യൂഡൽഹി അവാർഡിനും അർഹനായി.



മധു പിലിക്കോട്



അഡ്വ. ഫസീഹ അബ്ദുൾ റഹീം



റെജീബ്ഖാൻ.എ



ഗിരിജ രവീന്ദ്രൻ

## മധു പിലിക്കോട്

കാസർകോഡ് പിലിക്കോട് സ്വദേശി. ദാരുശിൽപ്പി, ആർട്ടിസ്റ്റ്. കണ്ണൂർ, കാസർകോഡ് ജില്ലകളിലെ ക്ഷേത്ര കൊത്തുപ്പണികൾ ചെയ്യുന്നു. വ്യാളി മുഖം, ഉത്തരകേരളത്തിലെ അനുഷ്ഠാന കലാരൂപമായ തെയ്യങ്ങളുടെ ശിൽപ്പങ്ങൾ, ചിത്ര തൂണുകൾ, പ്രതിഷ്ഠാ പീഠങ്ങൾ തുടങ്ങി മരത്തിൽ എല്ലാവിധ അലങ്കാര പണികളും ചെയ്തു വരുന്നു. കേരള ലളിതകലാ അക്കാദമി 2022-ൽ കണ്ണൂർ ജില്ലയിലെ കെ.ജി.എസ്. കലാഗ്രാമത്തിൽ വെച്ചു നടത്തിയ റെസുർജെൻസ് 22- ദശദിന വുഡ് കാർവ്വിംഗ് ക്യാമ്പിൽ പങ്കെടുത്തിട്ടുണ്ട്. മരത്തിലും, സിമന്റിലും നിരവധി ശിൽപ്പങ്ങൾ നിർമ്മിച്ചിട്ടുണ്ട്. നിരവധി ക്ഷേത്രങ്ങളുടെയും സാംസ്കാരിക സംഘടനകളുടെയും പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. 2025-ലെ നാഷണൽ ടാലന്റ് അവാർഡിനും അർഹനായി.

## അഡ്വ. ഫസീഹ അബ്ദുൾ റഹീം

തിരുവനന്തപുരം സ്വദേശി. അഡ്വക്കേറ്റ്, സാമൂഹ്യ പ്രവർത്തക. ജീവകാരുണ്യ പ്രവർത്തനങ്ങളിൽ സജീവം. വനിതകൾക്കും കുട്ടികൾക്കും, പിന്നോക്ക സമുദായങ്ങൾക്കും പിന്തുണ നൽകുന്ന നിരവധി സംഘടനകളുമായി ചേർന്ന് പ്രവർത്തിക്കുന്നു. ജയന്റ് എന്ന സമിതിയുടെ പ്രസിഡന്റായും, ജയന്റ്സ് ഇന്റർനാണൽ വെൽഫെയർ ഫൗണ്ടേഷന്റെ ഫെഡറേഷൻ ഓഫീസറായും പ്രവർത്തിച്ചിരുന്നു. നിലവിൽ പ്രവാസി വേൾഡ് മലയാളി കൗൺസിലിന്റെ ചെയർപേഴ്സനാണ്. അതോടൊപ്പം വോയിസ് ഓഫ് ഹ്യൂമൻ റൈറ്റ്സ് എന്ന ന്യായവാദി കൂട്ടായ്മയുടെ പ്രോത്സാഹകയായും പ്രവർത്തിക്കുന്നു. നിയമസഹായം, ക്ഷേമ പരിപാടികൾ, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഉറപ്പാക്കുന്നതിനായുള്ള പ്രവർത്തനങ്ങളിൽ സജീവമാണ്. തിരുവനന്തപുരം, എസ്.എ.ടി. ആശുപത്രിയുടെ ഉപദേശക സമിതി അംഗവുമാണ്.

## റെജീബ്ഖാൻ.എ

ആലപ്പുഴ ചാരുമൂട് സ്വദേശി. സാമൂഹ്യപ്രവർത്തകൻ, അഭിനേതാവ്. ഇരുപത്തിയൊന്ന് വർഷക്കാലമായി കെ.എസ്.ബിയിൽ എൻജിനീയറായി സേവനം അനുഷ്ഠിച്ചു വരുന്നു. സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ മേഖലകളിൽ സജീവ സാന്നിധ്യം. ചാരുമൂട് നൂറനാട് കെ.എസ്.ബി.യിൽ എഞ്ചിനിയർ ആയിരുന്നപ്പോൾ അതിനെ ഒരു മാതൃകാ ഓഫീസ് ആക്കി മാറ്റുകയുണ്ടായി. അപേക്ഷകർക്ക് ഇരുപത് മണിക്കൂർ കൊണ്ട് ഇലക്ട്രിക്ക് കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്. പ്രകൃതിക്ഷോഭങ്ങളിൽ രാപ്പകൽഭേദമെന്യേ ജനങ്ങളോടൊപ്പം നിന്ന് പ്രവർത്തിച്ചു. ജനപ്രിയ ഉദ്യോഗസ്ഥൻ എന്ന നിലയിൽ വ്യാപാരി-വ്യവസായി സംഘടന, വിവിധ രാഷ്ട്രീയ - മത സംഘടനകൾ, റെസിഡന്റ് അസോസിയേഷൻ ക്ലബ്ബുകൾ, ചുനക്കര പഞ്ചായത്ത് എന്നിവയിൽ നിന്നും അവാർഡുകൾ നേടിയിട്ടുണ്ട്. മാങ്കംകുഴി യുവജന കലാസമിതി എന്ന സാംസ്കാരിക സംഘടനയുടെ വൈസ് പ്രസിഡന്റും വെട്ടിയാർ ഹിദായത്തുൽ മുസ്ലിം ജമാഅത്തിന്റെ ജോയിന്റ് സെക്രട്ടറിയുമാണ്. ജീവകാരുണ്യപ്രവർത്തനങ്ങൾക്കൊപ്പം മദ്യം, മയക്കുമരുന്ന് എന്നിവയ്ക്കെതിരായുള്ള മോട്ടിവേഷൻ ക്ലാസ്സുകളും നടത്തുന്നു. സിനിമകൾ, ഷോർട്ട് ഫിലിമുകൾ, സീരിയലുകൾ എന്നീവയിൽ അഭിനയിച്ചിട്ടുണ്ട്.

## ഗിരിജ രവീന്ദ്രൻ

ഇടുക്കി സ്വദേശി. സാഹിത്യകാരി, അദ്ധ്യാപിക. സോഷ്യൽ മീഡിയയിൽ ഇരുന്നൂറ്റി അമ്പതോളം കവിതകൾ രചിച്ചിട്ടുണ്ട്. ആദിവാസി മധുവിനെ കുറിച്ച് എഴുതിയ കവിത സോഷ്യൽ മീഡിയയിൽ വൈറലായിട്ടുണ്ട്. ഫിലമെന്റ് കലാ സാഹിത്യവേദി പ്രസിദ്ധീകരിക്കുന്ന കേരളത്തിലെ 100 കവികളുടെ കവിതാ സമാഹാരത്തിൽ ഏറ്റവും നല്ല ഒന്നാമത്തെ കവിതയായി തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. നാലു കവിതാ സമാഹാരങ്ങൾ പുറത്തിറക്കിയിട്ടുണ്ട്. ഫിലമെന്റ് കലാസാഹിത്യവേദിയുടെ ഏറ്റവും നല്ല കവിയത്രിക്കുള്ള പുരസ്കാരം, വിശ്വമിത്ര പുരസ്കാരം, വിവിധ ഗ്രന്ഥശാലകളിൽ നിന്നുമുള്ള അനവധി പുരസ്കാരങ്ങൾ എന്നിവ ലഭിച്ചിട്ടുണ്ട്. ധാരാളം വീഡിയോ ആൽബങ്ങൾക്ക് ഗാനരചന നിർവഹിച്ചു. ജീവകാരുണ്യപ്രവർത്തനരംഗത്തും സജീവമാണ്.



ജുബൈദത് ബീവി.എസ്



അനീറ്റ സാം സാബു



അജീബ് കോമാച്ചി



ദേവിക പി.ആർ.

## ജുബൈദത് ബീവി.എസ്

കൊല്ലം സ്വദേശി. സാമൂഹ്യപ്രവർത്തക, ജീവകാരുണ്യ പ്രവർത്തക, സമൂഹത്തിൽ കാണുന്ന അതിക്രമങ്ങൾക്കെതിരെ ശബ്ദമുയർത്തുകയും അതിനെതിരെ നിയമപോരാട്ടം നടത്തുകയും ചെയ്തു വരുന്നു. ഭിന്നശേഷിക്കാരുടെയും, അഗതികളുടെയും അവകാശങ്ങൾക്ക് വേണ്ടിയും പ്രവർത്തിക്കുന്നതോടൊപ്പം മക്കാളാൽ ഉപേക്ഷിക്കപ്പെട്ട മാതാപിതാക്കൾക്ക് ആവശ്യമായ മാനസിക പിന്തുണ നൽകി അവരെ ശരണാലയത്തിൽ എത്തിക്കുകയും അവർക്ക് ആവശ്യമായ മാനസിക പിന്തുണ നൽകി അവരെ ശരണാലയത്തിൽ എത്തിക്കുകയും അവർക്ക് വേണ്ട നിയമസഹായം ലഭ്യമാക്കുകയും ചെയ്യുന്നു. കൂടാതെ നിർദ്ധനരായ കുടുംബങ്ങളിലെ പഠിക്കാൻ മിടുക്കരായ കുട്ടികൾക്ക് സ്പോൺസർമാരെ കണ്ടെത്തി കൊടുക്കുകയും രണ്ടുകുട്ടികളെ സ്പോൺസർ ചെയ്യുകയും ചെയ്യുന്നുണ്ട്. നിർധനരായ ഭിന്നശേഷികാർക്ക് ആവശ്യമായ വിൽചെയർ, വാക്കർ, കിടപ്പ് രോഗികൾക്ക് ബെഡ്, ഡയപ്പർ എന്നിവയും നൽകിവരുന്നു. സാമൂഹ്യസേവനത്തിന് 2024-ലെ ബി.ആർ.അംബേദ്കർ അവാർഡ് നേടിയിട്ടുണ്ട്. നിലവിൽ അഞ്ചാലുമൂട് ഐ.സി.ഡി.യിലെ അംഗനവാടി ടീച്ചറാണ്.

## അനീറ്റ സാം സാബു

തിരുനവന്തപുരം സ്വദേശി. സ്വയം സംരംഭക. നിലവിൽ ബിസിനസ്സ് ചെയ്യുന്നു. 2019-ൽ സ്വയം സംരംഭം എന്ന നിലയിൽ ലയാസ് കേക്സ് ആന്റ് ബേക്ക്സ് എന്ന ഒരു ബേക്കിംഗ് സംരംഭം ആരംഭിച്ചു. 2025-ലെ ഏറ്റവും നല്ല ഹോം ബേക്കർക്കുള്ള പുരസ്കാരത്തിന് അർഹയായി. ബെസ്റ്റ് ഫീമെയിൽ ഫോട്ടോഗ്രാഫർ അവാർഡ്, വിവിധ മേഖലകളിൽ കഴിവ് തെളിയിച്ചവർക്കുള്ള അവാർഡ്, വേൾഡ് മദേഴ്സ് ഹോം ഷെഫ് സംഘടിപ്പിച്ച കോമ്പറ്റീഷനിൽ കൾനറി സ്കിൽസ് അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ട്. ആത്മാവിൻ ശീലുകൾ എന്ന തൂലികനാമത്തിൽ ധാരാളം കവിതകൾ രചിച്ചിട്ടുമുണ്ട്.

## അജീബ് കോമാച്ചി

കോഴിക്കോട്. സ്വദേശി. സ്റ്റുഡിയോ ഫോട്ടോഗ്രാഫർ ആയി തുടക്കം. മാധ്യമം പത്രത്തിൽ ന്യൂസ് ഫോട്ടോഗ്രാഫർ ആയി പ്രവർത്തിച്ചിട്ടുണ്ട്. മലയാളിയുടെ മൈഗ്രേഷൻ സംബന്ധിച്ചുള്ള ഡോക്യുമെന്ററിക്കായി 35 ഓളം രാജ്യങ്ങളിൽ സഞ്ചരിച്ചു. പതിനെന്നോളം ഫോട്ടോ എക്സിബിഷനുകൾ നടത്തിയിട്ടുണ്ട്. എൻ.ഡി.തിവാരി നാഷണൽ ഫോട്ടോഗ്രാഫി അവാർഡ്, ഐ.എൻ.ബി. നാഷണൽ ഫോട്ടോഗ്രാഫി അവാർഡ്, കേരള സ്റ്റേറ്റ് ചൈൽഡ് വെൽഫെയർ അവാർഡ്, കേരള സ്റ്റേറ്റ് ഫോറസ്റ്റ് ആന്റ് വൈൽഡ് ലൈഫ് അവാർഡ്, കേരള സ്റ്റേറ്റ് അഡ്വെഞ്ചർ ഫോട്ടോഗ്രാഫി അവാർഡ് തുടങ്ങിയുള്ള അവാർഡുകൾ ലഭിച്ചിട്ടുണ്ട്, ഇന്ത്യയിലെ ആദ്യത്തെ ഫോട്ടോഗ്രാഫി തീം പാർക്ക് ആയ വയനാട്ടിലെ കോമാച്ചി പാർക്കിന്റെ സാരഥിയുമാണ്.


## ദേവിക പി.ആർ.

തൃശ്ശൂർ സ്വദേശി. ചേലക്കര എൽ.എഫ്. ജി.എച്ച്.എസിലെ ഒമ്പതാം ക്ലാസ്സ് വിദ്യാർത്ഥിനി. ജീവകാരുണ്യ പ്രവർത്തനങ്ങളിൽ തൽപര. സമ്മാനമായി ലഭിച്ച സൈക്കിൾ വിറ്റുകിട്ടിയ തുക കാൻസർ ബാധിച്ച് ഗുരുതരാവസ്ഥയിലായ രോഗിയുടെ ചികിത്സയ്ക്കായി വിനിയോഗിച്ചു. തന്റെ സ്വർണ്ണാഭരണങ്ങൾ പത്തനാപുരം ഗാന്ധിഭവനിലേയ്ക്ക് നൽകി. ഏറെ കഷ്ടത അനുഭവിച്ച സഹപാഠിക്ക് വീട് താമസയോഗ്യമാക്കുന്നതിന് വേണ്ട മുഴുവൻ തുകയും കണ്ടെത്താനായി. അവാർഡ് തുകകളായ 22,222 രൂപ വയനാട് ദുരിതബാധിതർക്ക് വേണ്ടി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് നൽകിയിട്ടുണ്ട്. തനിക്ക് സമ്മാനമായി ലഭിച്ച പഠനോപകരണങ്ങൾ 73 കുട്ടികൾക്കായി വിതരണം ചെയ്യാനായി അനാഥലായങ്ങൾ സാംസ്കാരിക സംഘടനകൾഎന്നിവർക്കും വീതിച്ചു നൽകി. കേരള പോലീസ് സംസ്ഥാനത്ത് ആദ്യമായി നടപ്പിലാക്കിയ യംങ് സിറ്റിസൺ അവാർഡ് അടക്കമുള്ള പുരസ്കാരങ്ങളുംൾ ഒട്ടേറെ സ്വീകരണങ്ങളും ലഭിച്ചു.

# ‘ഭാരത് സേവക്’ ബഹുമതി നൽകി ആദരിച്ചു

‘ഭാരത് സേവക്’ ബഹുമതികൾ ബി.എസ്.എസ് ചെയർമാൻ ബി.എസ്. ബാലചന്ദ്രൻ സമ്മാനിക്കുന്നു


ശ്രീശൈലം രാധാകൃഷ്ണൻ


പി.ടി. തമ്പി


പേരൂർക്കട മോഹനൻ


ജിഷ.പി


സ്നേഹ വിക്ടർ

## ശ്രീശൈലം രാധാകൃഷ്ണൻ

കാസർകോഡ് നീലേശ്വരം സ്വദേശി. ചലച്ചിത്ര സംഗീതസംവിധായകൻ, ഗാനരചിതാവ്. മുപ്പത് വർഷമായി സംഗീതരംഗത്ത് പ്രവർത്തിക്കുന്നു. ഒട്ടേറെ ഗാനങ്ങൾ രചിക്കുകയും സംഗീതം നൽകുകയും ചെയ്തു. പ്രശസ്തരായ പിന്നണി ഗായകരാണ് ഈ ഗാനങ്ങൾ ആലപിച്ചിരിക്കുന്നത്. ഡോ. എ.പി.ജെ. അബ്ദുൾ കലാം മെമ്മോറിയൽ ചാരിറ്റബിൾ സൊസൈറ്റി, ഫിലിം അച്ചീവ് മെന്റ് അവാർഡിന് അർഹനായി.

## പി.ടി. തമ്പി

കണ്ണൂർ ആലംകോട് സ്വദേശി. തേൻ കൃഷി വിദഗ്ധൻ. തേനീച്ച വളർത്തലും അതിനെക്കുറിച്ചുള്ള പഠനവും. തേനീച്ച തേൻ സംസ്ക്കരണം എന്നതിനെക്കുറിച്ചുള്ള ട്രെയിനിങ് നൽകുന്നു. സ്വന്തമായി മധുശ്രീ ഹണി ഫാം എന്ന സ്ഥാപനം തുടങ്ങിയിട്ടുണ്ട്. മനുഷ്യന് പോഷകമൂല്യമുള്ളതും ആരോഗ്യപരിപാലനത്തിനും പ്രയോജനകരവുമായ തേൻ ഉത്പ്പാദനത്തിന് ആക്കം കൂട്ടുന്നതിനായി നിരവധി പഠന ക്ലാസ്സുകളും, പരിശീലനവും നൽകി വരുന്നു. തേൻ എന്നർത്ഥമുള്ള ‘മധു’ എന്ന വാക്കും ബഹുമാനത്തെ ദ്യോതിപ്പിക്കുന്ന ‘ശ്രീ’ എന്ന അക്ഷരവും ചേർത്ത് മധുശ്രീ എന്ന പേരുനൽകിക്കൊണ്ടുള്ള തേൻ ഉത്പാദന കേന്ദ്രത്തിൽ സമാന്തരമായി കാർഷിക വിളകളും ഉത്പ്പാദിപ്പിച്ച് വരുന്നു. സരോജിനി ദാമോദരൻ ഫൗണ്ടേഷൻ ബാംഗ്ലൂരിന്റെ ഇൻസ്പെയർ അവാർഡ്, കൃഷിഭവന്റെ ബെസ്റ്റ് ഫാർമർ അവാർഡ്, കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ സുസ്ഥിരം അവാർഡ് ഫോർ ബി ഫീഡിങ്, പട്ടണക്കാട് കാർഷിക കോളേജിന്റെ ബെസ്റ്റ് സ്റ്റിംഗലെസ്സ് ബീ കീപ്പർ അവാർഡ്, കർമ്മ ശ്രീ എസ്.എച്ച്.ടി.കെ. അവാർഡ് തുടങ്ങിയ അവാർഡുകളും കാർഷിക മേഖലയിൽ നിരവധി ആദരവുകളും ലഭിച്ചിട്ടുണ്ട്.

## പേരൂർക്കട മോഹനൻ

തിരുവനന്തപുരം പേരൂർക്കട സ്വദേശി. ആരോഗ്യവകുപ്പിൽ 25 വർഷം സേവനമനുഷ്ഠിച്ചു. എൻ.ജി.ഒ അസോസിയേഷനിൽ ഡി.എച്ച്.എസ് ഏര്യാ കൺവീനറിൽ തുടങ്ങി ബ്രാഞ്ച് വൈസ്പ്രസിഡന്റ്, ജില്ലാ ജോയിന്റ് സെക്രട്ടറി, ജില്ല പ്രസിഡന്റ് സംസ്ഥാന സെക്രട്ടറിയേറ്റ് അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചു. പേരൂർക്കട ഗേൾസ് ഹൈസ്ക്കൂളിന്റെയും കവടിയാർ സാൻവേഷൻ ആർമി സ്ക്കൂളിന്റെയും പി.ടി.എ പ്രസിഡന്റ് ആയും സേവനം അനുഷ്ഠിച്ചു. കെ.പി.സി.സി ഗാന്ധി ദർശൻ വേദി ഗാന്ധിദർശൻ സമിതി എന്നിവയിൽ തിരു: ജില്ലാ ജനറൽ സെക്രട്ടറിയായും പ്രവർത്തിച്ചു. സന്നദ്ധ പ്രവർത്തനത്തിന് കേരള സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. പേരൂർക്കടയിൽ പ്രവർത്തിക്കുന്ന സലീം ബ്രദേഴ്സ് യൂത്ത് & സോഷ്യൽ ഡെവലപ്മെന്റിൽ 38 വർഷമായി. നിർദ്ധനരായ ക്യാൻസർ രോഗികളെയും കിടപ്പുരോഗികളെയും മറ്റും സഹായിക്കുന്നു.

## ജിഷ.പി

കോഴിക്കോട് ഉള്ളേരി സ്വദേശി. ട്രെയിനർ, മോട്ടിവേഷണൽ സ്പിക്കർ, സൈക്കോ സോഷ്യൽ കൗൺസിലർ, കവയിത്രി. ഒട്ടേറെ കവിതകളും കവിതാ സമാഹാരങ്ങളും രചിച്ചിട്ടുണ്ട്. ആൽബവും ഇറക്കിയിട്ടുണ്ട്. എസ്.കെ.പൊറ്റെക്കാട് അവാർഡ്, എഴുത്തുകൂട്ടം പുരസ്കാരം തുടങ്ങിയുള്ള അവാർഡുകൾ ലഭിച്ചിട്ടുണ്ട്. വഴിക്കാട്ടി, സൈക്ക്യാസ്ട്രി ഹോസ്പിറ്റൽ, ജൻശിക്ഷൻ സൻസ്ഥാൻ, ഭൂമിക തൃശ്ശൂർ, വൺ സ്റ്റോപ്പ് സെന്റർ എന്നിവിടങ്ങളിൽ ജോലി നോക്കിയിട്ടുണ്ട്. നിലവിൽ കൗൺസിലർ ആയി പ്രവർത്തിക്കുന്നു. അതോടൊപ്പം പേരന്റിംഗ് ക്ലീനിക്ക്, സപ്പോർട്ട് പേർസൺ എന്നിവയിലും സേവനം അനുഷ്ഠിക്കുന്നു. കുടാതെ വയനാട് ഉരുൾപ്പൊട്ടലിൽ മേപ്പാടി അരപ്പറ്റ സ്കൂളുകളിൽ താമസിക്കുന്ന അന്തേവാസികൾക്കൊപ്പം നിന്ന് കൊണ്ട് കൗൺസിലിംഗ് സേവനം നൽകിയിട്ടുണ്ട്.

## സ്നേഹ വിക്ടർ

തിരുവനന്തപുരം പേയാട് സ്വദേശി. കവയിത്രി, അദ്ധ്യാപിക, മോട്ടിവേഷൻ സ്പീക്കർ. എസ്.സി.ആ.ആർ.ടി.യുടെ പാഠപുസ്തക രചന കമ്മറ്റിയംഗം, ഇംഗ്ലീഷ് ഭാഷാ നൈപുണ്യം വർദ്ധിപ്പിക്കാൻ സർക്കാർ നടപ്പാക്കുന്ന ഗോടെക് (GOTEC) എന്ന പദ്ധതിയുടെ കോർ ടീം അംഗം, സാമൂഹിക -ചാരിറ്റി-ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ സജീവമാണ്. രക്തദാതാവുമാണ്. വിവിധ സാഹിത്യ-കവിതാ രചനകൾക്കൊപ്പം ഇംഗ്ലീഷ്, അദ്ധ്യാപക മത്സരത്തിൽ ഒന്നാം സ്ഥാനം ലഭിച്ചിട്ടുണ്ട്. 2020-ൽ ആദ്യ ഇംഗ്ലീഷ് കവിതാസമാഹാരവും പ്രസിദ്ധീകരിക്കുകയുണ്ടായി. ബുക്ക് കഫേ സാഹിത്യ പുരസ്കാരം, സാഹിത്യ മാർഗ്ഗദർശി പുരസ്കാരം, പൊയറ്റ്പൗരി എന്ന കവിതാ സമാഹാരത്തിന് വജ്ര ബുക്ക് ഓഫ് വേൾഡ് റിക്കാർഡ്സ് എന്നിവയ്ക്കും അർഹയായി.


കെ.എസ്.രമേശ്


എസ്.എസ്.ബാലസുബ്രമണ്യൻ


അരുൺ കുമാർ


രവീന്ദ്രൻ കൊടക്കാട്

## കെ.എസ്.രമേശ്

പത്തനംതിട്ട മല്ലപ്പള്ളി സ്വദേശി. പടയണി കോലമെഴുത്ത് രംഗത്ത് സംസ്കൃതി ട്രസ്റ്റ് ഓഫ് ഗണക എന്ന ട്രസ്റ്റിലും പൊതു രംഗത്തും പടയണി കോലമെഴുത്ത് ആശാൻ അഥവാ അദ്ധ്യാപകൻ എന്ന നിലയിൽ പ്രവർത്തിച്ചുവരുന്നു. കേരളത്തിലെ പ്രമുഖ ക്ഷേത്രങ്ങളിൽ പടയണി കോലമെഴുത്ത് അനുഷ്ഠിച്ചുവരുന്നു. താന്ത്രിക അനുഷ്ഠാനങ്ങൾ പഠിക്കുകയും യഥാവിധി അനുഷ്ഠിക്കുകയും ചെയ്തുപോരുന്നു. കേരള ഫോക് ലോർ അക്കാദമിയിൽ നിന്നും 2022 വർഷത്തെ മികച്ച കോലമെഴുത്ത് കലാകാരനുള്ള അവാർഡ് ലഭിച്ചു.

## എസ്.എസ്.ബാലസുബ്രമണ്യൻ

പാലക്കാട് സ്വദേശി. നാൽപ്പത് വർഷമായി കോലം വര കലാകാരൻ. ഇന്ത്യക്ക് അകത്തും, അറബ് എമിറേറ്റ്സ്, മൗറിഷ്യസ് എന്നീ രാജ്യങ്ങളിലും കോലം വരച്ച് പ്രദർശിപ്പിച്ചിട്ടുണ്ട്. പടിക്കോലം, എഴക്കോലം, രംഗോലി, പുള്ളികോലം, ഞെളികോലം എന്നിങ്ങനെ പലതരം കോലങ്ങൾ വരയ്ക്കുന്നതിൽ പ്രാഗൽഭ്യം തെളിയിച്ചിട്ടുണ്ട്. ക്ഷേത്രങ്ങൾ, കല്യാണമണ്ഡപങ്ങൾ തുടങ്ങിയവയിൽ കോലങ്ങൾ വരച്ചിട്ടുണ്ട്. കഴിഞ്ഞ പത്ത് വർഷങ്ങളായി രംഗവല്ലി ആർട്ട് ഫൗണ്ടേഷനുമായി സഹകരിച്ച് ക്ഷേത്രങ്ങളിൽ സൗജന്യമായി കോലംവരയ്ക്കുന്നു. പൊടികൊണ്ടും പെയിന്റുകൊണ്ടും കോലം വരയ്ക്കുന്നുണ്ട്. കേരള ബ്രാഹ്മണസഭയുടെയടക്കം ധാരാളം ക്ഷേത്രങ്ങളിൽ നിന്ന് ആദരവുകൾ ലഭിച്ചിട്ടുണ്ട്.

## അരുൺ കുമാർ

കോഴിക്കോട് നടുവണ്ണൂർ സ്വദേശി. സാമൂഹ്യപ്രവർത്തകൻ, സംവിധായകൻ, നിർമ്മതാവ്. തെരുവ് നാടക രംഗത്തിലൂടെയാണ് തുടക്കം. ഏകദേശം ഇരുപത്തിമൂന്നോളം പ്രോജക്ടുകൾ ചെയ്തു. പത്ത് വർഷത്തോളമായി ചലച്ചിത്രമേഖലയിൽ പ്രവർത്തിക്കുന്നു. ഷോർട്ട് ഫിലിമുകൾ, വെബ്സീരീസ് എന്നിവയുടെ സംവിധായകൻ ആണ്. സിനിമകൾക്കും ഷോർട്ട് ഫിലിമുകൾക്കും കഥയും തിരക്കഥയും സംഭാഷണവും രചിച്ചിട്ടുണ്ട്. ആൽബങ്ങളും ചെയ്തിട്ടുണ്ട്. മീഡിയ സിറ്റിയുടെ എ.ടി.ഉമ്മർ അവാർഡ് അടക്കം ചെറുതും വലുതുമായ ഒട്ടേറെ അവാർഡുകൾ ലഭിച്ചിട്ടുണ്ട്. ജീവകാരുണ്യ പ്രവർത്തനത്തിലും സജീവമാണ്. രക്തദാന സംഘടനയിലും പ്രവർത്തിക്കുന്നു. പ്രകൃതിക്ഷോഭ ഘട്ടങ്ങളിൽ ദുരന്തത്തിൽ പെട്ടവർക്ക് സഹായങ്ങൾ നൽകി. നിലവിൽ ശാസ്ത്ര സാഹിത്യ പരിഷത്ത് യൂണിറ്റ് സെക്രട്ടറിയാണ്.

## രവീന്ദ്രൻ കൊടക്കാട്

കാസർക്കോട് തൃക്കരിപ്പൂർ സ്വദേശി. അഞ്ചു വർഷം സേവനകാലാവധി ബാക്കി നിൽക്കേ ബി.എസ്.എൻ.എൽ -ൽ നിന്ന് സ്വയം വിരമിച്ച ശേഷം പൂർണ സമയ കർഷകനായി. മുഖ്യ കൃഷി നെല്ല്. കൂടാതെ മറ്റ് കൃഷികളും നടത്തി വരുന്നു. കർഷകർക്കായി നെൽവിത്തും, ഞാറ്റടിയും തയ്യാറാക്കി നൽകുന്നു. അരിയിൽ നിന്നും ഒമ്പതോളം മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുണ്ടാക്കി കൊടക്കാടൻസ് കൃഷിക്കൂട്ടത്തിന്റ പേരിൽ വിപണനം ചെയ്യുന്നു. കന്നുകാലി വളർത്തലിന് പുറമെ ശുദ്ധജല മത്സ്യകൃഷിയും ആരംഭിച്ചിട്ടുണ്ട്. സ്വന്തമായി ജൈവവള യൂണിറ്റ് പ്രവർത്തിപ്പിക്കുന്നു. കൊടക്കാടൻസ് ഡ്രൈ കൗഡങ്ങ് എന്ന പേരിൽ കാസർകോടൻ പശുവിന്റെ ചാണകപ്പൊടിയും കൊടക്കാടൻസ് അഗ്രീമിക്സ് എന്ന പേരിൽ ജൈവവളവും വിപണനം ചെയ്യുന്നു. നാടൻ വിത്തുകളുടെ സംരക്ഷണത്തിന് കാസർകോഡ് ജില്ലാ പഞ്ചായത്തിന്റെ ജിനോം സേവ്യർ പുരസ്കാരത്തിനും, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമ പഞ്ചായത്ത് അംഗീകാരങ്ങൾക്കും പുറമേ സരോജിനി ദാമോദരൻ ഫൗണ്ടേഷന്റെ അക്ഷയ ശ്രീ ജൈവകർഷക പുരസ്കാരം, കാൻഫെഡ് മടിക്കൈ കുഞ്ഞിക്കണ്ണൻ കർഷക പുരസ്കാരം, പുന്നക്കോടൻ വലിയ കുഞ്ഞമ്പു സ്മാരക കർഷക അവാർഡ്, കേരള കാർഷിക സർവ്വകലാശാലയുടെ അംഗീകാരം തുടങ്ങി ധാരാളം അവാർഡുകൾ ലഭിച്ചിട്ടുണ്ട്.


അമൃത.പി


ഗീതാഞ്ജലി.എൻ.


അനുരാജ് അശോകൻ


അനൈന മറിയ ജോർജ്

## അമൃത.പി

മലപ്പുറം രാമനാട്ടുകര സ്വദേശി. നർത്തകി. ഭരതനാട്യം, മോഹിനിയാട്ടം, കുച്ചിപ്പുടി, നാടോടി നൃത്തം തുടങ്ങിയ ഇനങ്ങളിലെല്ലാം പ്രാഗൽഭ്യം തെളിയിച്ചിട്ടുണ്ട്. കേരളോത്സവം പരിപാടിയിൽ എ ഗ്രേഡോടുകൂടി സമ്മാനം കരസ്ഥമാക്കിയിട്ടുണ്ട്. മത്സരങ്ങൾക്ക് പുറമെ നൃത്ത ശിൽപ്പങ്ങളിലും പ്രൊഡക്ഷൻ മേഖലയിലും പങ്കെടുത്തിട്ടുണ്ട്. നിരവധി അന്താരാഷ്ട്ര കോൺക്ലേവു കളിലും ഉത്സവങ്ങളിലും തുടങ്ങി ഒട്ടേറെ വേദികളിൽ നൃത്തം അവതരിപ്പിച്ചു. ഭിന്നശേഷിയുള്ള കുട്ടികളെ നൃത്തം പഠിപ്പിച്ചു കൊടുക്കുന്നു. ഇത്തരം കുട്ടികളെ നൃത്തം അഭ്യസിപ്പിക്കുന്നതുവഴി തെറാപ്പി എന്ന രൂപത്തിൽ അവരുടെ ഉള്ളിലെ കഴിവുകളെ പുറത്ത് കൊണ്ടുവന്നിട്ടുണ്ട്. സ്വന്തമായി ഐശ്വര്യ നൃത്ത വിദ്യാലയം എന്ന പേരിൽ ഒരു സ്ഥാപനം തുടങ്ങുന്നതിന് തുടക്കമിട്ടിരിക്കുകയാണ്.

## ഗീതാഞ്ജലി.എൻ.

തൃശ്ശൂർ തൈക്കാട്ടുശ്ശേരി സ്വദേശി. കവയിത്രി, കഥാകൃത്ത്. 2022-ൽ പ്രസിദ്ധീകരിച്ച കവിതാസമാഹാരമാണ് ആദ്യ പുസ്തകം. ഇരുപത് എഴുത്തുകാരെ ഉൾപ്പെടുത്തി 2023-ൽ സ്വസാഹിതി പബ്ളിക്കേഷൻസ് എന്ന സാഹിത്യ സംഘടന പ്രസിദ്ധപ്പെടുത്തിയ പുസ്തകത്തിന്റെ എഡിറ്ററായിരുന്നു. 2024-ൽ 122 എഴുത്തുകാരെ ഉൾപ്പെടുത്തിയുള്ള കവിതാ സമാഹാരം രണ്ടാമത്തേതായും എഴുപത്തിരണ്ട് എഴുത്തുകാരുടെ സ്കൂൾ ഓർമ്മകൾ മൂന്നാമത്തേതായും പ്രസിദ്ധീകരിച്ചു. കേരളത്തിലെ എല്ലാ ജില്ലകളിലുമുള്ള പ്രമുഖ എഴുത്തുകാർ ഈ പുസ്തകത്തിൽ തങ്ങളുടെ ഓർമ്മകൾ പങ്കുവെയ്ക്കുന്നു. ഓരോ വർഷവും വിവിധ ആശയങ്ങൾ ഉൾക്കൊള്ളുന്ന സമാഹാരങ്ങൾ പുറത്തിറക്കുന്നുണ്ട്. പല സാഹിത്യ ഗ്രൂപ്പുകളിൽ നിന്നും കഥയ്ക്കും, കവിതയ്ക്കുമുള്ള ധാരാളം സമ്മാനങ്ങൾ ലഭിച്ചിട്ടുണ്ട്.

## അനുരാജ് അശോകൻ

ആലപ്പുഴ ചേർത്തല സ്വദേശി. ശാന്തിധാം സിദ്ധ വൈദ്യമഠത്തിൽ നിന്നും പാരമ്പര്യ വൈദ്യത്തിൽ പ്രാഥമിക പരിശീലനം നേടിയിട്ടുണ്ട്. കൂടാതെ പാരമ്പര്യ ജ്യോതിഷത്തിലും പ്രാവണ്യം നേടി. ഇപ്പോൾ ജ്യോതിഷവും ആധുനിക ശാസ്ത്രവും എന്ന വിഷയത്തിൽ പഠനങ്ങൾ നടത്തുന്നു. പൂച്ചാക്കൽ എടപ്പങ്ങഴി ശ്രീകൃഷ്ണ സ്വാമി ക്ഷേത്രത്തിൽ ജ്യോതിഷം കൈകാര്യം ചെയ്യുന്നു. നിർധനരായ വിദ്യാർത്ഥികൾക്കായി ഇംഗ്ലീഷ് വ്യാകരണ ക്ലാസ്സുകളും തൊഴിൽ പരീക്ഷാ പരിശീലനക്ലാസ്സുകളും നടത്തിവരുന്നു. നിലവിൽ അടൂർ ശാന്തിധാം സിദ്ധവൈദ്യ ഗുരുകുലത്തിന്റെ പ്രസിഡന്റാണ്. പ്രഗൽഭരുടെ നേതൃത്വത്തിൽ പ്രധാന ജിവിതശൈലി രോഗങ്ങളെ കുറിച്ച് കുട്ടികളേയും, യുവതലമുറയേയും ബോധവാൻമാരാക്കുന്ന സൗജന്യ പ്രവർത്തന പദ്ധതികൾ വിദ്യാഭ്യാസ സ്ഥാപനങ്ങളും മറ്റ് സാമൂഹ്യ സ്ഥാപനങ്ങളുംവഴി നടപ്പിലാക്കിവരുന്നു.

## അനൈന മറിയ ജോർജ്

കോഴിക്കോട് സ്വദേശി. ഭരതനാട്യം, മോഹിനിയാട്ടം, കുച്ചിപ്പുടി എന്നിവയിൽ പ്രാവീണ്യം നേടി. 2017-28-ലെ സി.ബി.എസ്.ഇ. മത്സരത്തിൽ പങ്കെടുക്കുകയും ജില്ലാതലത്തിലും സംസ്ഥാനതലത്തിലും എ ഗ്രേഡ് കരസ്ഥമാക്കുകയും ചെയ്തിട്ടുണ്ട്. കോളേജ് തലത്തിൽ 2022-23-ലെ കലാതിലകമായിരുന്നു. തുടർന്ന് കേരള കാർഷിക സർവ്വകലാശാല നടത്തിയ ഇന്റർകൊളിജിയറ്റ് ആർട്സ് മത്സരത്തിൽ തുടർച്ചയായി രണ്ട് വർഷവും സമ്മാനം നേടിയിട്ടുണ്ട്. കൂടാതെ സിനിമാറ്റിക് സ്പോട്ട് കോറിയോഗ്രാഫിയിലും ഒന്നാംസ്ഥാനം ലഭിച്ചിട്ടുണ്ട്. മത്സരങ്ങൾക്ക് പുറമെ നിരവധി നൃത്ത ശിൽപ്പങ്ങളിലും, പ്രൊഡക്ഷൻ വർക്കുകളിലും പങ്കാളിത്തം രേഖപ്പെടുത്തിയിട്ടുണ്ട്. നിരവധി അന്താരാഷ്ട്ര കോൺക്ലേവുകളിലും ഉത്സവങ്ങളിലും നൃത്തം അവതരിപ്പിച്ചു.

# ‘ഭാരത് സേവക്’ ബഹുമതി നൽകി ആദരിച്ചു

‘ഭാരത് സേവക്’ ബഹുമതികൾ ബി.എസ്.എസ് ചെയർമാൻ ബി.എസ്. ബാലചന്ദ്രൻ സമ്മാനിക്കുന്നു



മുഹമ്മദ് റാഷിദ്


മിനി അനിൽ


ഋഷിക സാംബുക്ക്.കെ



പ്രിയങ്ക

### മുഹമ്മദ് റാഷിദ്

പാലക്കാട് സ്വദേശി. യുവ എഴുത്തുകാരൻ. സോഷ്യൽ മീഡിയയിൽ സജീവം. വിവിധ പ്രസിദ്ധീകരണങ്ങളിൽ രചനകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. മാസികകളിലും, ഓൺലൈൻ പത്രങ്ങളിലും സമകാലിന സംഭവങ്ങളും, വിഷയങ്ങളും ആണ് വിഷയമായി എടുക്കാറുള്ളത്. കേരള ബുക്ക് ഓഫ് റെക്കാർഡ്സിൽ അംഗീകാരം ലഭിക്കുകയും ഫെല്ലോഷിപ്പ് അർഹനാവുകയും ചെയ്തു. പെൻഡ്രൈവ് എന്ന പുസ്തകത്തിൽ അവസരം ലഭിക്കുകയും ഒമ്പത് വേൾഡ് റെക്കാർഡുകൾ ലഭിക്കുകയും ചെയ്തു. ആദ്യാക്ഷരം പഠിച്ച സ്കൂളിലേയ്ക്ക് തന്നെ വിശിഷ്ടാതിഥിയായി പോകാനുള്ള അവസരം കൂടി ലഭിച്ചു. നിലവിൽ ഗ്രാഫിക്സ് ഡിസൈനർ ആയി ജോലി നോക്കുന്നു.

### മിനി അനിൽ

എറണാകുളം മേക്കാട് സ്വദേശി. നർത്തകി. ചെറുപ്പത്തിലെ പാട്ടിലും, നൃത്തത്തിലും താൽപ്പര്യം ഉണ്ടായിരുന്നു. എന്നാൽ ശാസ്ത്രീയമായി ഈ കലകൾ പഠിക്കാൻ സാഹചാര്യം അനുകൂലം ആയിരുന്നില്ല. സംഗീതം കുറച്ചുനാൾ മക്കളോടൊപ്പം പഠിച്ചശേഷം നൃത്തം പഠിച്ചുതുടങ്ങി. ഇപ്പോൾ പല വേദികളിലും നൃത്തം അവതരിപ്പിക്കുന്നു എറണാകുളം കലൂർ ഇന്റർനാഷണൽ സ്റ്റേഡിയത്തിൽ നടന്ന ഗിന്നസ് ഡാൻസ് പരിപാടിയിൽ പങ്കെടുത്തിരുന്നു. പാവപ്പെട്ട കുട്ടികൾക്ക് നൃത്തം സൗജന്യമായി പഠിപ്പിക്കുന്നുണ്ട്.

### ഋഷിക സാംബുക്ക്.കെ

മലപ്പുറം സ്വദേശി. മെഡിക്കൽ ലാബ് ടെക്നീഷ്യൻ. കോവിഡ് 19 ബെസ്റ്റ് ബ്രിഗേഡ്മെമ്പറായി തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. നിലവിൽ മലപ്പുറം ജില്ലയിലെ പുത്തനത്തോണി ആസ്ഥാനമായി പ്രവർത്തിക്കുന്ന മിറാക്കിൾ ഗ്രൂപ്പിൽ പ്രവർത്തിച്ചുവരുന്നു. നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് നൂറുകണക്കിന് വനിതകൾക്ക് ഈ മേഖലയിൽ തൊഴിൽ പരിശീലനം നൽകി ജോലിക്ക് പ്രാപ്തരാക്കി. വ്യവസായ മേഖലയിലും ഗവേഷണ സ്ഥാപനങ്ങളിലും നിരവധി അക്കാദമിക് സെമിനാറുകൾ സംഘടിപ്പിക്കുകയും അതോടൊപ്പം വിദ്യാർത്ഥികളുട സർഗ്ഗവാസന പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി നിരവധി കലാപരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തുവരുന്നു. ആൾ കേരള മെഡിക്കൽ ലാബ് അസോസിയേഷൻ അംഗമാണ്. പരിശീലനത്തിന്റെ ഭാഗമായി നിരവധി അനുമോദനങ്ങളും പുരസ്കാരങ്ങളും ലഭിച്ചിട്ടുണ്ട്. നിരന്തരം വ്യത്യസ്തമായ രീതിയിലുള്ള ക്യാമ്പുകളും ഇൻഡസ്ട്രീവ് വിസിറ്റും കലാപരിപാടികളും സംഘടിപ്പിക്കാനും പ്രത്യേകം ശ്രദ്ധിച്ചിരുന്നു. നിരവധി വനിതകൾക്ക് തൊഴിൽ ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്. വനിതാ ശാക്തീകരണത്തിന് വേണ്ടി റസിഡൻഷ്യൽ ക്യാമ്പുകളും സംഘടിപ്പിച്ചുവരുന്നു.

### പ്രിയങ്ക

ആറ്റിങ്ങൽ കോരാണി സ്വദേശി. നർത്തകി. മോഹിനിയാട്ടം, ഭരതനാട്യം, കുച്ചിപ്പൂടി, കേരള നടനം തുടങ്ങിയ നൃത്തങ്ങളിൽ പ്രാഗൽഭ്യം തെളിയിച്ചിട്ടുണ്ട്. അഞ്ചുവർഷമായി ഇന്റർനാഷണൽ ടീം ആയ സമുദ്ര പെർഫോമിംഗ് ആർട്സിൽ നൃത്തം അഭ്യസിപ്പിച്ചുവരുന്നു. ഇന്ത്യക്കകത്തും പുറത്തുമായി നിരവധി വേദികൾ പ്രോഗ്രാം ചെയ്യുന്നു. 2010-ലെ കോമൺവെൽത്ത് ഗെയിംസിൽ അംഗമായിരുന്നു. സൂര്യഫെസ്റ്റ് അംഗമാണ്. മുദ്രഫെസ്റ്റുകൾ, ഫിലിംഫെസ്റ്റിവൽ, നിശാഗന്ധി ഫെസ്റ്റിവൽ എന്നിവിടങ്ങളിൽ നൃത്തം അവതരിപ്പിച്ചിട്ടുണ്ട്. നിലവിൽ ആറ്റിങ്ങലിൽ നാട്യോദയ ഡാൻസ് അക്കാഡമി എന്ന

സ്ഥാപനം നടത്തിവരുന്നു. അതോടൊപ്പം ഒന്നിലധികം സ്കൂളുകളിൽ ഡാൻസ് ടീച്ചർ ആയി സേവനമനുഷ്ഠിക്കുന്നുണ്ട്. ക്ലാസ്സിക്കൽ നൃത്തത്തിന്റെ മേക്കപ്പും ചെയ്യുന്നുണ്ട്.



സജിനി രാജീവ്



ലേഖ പ്രമോദ്



രുഗ്മിണി ടി.ആർ


തീർത്ഥ. എം

### സജിനി രാജീവ്

പാലക്കാട് തടുക്കാശ്ശേരി സ്വദേശി. സാമൂഹ്യപ്രവർത്തക. കഷ്ടപ്പെടുന്നവരേയും, രോഗികളെയും, മാറാരോഗികളായ കുട്ടികളെയും സഹായിക്കുകയും സൗജന്യമായി ചികിത്സ, ഭക്ഷണം എന്നിവ നൽകുകയും ചെയ്യുന്നു. അന്താരാഷ്ട്ര വൈദ്യഗവേഷണ സ്ഥാപനമായ വേൾഡ് റിഹാബിലിറ്റേഷൻ ഓർഗനൈസേഷൻ വഴി സൗജന്യ നേഴ്സിംഗ് സഹായവും ചെയ്തുവരുന്നുണ്ട്. ന്യൂട്രിഷൻ തെറാപ്പിസ്റ്റും നേഴ്സിംഗ് ഹെഡ്ഡുമായി പ്രവർത്തിച്ചുവരുന്നു. അനവധി ബഹുമതികൾക്കും ആദരവുകൾക്കും പുറമെ ദേശീയ പുരസ്കാരമായ ശ്രേഷ്ഠഭാരത പുരസ്കാരവും നേടിയിട്ടുണ്ട്. അതോടൊപ്പം ലോക സമാധാന സംഘനയുടെയും, ലോക പുനരധിവാസ സംഘടനയുടെയും കേരള ബെസ്റ്റ് ഡീഡ് ട്രസ്റ്റ് അന്താരാഷ്ട്ര യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലറുടെ ഔദ്യോഗിക സെക്രട്ടറിയായും സേവനമനുഷ്ഠിക്കുന്നു.

### ലേഖ പ്രമോദ്

കണ്ണൂർ ജില്ലയിൽ തളിപ്പറമ്പ് സ്വദേശിനി. കർണ്ണാടകയിലെ കൂർഗിൽ താമസം. പെൻ ഡ്രൈവ് എന്ന പുസ്തകത്തിന്റെ ഭാഗമായതിന് മഞ്ജരി ബുക്സിന്റെ പെൻ ഡ്രൈവ് വേൾഡ് സ്റ്റാർ ലിറ്ററേച്ചർ അവാർഡ്, റൈറ്റേഴ്സ് ഹട്ട് സെപ്ഷ്യൽ ജൂറി അവാർഡ്, കുടക് ജില്ലാ മലയാളി അസോസിയേഷൻ ആദരവ് എന്നിവ ലഭിച്ചിട്ടുണ്ട്. നാന്നൂറിലേറെ വരികളുള്ള ഒറ്റ കവിത മഞ്ജരി ബുക്സ് പ്രസിദ്ധീകരിച്ചു. കുടക് ജില്ലാ മലയാളി അസോസിയേഷൻ പ്രവർത്തകയാണ്. മലയാളി അസോസിയേഷന്റെ സജീവ പ്രവർത്തക, അവതാരക എന്നീ നിലയിലും കഴിവ് തെളിയിച്ചിട്ടുണ്ട്.

### രുഗ്മിണി ടി.ആർ

കോട്ടയം കല്ലറ സ്വദേശിനി. കലാസാംസ്കാരിക രംഗത്ത് സജീവം. സുവർണ തൂലികാപുരസ്കാരം, സുശ്രീ മിഷൻ പുരസ്കാരം, ടാഗോർ ലിറ്ററേച്ചർ അവാർഡ്, അയ്യപ്പപ്പണിക്കർ പുരസ്കാരം എന്നിവ ലഭിച്ചിട്ടുണ്ട്. വിവിധ ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ കഥകളും കവിതകളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൊച്ചി എഫ്.എം. റേഡിയോയിൽ കവിതകൾ പ്രക്ഷേപണം ചെയ്യുന്നുണ്ട്. രണ്ട് കവിതാ സമാഹാരങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

### തീർത്ഥ. എം

കണ്ണൂർ ജില്ലയിലെ പയ്യന്നൂർ സ്വദേശി. ഡാൻസിലും അഭിനയത്തിലും സബ്ജില്ല, ജില്ലാ തലങ്ങളിൽ നിരവധി സമ്മാനങ്ങൾ നേടി. ഡാൻസിന് സ്കൗട്ട് ആന്റ് ഗൈഡ്സിൽ രാജ്യപുരസ്കാരം ലഭിച്ചിട്ടുണ്ട്. വിനോദ കാന സംവിധാനം ചെയ്ത ഷോർട്ട്ഫിലിമിൽ അഭിനയിച്ചിട്ടുണ്ട്. സ്കൂൾ ജില്ലാ മത്സരങ്ങളിൽ നാടകത്തിന് എല്ലാവർഷവും ഏറ്റവും നല്ല നടിക്കുള്ള അവാർഡ് ലഭിച്ചിട്ടുണ്ട്. ജീവകാരുണ്യ പ്രവർത്തനങ്ങളും നടത്തുന്നു. ക്രാഫ്റ്റ് വർക്കും ചെയ്യുന്നു. നൂറിലധികം ആർട്ടുവർക്കുകൾ ചെയ്തുകഴിഞ്ഞു.

# ചരിത്രത്തിലെ മെയ്

### മെയ് 1

1890 മുതലാണ് മെയ് ഒന്ന് സാർവദേശീയ തൊഴിലാളിദിനമായി ആചരിച്ചു തുടങ്ങിയത്. തൊഴിൽ സമയം എട്ടു മണിക്കൂറായി പോരാട്ടത്തിലൂടെ നേടിയെടുത്തതിന്റെ ഓർമ്മയ്ക്കായാണ് മെയ് ദിനം ആഘോഷിക്കുന്നത്. 1889 ജൂലൈ 14ന് പാരീസിൽ ചേർന്ന രണ്ടാം ഇന്റർനാഷണലാണ് ചരിത്ര പ്രാധാന്യമുള്ള ഈ തീരുമാനമെടുത്തത്. 1923 മെയ് 1 ന് മദ്രാസിലെ മറീന ബീച്ചിൽ ചേർന്ന സമ്മേളനത്തിലാണ് ഇന്ത്യയിലാദ്യമായി മെയ്ദിനം ആചരിക്കുന്നത്.

### മെയ് 2

1952 - ലോകത്തിലെ ആദ്യത്തെ ജെറ്റ് വിമാനമായ ഡി ഹാവിലാൻഡ് കോമറ്റ് 1, ലണ്ടനിൽ നിന്ന് ജോഹന്നാസ്ബർഗിലേക്ക് ആദ്യ സർവീസ് ആരംഭിച്ചു.

1959 - ആദ്യത്തെ തെർമോപ്ലാസ്റ്റിക് പ്ലാന്റ് റിസ്രയിൽ തുറന്നു.

### മെയ് 3

1494 - ക്രിസ്റ്റഫർ കൊളംബസ് ജമൈക്ക ദ്വീപ് കണ്ടുപിടിച്ചു.

1913 - ഇന്ത്യയിലെ ആദ്യത്തെ മുഴുനീള ഫീച്ചർ ചിത്രമായ രാജാ ഹരിശ്ചന്ദ്ര തിയേറ്ററുകളിൽ റിലീസ്ചെയ്തു. ദാദാസാഹിബ്ഫാൽക്കെയുടെ ഇ ചിത്രം മുംബൈയിലെ ഗിർഗാവിലുള്ള കൊറോണേഷൻ സിനിമയിൽ പൊതുജനങ്ങൾക്കായി പ്രദർശിപ്പിച്ചു.

### മെയ് 4

1979 - മാർഗരറ്റ് താച്ചർ യു.കെ.യുടെ ആദ്യ വനിതാപ്രധാനമന്ത്രിയായി.

1979 - നാവികസേനയുടെ കപ്പലുകൾ, അന്തർവാഹിനികൾ, വിമാനങ്ങൾ, കര സ്റ്റേഷനുകൾ എന്നിവയ്ക്കിടയിലുള്ള UHF റേഡിയോ ആശയവിനിമയത്തിനായി ഉപയോഗിച്ചിരുന്ന യുഎസ് നാവികസേനയുടെ ഉപഗ്രഹ ആശയവിനിമയ സംവിധാനമായ Fltsatcom-2 നാസ വിക്ഷേപിച്ചു.

1989 - ഫ്ലോറിഡയിലെ കെന്നഡി ബഹിരാകാശ കേന്ദ്രത്തിൽ നിന്ന് നാസ മഗല്ലൻ ദൗത്യം ശുക്രനിലേക്ക് വിക്ഷേപിച്ചു.

### മെയ് 5

1961 - ബഹിരാകാശയാത്രികനായ അലൻ ഷെപ്പേർഡ് ബഹിരാകാശത്തേക്ക് യാത്ര ചെയ്യുന്ന ആദ്യത്തെ അമേരിക്കക്കാരനായി. മെർക്കുറി പ്രോഗ്രാമിന്റെ ഭാഗമായി ഫ്രീഡം 7 എന്ന ബഹിരാകാശ പേടകത്തിൽ അദ്ദേഹം 15 മിനിറ്റ് ഉപഭ്രമണപഥത്തിൽ പറന്നു.

### മെയ് 6

1967 - സാക്കിർ ഹുസൈൻ ഇന്ത്യയുടെ ആദ്യത്തെ മുസ്ലീം രാഷ്ട്രപതിയായി.

2005 - ലഷ്കർ-ഇ-തൊയ്ബയെ ഐക്യരാഷ്ട്രസഭ ഭീകര സംഘടനയായി പ്രഖ്യാപിച്ചു.

### മെയ് 7

1992 - സ്പേസ് ഷട്ടിൽ എൻഡവർ അതിന്റെ ആദ്യ ദൗത്യമായ STS-49- വിക്ഷേപിച്ചു.

### മെയ് 8

1886 - ലോകത്തിലെ ഏറ്റവും പ്രശസ്തമായ ശീതളപാനീയമായ കൊക്കകോളയുടെ ഉത്പാദനം ഇന്ന് ആരംഭിച്ചു. ജോൺ പിംബർട്ടൺ കാർബണേറ്റ് ചെയ്ത ഒരു പാനീയം നിർമ്മിച്ചു. പിന്നീടിത് കൊക്ക-കോള എന്ന പേരിൽ വിപണനം ചെയ്തു. 1888-ൽ, പിംബർട്ടൺ ഉടമസ്ഥാവകാശം ആസ ഗ്രിഗ്സ് കാൻഡ്‌ലർ എന്ന ബിസിനസുകാരന് വിറ്റു, അദ്ദേഹത്തിന്റെ മാർക്കറ്റിംഗ് തന്ത്രങ്ങൾ 20-ഉം 21-ഉം നൂറ്റാണ്ടുകളിലുടനീളം ആഗോള സോഫ്റ്റ്-ഡ്രിങ്ക് വിപണിയിൽ കൊക്കകോളയെ ആധിപത്യത്തിലേക്ക് നയിച്ചു.

### മെയ്9

1960 - ഗർഭനിരോധന ഗുളിക നിയമവിധേയമാക്കുന്ന ആദ്യ രാജ്യമായി യുഎസ്.

### മെയ്10

1994- ദക്ഷിണാഫ്രിക്കയുടെ ആദ്യത്തെ കറുത്ത വർഗക്കാരനായ പ്രസിഡൻറായി നെൽസൺ മണ്ടേല അധികാരമേറ്റു.

### മെയ്11

1987 - ആദ്യത്തെ ഹൃദയ -ശ്വാസകോശ മാറ്റിവക്കൽ ശസ്ത്രക്രിയ അമേരിക്കയിലെ ബാൾട്ടിമോറിൽ നടന്നു. സ്റ്റാൻഫോർഡ് സർവകലാശാലയിലെ ഡോ. ബ്രൂസ് റെയ്റ്റ്സ് ആണ് ഈ ശസ്ത്രക്രിയ നടത്തിയത്.

1997 - ഐ.ബി.എം. ഡീപ്പ് ബ്ലൂ സൂപ്പർ കമ്പ്യൂട്ടർ ഗാരി കാസ്പ്രോവിനെ ചെസ് മൽസരത്തിൽ തോല്പ്പിച്ച് ഒരു ലോകചാമ്പ്യനായ ചെസ് കളിക്കാരനെ തോല്പ്പിച്ച ആദ്യ കമ്പ്യൂട്ടറായി.

1998 - ഇന്ത്യ പൊഖ്റാനിൽ മൂന്ന്അണുപരീക്ഷണങ്ങൾ നടത്തി.

### മെയ്12

1965 - സോവിയറ്റ് യൂണിയന്റെ ബഹിരാകാശപേടകമായ ലൂണ 5 ചന്ദ്രനിൽ ഇടിച്ചുതകർന്നു.

### മെയ്13

2007 - കൊച്ചിയിൽ സ്മാർട് സിറ്റി സ്ഥാപിക്കാൻ കേരള സർക്കാരും ദുബായ് ടെക്നോളജി ആൻഡ് മീഡിയാ ഫ്രീ സോൺ അതോറിറ്റി(ടികോം)യും കരാർ ഒപ്പു വച്ചു

### മെയ്14

1926 നോർജ് എന്ന സെമി -റിജിഡ് ഇറ്റാലിയൻ നിർമ്മിത എയർഷിപ്പ്, ഉത്തരധ്രുവത്തിലേക്കുള്ള ആദ്യത്തെ സ്ഥിരീകരിച്ച യാത്ര നടത്തി. യൂറോപ്പിനും അമേരിക്കയ്ക്കും ഇടയിലുള്ള ധ്രുവ ഹിമപാളിക്ക് മുകളിലൂടെ പറന്ന ആദ്യത്തെ വിമാനം കൂടിയായിരുന്നു ഇത്.

1948 - ഇസ്രയേൽ സ്വതന്ത്ര രാജ്യമായി പ്രഖ്യാപിച്ചു. താൽകാലിക സർക്കാർ അധികാരത്തിലേറി.

### മെയ് 15

2010 - ജെസീക്ക വാട്സൺ ഒറ്റയ്ക്ക് ലോകമെമ്പാടും നിർത്താതെയും സഹായമില്ലാതെയും കപ്പൽ കയറുന്ന ഏറ്റവും പ്രായം കുറഞ്ഞ വ്യക്തിയായി. 2009 മെയ് മാസത്തിൽ ഔദ്യോഗികമായി പ്രഖ്യാപിച്ച ഈ യാത്ര 2010 മെയ് 15 ശനിയാഴ്ച ഉച്ചയ്ക്ക് 1:53 ന് വാട്സൺ സിഡ്നി ഹാർബറിൽ തിരിച്ചെത്തി.

### മെയ് 16

1929 - ലോകമെമ്പാടും ഓസ്കാർ അവാർഡുകൾ എന്നറിയപ്പെടുന്ന അഭിമാനകരമായ അക്കാദമി അവാർഡുകൾ ആദ്യമായി ഹോളിവുഡിലെ റൂസ്‌വെൽറ്റ് ഹോട്ടലിൽ വെച്ച് 1927, 1928 വർഷങ്ങളിലെ മികച്ച നേട്ടങ്ങളെ ആദരിക്കുന്നതിനായി 1929 മെയ് 16ന് നടന്നു.

1960 - ഇന്ത്യയ്ക്കും ഇംഗ്ലണ്ടിനുമിടയിൽ ടെലക്സ് സേവനം ആരംഭിച്ചു.

### മെയ്17

1998 - കുടുംബശ്രീ പദ്ധതി പ്രധാനമന്ത്രി അടൽ ബിഹാരി വാജ്പേയി മലപ്പുറത്ത് ഉദ്ഘാടനം ചെയ്തു.

### മെയ് 18

1974 - ഇന്ത്യ ആദ്യ ആണവ പരീക്ഷണം നടത്തി. രാജസ്ഥാൻ മരുഭൂമിയിലെ പൊഖ്റാനിൽ ഇന്ത്യ ഒരു ഭൂഗർഭ ആണവ പരീക്ഷണം നടത്തി. അതിന് ‘പുഞ്ചിരിക്കുന്ന ബുദ്ധൻ’ എന്ന രഹസ്യനാമമുണ്ട്.

### മെയ്19

1982 ലെ തിരഞ്ഞെടുപ്പിന് രാജ്യത്ത് ആദ്യമായി ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകൾ (ഇവിഎം) ഉപയോഗിച്ചു. എറണാകുളം ജില്ലയിലെ പറവൂർ നിയോജകമണ്ഡലത്തിലെ 50 ബൂത്തുകളിൽ ഇവിഎം ഉപയോഗിച്ചു .

### മെയ്20

1498 - വാസ്കോ ഡ ഗാമ കോഴിക്കോട് കപ്പലിറങ്ങി.

1570 - അബ്രഹാം ഓർടെലിയസ് നവീനരൂപത്തിലുള്ള ആദ്യ അറ്റ്ലസ് പുറത്തിറക്കി.

1983 - എയ്ഡ്സിനു കാരണമാകുന്ന വൈറസിന്റെ കണ്ടെത്തൽ പ്രസിദ്ധീകരിച്ചു.

### മെയ്21

1994 മെയ് 21 ന് ആദ്യമായി ഇന്ത്യയിലേക്ക് മിസ്സ് യൂണിവേഴ്സ് കിരീടം കൊണ്ടുവന്നുകൊണ്ട് സുസ്മിത സെൻ ചരിത്രം സൃഷ്ടിച്ചു. 1994 മെയ് 21 ന് സുസ്മിത സെൻ മിസ്സ് യൂണിവേഴ്സ് മത്സരം നേടിയപ്പോൾ, ഐശ്വര്യ റായ് മിസ്സ് ഇന്ത്യയായി കിരീടമണിഞ്ഞു.

### മെയ് 22

1906 - ഇന്ന് ഒളിമ്പിക്സ് എന്ന പേരിൽ പ്രശസ്തമായ 1906ലെ വേനൽക്കാല ഒളിമ്പിക്സ് ആഥൻസിൽ ആരംഭിച്ചു.

### മെയ് 23

1906 - റൈറ്റ് സഹോദരന്മാർക്ക് പറക്കും-യന്ത്രം എന്ന ആശയത്തിന് യു.എസ്. പേറ്റന്റ് നമ്പർ 821,393 പേറ്റന്റ് നൽകപ്പെടുന്നു.

### മെയ്24

1984 - കാസറഗോഡ് ജില്ല രൂപീകൃതമായി. അതിനുമുമ്പ് ഈ ഭൂവിഭാഗം കണ്ണൂർ ജില്ലയുടെഭാഗമായിരുന്നു. മഞ്ചേശ്വരം, കാസറഗോഡ്, ഹൊസ്ദുർഗ്, വെള്ളരിക്കുണ്ട് എന്നീ 4 താലൂക്കുകൾ അടങ്ങുന്നതാണ് കാസറഗോഡ് ജില്ല.

2001 - 15 വയസ് മാത്രം പ്രായമുള്ള ഷെർപ്പ ടെംബ ഷേരി, എവറസ്റ്റ് കീഴടക്കുന്ന ഏറ്റവും പ്രായം കുറഞ്ഞയാളായി.

### മെയ് 25

1963 - ചരിത്രത്തിൽ ആദ്യമായി 32 ആഫ്രിക്കൻ രാജ്യങ്ങൾ ഒന്നിച്ച് ആഫ്രിക്കൻ യൂണിയൻ രൂപീകരിച്ചു.

2013 - ജപ്പാനിലെ 80 വയസ്സുള്ള യുഷിരോ മിയൂറ എവറസ്റ്റ് കീഴടക്കുന്ന ലോകത്തിലെ ഏറ്റവും പ്രായം കൂടിയ വ്യക്തിയായി.

### മെയ്26

1889 - ഈഫൽ ടവറിന്റെ ലിഫ്റ്റ് ബഹുജനങ്ങൾക്കായി തുറന്നുകൊടുത്തു.

### മെയ് 27

1895 - ബ്രിട്ടീഷ് കണ്ടുപിടുത്തക്കാരനായ ബെർട്ട് ഏക്കർസ് ഫിലിം ക്യാമറ പ്രൊജക്ടറിന് പേറ്റന്റ് നേടി.

1997 - 20 ബ്രിട്ടീഷ് വനിതകളുള്ള ആദ്യ വനിതാ സംഘം ഉത്തരധ്രുവത്തിലെത്തി.

### മെയ്28

2002 - മാഴ്സ് ഒഡീസി ചൊവ്വയിൽ മഞ്ഞുകട്ടയുടെ വൻ നിക്ഷേപമുള്ളതായി സൂചിപ്പിക്കുന്ന തെളിവുകൾ കണ്ടെത്തി.

2008 - നേപ്പാളിനെ സ്വതന്ത്ര റിപ്പബ്ലിക്കാക്കി പ്രഖ്യാപിച്ചു

### മേയ് 29

1453 - ബൈസാന്റിൻ-ഒട്ടോമാൻ യുദ്ധത്തിൽ സുൽത്താൻ മെഹ്മദ് രണ്ടാമൻ ഫതീഹിന്റെ നേതൃത്വത്തിലുള്ള ഒട്ടോമാൻ പട കോൺസ്റ്റാന്റിനോപ്പിൾ പിടിച്ചടക്കി. ഇതോടെ ബൈസാന്റിൻ സാമ്രാജ്യത്തിന് അവസാനമായി.

1950 - വടക്കേ അമേരിക്കയെ ആദ്യമായി വലം വച്ച സെയിന്റ് റോച്ച് എന്ന കപ്പൽ നോവാ സ്കോടിയയിലെ ഹാലിഫാക്സിൽ എത്തിച്ചേർന്നു.

1953 - ടെൻസിങ് നോർഗേയും എഡ്മണ്ട് ഹിലാരിയും എവറസ്റ്റ് കൊടുമുടിയുടെ ഉച്ചിയിൽ എത്തിച്ചേർന്നു.

### മെയ് 30

1919 - ജാലിയൻവാലാബാഗ് കൂട്ടക്കൊലയിൽ പ്രതിഷേധിച്ച് രവീന്ദ്രനാഥ ടാഗോർ ‘സർ’ പദവി തിരിച്ചു നൽകി.

1975 - യൂറോപ്യൻ ബഹിരാകാശ ഏജൻസി രൂപീകൃതമായി.

1987 - ഗോവ രാജ്യത്തെ 25-ാമത്തെ പൂർണ്ണ സംസ്ഥാനമായി.

### മേയ് 31

1961 - റിപ്പബ്ലിക്ക്ഓഫ്സൗത്ത് ആഫ്രിക്ക രൂപവത്കരിച്ചു.

1987 - ലോകത്തിലെ ആദ്യത്തെ അംഗീകൃത സ്വകാര്യ എഫ്.എം. ചാനലായ അഥീന 98.4 എഫ്.എം. ഗ്രീസിൽ ആരംഭിച്ചു.

# ശീലത്തെ കൊണ്ടുനടക്കുക മനുഷ്യന്റെ ശീലം

(1 –ാം പേജിൽ നിന്നും തുടർച്ച)

റോഡിൽ ജാഥ നയിച്ചുമാത്രം ശീലമുള്ള ഇ.എം.എസ് മക്കളും മരുമക്കളുമൊക്കെയായി റോഡിന്റെ നടുവിലൂടെയായിരിക്കും നടക്കുക. ബസ്സുകളടക്കമുള്ള വാഹനങ്ങൾ ഓടിക്കുന്നവർ ഇ.എം.എസ്സിനെ കണ്ട് റോഡിന്റെ വശങ്ങളിലേയ്ക്ക് ഒതുങ്ങും. മനസ്സിൽ ഒരായിരം ചിന്തകളുമായി നടക്കുന്ന ഇ.എം.എസ് ഇതൊന്നും ശ്രദ്ധിക്കുന്നുണ്ടാവില്ല. ഒപ്പമുള്ളവർ “ഇത് ജാഥയല്ല” എന്നുപറഞ്ഞ് കളിയാക്കുമ്പോഴായിരിക്കും അദ്ദേഹം റോഡിന്റെ വശത്തേയ്ക്ക് മാറുകയെന്നും ഇ.എം.രാധ എഴുതിയിട്ടുണ്ട്.

എഴുത്തുകാരൻ ബി.എസ്. ബാലചന്ദ്രനും ഇ.എം.എസ്സിനെപ്പോലെ തന്നെ പറഞ്ഞുകൊടുത്ത് എഴുതിക്കുന്ന ശീലക്കാരനാണ്. എഴുത്താരംഭിക്കുന്നതിനുമുമ്പ് വിഷയത്തെക്കുറിച്ച് ചിന്തിച്ചിരിക്കുന്ന ശീലവും അദ്ദേഹത്തിനില്ല. തന്റെ മുന്നിലെ സന്ദർശകരുടെ തിരക്ക് തെല്ലൊന്ന് ശമിക്കുമ്പോൾ അദ്ദേഹം തന്റെ സ്ഥിരം കേട്ടെഴുത്തുകാരിലൊരാളെ വിളിപ്പിക്കും. അവരെത്തിയാലുടൻ തന്നെ മനസ്സിൽ സ്വരുകൂട്ടിവച്ചിട്ടുള്ളത് പറഞ്ഞുകൊടുക്കുകയായി. തുടർന്നങ്ങോട്ട് വാക്കുകളുടെ നിലയ്ക്കാത്ത പ്രവാഹമായിരിക്കും.

അതേപോലെ തന്നെ ഓഫീസ് ജോലികളിലേയ്ക്ക് കടക്കുംമുമ്പു തന്നെ പേനയുടെ പ്രവർത്തനക്ഷമത ഉറപ്പുവരുത്തുക എന്നതും അദ്ദേഹത്തിന്റെ ശീലമാണ്. അതിനുശേഷം മാത്രമേ അദ്ദേഹം ഓഫീസ് ജോലിയിലേയ്ക്ക് കടക്കാറുള്ളൂ. ഓഫീസിലെത്തിയാലുടനെയുള്ള മൗനപ്രാർത്ഥനയെന്ന ശീലംപോലെ തന്നെ ഇതിനും മാറ്റം വരാറില്ല.

സെൽഫോണിൽ സംസാരിച്ചുകൊണ്ടു നടക്കാതിരിക്കുന്നതും അദ്ദേഹത്തിന്റെ സ്വഭാവവും ശീലവുമാണ്. കാറിൽ നിന്നിറങ്ങി ഓഫീസിലേയ്ക്ക് കയറുന്നതിനിടയിലെ സെക്കന്റുകൾ മാത്രം നടക്കുവാനുള്ള ദൂരത്തുപോലും അദ്ദേഹം ഫോൺ ഉപയോഗിക്കാറില്ല. ഫോണിൽ സംസാരിച്ചുകൊണ്ടായിരുന്നു കാറിലെ യാത്രയെങ്കിൽ ഓഫീസിലെത്തിയാലും സംഭാഷണമവസാനിപ്പിച്ചതിനുശേഷം മാത്രമേ അദ്ദേഹം വാഹനത്തിൽ നിന്നും പുറത്തിറങ്ങാറുള്ളൂ.

കേരള കൗമുദി ദിനപ്പത്രത്തിന്റെ മാനേജിംഗ് എഡിറ്ററായിരുന്ന എം.എസ്. ശ്രീനിവാസന് (പത്രാധിപർ കെ. സുകുമാരന്റെ പുത്രൻ) ഒരു ശീലമുണ്ടായിരുന്നു. രാവിലെ ഓഫീസിലെത്തിയാലുടൻ അന്നത്തെ ഡയറിയിൽ ‘ഓം ശ്രീനാരായണായ’ എന്നെഴുതും. അതിന് ശേഷം മാത്രമേ മറ്റ് പ്രവർത്തികളിലേയ്ക്ക് കടക്കുകയുള്ളൂ.

കെ. കരുണാകരൻ സർക്കാരിന്റെ കാലത്ത് ആദിവാസികൾക്കായി ഒരു പാലം നിർമ്മിച്ചുകൊടുത്തു. ആറുനീന്തിക്കടന്ന് ചന്തയിലെത്തി വനവിഭവങ്ങൾ വിറ്റിരുന്ന ആദിവാസികളെ സഹായിക്കാൻ വേണ്ടിയായിരുന്നു അത്. പാലംപണി പൂർത്തിയായപ്പോഴും ആദിവാസികൾ നീന്തിത്തന്നെ ആറുകടന്നു. പക്ഷേ അത് പാലത്തിനടിയിലൂടെയായിരുന്നു! ഇത് സംബന്ധിച്ച് ആദിവാസിമൂപ്പൻ പറഞ്ഞത്രേ: “പാലം വന്നത് നന്നായി; നേരത്തെ പൊള്ളുന്ന വെയിലത്തായിരുന്നു നീന്തേണ്ടിയിരുന്നത്. ഇപ്പോൾ പാലത്തിന്റെ തണലിലൂടെ നീന്താം...” മുഖ്യമന്ത്രി കെ.കരുണാകരന്റെ പ്രൈവറ്റ് സെക്രട്ടറിയായിരുന്ന സി.വി. ആനന്ദബോസിന്റേതാണ് ഈ ആദിവാസിക്കഥ.

എഴുത്തുകാരനും ഗാനരചയിതാവുമായ ചൊവ്വല്ലൂർ കൃഷ്ണൻകുട്ടി മലയാള മനോരമ പത്രാധിപസമിതി അംഗമായിരിക്കേ ഓഫീസിലെത്തിയാൽ ആദ്യമായി പേപ്പറിൽ ‘ശ്രീ’ എന്നെഴുതും. അതിനുശേഷം മാത്രമേ ഹാജർപോലും രേഖപ്പെടുത്താറുണ്ടായിരുന്നുള്ളൂ.

മലയാളനാട് പത്രാധിപരായിരുന്ന എസ്.കെ. നായർ ഓഫീസിലെത്തിയാൽ ആദ്യം ചെയ്യുന്നത് മേശപ്പുറത്തെ പേപ്പറിൽ ‘ഓം’ എന്നെഴുതുകയായിരിക്കും. എസ്.കെ.യുടെ ശീലമറിയാവുന്ന കുമാരൻ നായർ (മലയാളനാട് ജനറൽ മാനേജർ) കൃത്യമായി മേശപ്പുറത്ത് വെള്ള പേപ്പർ വച്ചിട്ടുണ്ടാവും.

കമ്യൂണിസ്റ്റ് നേതാവായിരുന്ന പുതുപ്പള്ളി രാഘവൻ മരണം വരെയും വീടിനുമുന്നിലെ വാതിലിന് നേരെ മാത്രമേ കിടക്കാറുണ്ടായിരുന്നുള്ളൂ. ഒളിവിൽ കഴിഞ്ഞിരുന്ന കാലത്തെ ശീലമായിരുന്നു അത്. പോലീസുകാർ വരുന്നപക്ഷം പട്ടിയുടെ കുരകേട്ടാലുടൻ പിൻവാതിലിലൂടെ ഓടി രക്ഷപ്പെടാൻ വേണ്ടിയായിരുന്നു അത്. പിൻവശത്തെ വാതിൽ തുറന്നിട്ടിട്ടുമുണ്ടാവും. ഈ ശീലം ഒളിവ് ജീവിതത്തിനുശേഷവും തുടർന്നു. പക്ഷേവീട്ടിൽ പിൻവശത്തെ വാതിൽ തുറന്നിടാറുണ്ടായിരുന്നില്ലായെന്നുമാത്രം.

മുൻ ഡി.ജി.പിയും എഴുത്തുകാരനുമായ എൻ.കൃഷ്ണൻ നായർക്ക് എന്തെങ്കിലും എഴുതണമെങ്കിൽ വിരലുകൾക്കിടയിൽ സ്റ്റേറ്റ് എക്സ്പ്രസ് സിഗററ്റ് കൂടിയേതീരൂ. എഴുതാനായി പേന എടുക്കുന്നതിമുമ്പ് അദ്ദേഹം എടുക്കുന്നത് സിഗററ്റായിരിക്കും. അദ്ദേഹത്തിന്റെ ‘വിലങ്ങുകളേ വിട’ എന്ന നോവൽ എഴുതിത്തീർക്കാൻ വേണ്ടി ഏതാണ്ട് 3000ത്തോളം പാക്കറ്റ് സിഗററ്റ് വേണ്ടിവന്നു എന്നാണ് പത്നി പ്രൊഫ. സബിത വെളിപ്പെടുത്തിയിട്ടുള്ളത്.

## സംസ്കാരഭാരതം ‘ഗാനസദസ്സ്’

# ‘പാടാം നമുക്ക് പാടാം’ പരിപാടിയിൽ അറുപതിലേറെ ഗായകർ പങ്കെടുത്തു




*‘പാടാം നമുക്ക് പാടാം’ പരിപാടിയുടെ ഉദ്ഘാടനം നിർവ്വഹിച്ചുകൊണ്ട് പിന്നണി ഗായിക പത്മിനി വാര്യർ സംസാരിക്കുന്നു*

**തിരുവനന്തപുരം:** സംസ്കാരഭാരതം ഗാനസദസ്സിന്റെ ‘പാടാം നമുക്ക് പാടാം’ പരിപാടി പഴയകാല പിന്നണി ഗായിക പത്മിനി വാരിയർ ഉദ്ഘാടനം ചെയ്തു.

കവടിയാർ സദ്ഭാവനാ ഭവൻ ആഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ സംസ്കാരഭാരതം ട്രസ്റ്റ് ചെയർമാൻ ബി.എസ്. ബാലചന്ദ്രൻ അധ്യക്ഷനായിരുന്നു. ട്രസ്റ്റ് സെക്രട്ടറി ജയശ്രീകുമാർ സ്വാഗതം ആശംസിച്ചു. പരിപാടിയുടെ ഏകോപനം നിർവ്വഹിച്ചത് കൾച്ചറൽ റിലേഷൻസ് ഓഫീസർ സ്മിതാ മനോജ്.

# ‘പ്രതിഭകൾക്കൊപ്പം’ പ്രതിമാസ പരിപാടി ഡോ. രമേശ് ഇളമൺ നമ്പൂതിരി ഉദ്ഘാടനം ചെയ്തു



*‘പ്രതിഭകൾക്കൊപ്പം’ പരിപാടി ഡോ. രമേശ് ഇളമൺ നമ്പൂതിരി ഉദ്ഘാടനം ചെയ്യുന്നു*

**തിരുവനന്തപുരം:** വ്യത്യസ്ത മേഖലകളിൽ നിന്നുള്ള പ്രതിഭകളെ പങ്കെടുപ്പിച്ചുകൊണ്ട് ഭാരത് സേവക് സമാജ് സംഘടിപ്പിച്ച ‘പ്രതിഭകൾക്കൊപ്പം’ പരിപാടി ബി.എസ്.എസ് കേരള ഘടകം ചെയർമാനും എഴുത്തുകാരനുമായ ഡോ. രമേശ് ഇളമൺ നമ്പൂതിരി ഉദ്ഘാടനം ചെയ്തു.

സംസ്കാരഭാരതം ചെയർമാൻ ബി.എസ്. ബാലചന്ദ്രന്റെ അധ്യക്ഷതയിൽ കവടിയാർ സദ്ഭാവനാ ഭവൻ ആഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ ബി.എസ്.എസ് ഡയറക്ടർ ജനറൽ മഞ്ജു ശ്രീകണ്ഠൻ സ്വാഗതമാശംസിച്ചു.

ഭാരത് സേവക് സമാജിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും കൈവരിച്ച നേട്ടങ്ങളെക്കുറിച്ചും ഉദ്ഘാടന പ്രസംഗത്തിൽ അഭിമാനത്തോടെ ചൂണ്ടിക്കാട്ടിയ ഡോ. രമേശ് ഇളമൺ നമ്പൂതിരി അതിനായി വളവും വെള്ളവും നൽകിയ പ്രമുഖരും പ്രഗത്ഭരുമായ ഓരോരുത്തരേയും സ്നേഹാദരങ്ങളോടെ അനുസ്മരിക്കുകയുമുണ്ടായി.

അസിസ്റ്റൻറ് ഡയറക്ടർ ലീനാ മാത്യു നന്ദി രേഖപ്പെടുത്തി.

## ഗാന്ധി ഭാരത്

# ഗാന്ധിജിയും- യെർവാഡ സെൻട്രൽ ജയിലും




ശ്രീലത എ.പി

തുടർച്ച....

1871-ൽ ബ്രിട്ടീഷുകാർ നിർമ്മിച്ച മഹാരാഷ്ട്രയിലെ പൂനയിലുള്ള ഏറ്റവും വലിയ ഉയർന്ന സുരക്ഷാജയിലാണ് യെർവാഡസെൻട്രൽ ജയിൽ. 2017-ൽ കണക്കെടുക്കുമ്പോൾ 5000-ത്തിലധികം തടവുകാരെ ഇവിടെ പാർപ്പിച്ചിട്ടുണ്ട്. 150-വർഷം പഴക്കമുള്ള യെർവാഡ ജയിലിന്റെ ചരിത്രത്തിൽ സംഭവബഹുലമായ പല അധ്യായങ്ങളും കാണാം.

അവയെല്ലാം ഇന്ത്യൻ സ്വാതന്ത്ര്യ സമരവുമായി ചേർന്ന് നിൽക്കുന്നതാണ്. മഹാത്മാഗാന്ധി, ജവഹർലാൽനെഹ്റു, നേതാജി സുഭാഷ്ചന്ദ്രബോസ്, ബാലഗംഗാധരതിലക്, ജോക്കിം ആൽവ, വിനായക് ദാമോദർ, സവർക്കർ, കിസാൻമേത്ത തുടങ്ങി അടൽ ബിഹാരി വാജ്പേയ് വരെ ഇവിടെ തടവിൽ കഴിഞ്ഞിട്ടുണ്ട്.

1932-ൽ ഇന്ത്യയിലെ തിരഞ്ഞെടുപ്പു സമ്പ്രദായത്തെ ജാതിയുടെ അടിസ്ഥാനത്തിൽ വേർതിരിക്കാനുള്ള ബ്രിട്ടീഷ് സർക്കാരിന്റെ തീരുമാനത്തിൽ പ്രതിഷേധിച്ച് മഹാത്മാഗാന്ധി യെർവാഡ ജയിൽ കഴിയുകയും നിരാഹാരസമരം നടത്തുകയും ചെയ്തു. 1932- സെപ്റ്റംബർ 24-ന് പൂന കരാർ ഒപ്പ് വച്ചതും ഇതേ ജയിലിൽ വച്ചായിരുന്നു. ഡോ. ബി.ആർ. അംബേദ്കർ മഹാത്മാഗാന്ധിജിയും തമ്മിലാണ് കരാർ ഒപ്പ് വച്ചത്.



യെർവാഡ സെൻട്രൽ ജയിലിൽ ദളിതർക്ക് പ്രത്യേക നിയോജക മണ്ഡലങ്ങൾ നൽകുന്നതിനെ എതിർത്ത് കൊണ്ട് മഹാത്മാഗാന്ധി നിരാഹാരം നടത്തി. ബ്രിട്ടീഷ് പ്രധാനമന്ത്രി റാംസെമക് ഡൊണാൾഡ് അടിച്ചമർത്തപ്പെട്ട വിഭാഗങ്ങൾക്ക് പ്രത്യേക നിയോജക മണ്ഡലങ്ങൾ അനുവദിച്ചതിൽ പ്രതിഷേധിച്ച് ഗാന്ധിജി ജയിലിൽ നടത്തിയ നിരാഹാരം ഈ ഉടമ്പടിയോടെ അവസാനിച്ചു.

ബ്രിട്ടീഷ്- ഇന്ത്യൻ പാർലമെന്റിലെ തിരഞ്ഞെടുപ്പ് സീറ്റുകളുടെ സംവരണം അടിച്ചമർത്തപ്പെട്ട വിഭാഗങ്ങൾക്ക് നൽകുന്നതിനായി 1932-ൽ ഒപ്പുവച്ച കരാറിനെയാണ് പൂനകരാർ സൂചിപ്പിക്കുന്നത്. ലോർഡ് വില്ലിംഗ് ടണിന്റെ കാലത്താണ് ഇത് ഒപ്പുവച്ചത്. പൂന യെർവാഡ സെൻട്രൽ ജയിലിൽ ഡോ.ബി.ആർ. അംബേദ്കറിനും മഹാത്മാഗാന്ധിക്കും വേണ്ടി മദൻ മോഹൻ മാളവ്യയാണ് ഇതിൽ ഒപ്പിട്ടത്. 1942-ൽ ക്വിറ്റ് ഇന്ത്യാ പ്രസ്ഥാനത്തിലും മറ്റ് സേനാനികൾക്കൊപ്പം ഗാന്ധിജി യെർവാഡാ ജയിലിൽ കിടന്നിരുന്നു.

യെർവാഡ ജയിലിൽ ഗാന്ധിയൻ തത്വങ്ങൾ പ്രചരിപ്പിക്കുന്നതിനായി രൂപകൽപന ചെയ്ത ഒരു പരിപാടി 2002-ൽ സഹ്യോഗ് ട്രസ്റ്റിന്റെ സ്ഥാപകനായ അസിം സരോഡ് യെർവാഡ ജയിലിൽ അവതരിപ്പിച്ചു. പരിപാടിയുടെ ഭാഗമായി ഒരു വർഷം തടവുകാരെ ഗാന്ധിയൻ തത്ത്വങ്ങൾ പഠിപ്പിക്കുന്നു. വർഷാവസാനം അവർ ഒരു പരീക്ഷ എഴുതണം. കോഴ്സിലേക്കുള്ള പ്രവേശനം ഓപ്ഷണലാണ്.

ജയിലിലെ തടവുകാർ പ്രതിദിനം 5000 വസ്ത്രങ്ങൾ ഉൽപാദിപ്പിക്കുന്നു. ഇത് സംസ്ഥാനത്തുടനീളമുള്ള ജയിലേക്ക് വിതരണം ചെയ്യുന്നു. ഇതിന് സ്വന്തമായി ഒരു ടെക്സ്റ്റൈൽ മിൽ ഉണ്ട്. പിന്നീട് സ്ത്രീകൾ ഉൾപ്പെടെ ഈ വസ്ത്രങ്ങൾ തുന്നുന്നതിൽ പങ്കാളികളാകുന്നു. സൂപ്രണ്ടുമാർ, വാർഡൻമാർ, തടവുകാർ, ഗാർഡനുകൾ എന്നിവരുടെ യൂണിഫോമുകൾ പോലുള്ള ചില വസ്ത്രങ്ങൾ മധുർ ഭണ്ഡാർക്കറുടെ 2009-ലെ ജയിൽ എന്ന ചിത്രത്തിന് വേണ്ടിയാണ് നിർമ്മിച്ചത്. 2007-ൽ ഇന്ത്യൻ ഔഷധസസ്യങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി സെൻട്രൽ ജയിലിൽ 8500 ചന്ദന തൈകളും, തുറന്ന ജയിലിൽ 9000 അശോകതൈകളും നട്ടു പിടിപ്പിച്ചു.

ഈ ജയിൽ വിനോദ സഞ്ചാരത്തിനായി ജനങ്ങൾക്ക് 2021 - ജനുവരി -26ന് തുറന്ന് കൊടുത്തു. അന്നത്തെ മഹാരാഷ്ട്രാ മുഖ്യമന്ത്രി ഉദ്ദവ്താക്കറെയാണ് ഇത് ഉദ്ഘാടനം ചെയ്തത്. ജയിൽ ടൂറിസത്തിന്റെ ഭാഗമായി ഗാന്ധി-തിലക് എന്നിവരുടെ പേരിലുള്ള രണ്ട് വരാന്തകളും, ഗ്രൂപ്പ് സെല്ലുകളും കാണാം. ഇവിടെ തടവുകാരെ പാർപ്പിച്ചിട്ടില്ല. വധശിക്ഷ നടപ്പാക്കുന്ന ഫസിമുറ്റവും സഞ്ചാരികൾക്ക് കാണാം.

# അക്ഷരശ്ലോക സദസ്സ് ശ്രദ്ധേയമായി




*ബി.എസ്.എസ് സംസ്കാരഭാരതത്തിന്റെ ആഭിമുഖ്യത്തിലും വിദ്യാധിരാജ അക്ഷരശ്ലോക സമിതിയുടെ നേതൃത്വത്തിലും സദ്ഭാവനാ ഭവൻ ആഡിറ്റോറിയത്തിൽ നടന്ന അക്ഷരശ്ലോക സദസ്സ്*

ബി.എസ്.എസ് ‘സംസ്കാരഭാരത’ത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കപ്പെട്ട അക്ഷരശ്ലോകസദസ്സ് ശ്രദ്ധേയമായി. വിദ്യാധിരാജ അക്ഷരശ്ലോക സമിതിയുടെ നേതൃത്വത്തിലാണ് സദസ്സ് നടന്നത്.

ഒരാൾ ശ്ലോകം ചൊല്ലിയാൽ ആ ശ്ലോകത്തിന്റെ മൂന്നാം പാദത്തിന്റെ ആദ്യത്തെ അക്ഷരത്തിൽ തുടങ്ങുന്ന ശ്ലോകം അടുത്തയാൾ ചൊല്ലണമെന്ന വ്യവസ്ഥയോടുകൂടി അരങ്ങേറപ്പെടുന്ന അക്ഷരശ്ലോക മത്സരങ്ങളും പരിപാടികളും ഇന്ന് വിരളമായേ കാണാറുള്ളൂ.

അതുകൊണ്ടുതന്നെ സദ്ഭാവനാ ഭവൻ ആഡിറ്റോറിയത്തിൽ നടന്ന അക്ഷരശ്ലോക സദസ്സ് ഏറെ ശ്രദ്ധേയമായി. അക്ഷരശ്ലോകരംഗത്തെ പരിണതപ്രജ്ഞരായ കലാകാരന്മാർ സദസ്സിൽ പങ്കെടുത്തു.

(1 –ാം പേജിൽ നിന്നും തുടർച്ച)

# സി.സി.ടി.വി -1922

തോന്നിയാൽ, ഒരു ബട്ടൺ അമർത്തി പോലീസിനെ അറിയിക്കാനും, ആ വ്യക്തി പ്രതീക്ഷിക്കുന്ന സന്ദർശകനോ സ്വാഗതം ചെയ്യേണ്ട ആളോ ആണെങ്കിൽ റിമോട്ട് കൺട്രോൾ വഴി വാതിൽ തുറക്കാനും കഴിയുമായിരുന്നു.1966 ഓഗസ്റ്റ് 1-ന് ബ്രൗണും ഭർത്താവും പേറ്റന്റിനായി അപേക്ഷിച്ചു. 1969 ഡിസംബർ 6-ന് യുഎസ് പേറ്റന്റ് നമ്പർ 3,482,037 പ്രകാരം കണ്ടുപിടുത്തത്തിനുള്ള പേറ്റന്റ് അവർക്ക് ലഭിച്ചു.

(1 –ാം പേജിൽ നിന്നും തുടർച്ച)

## കാര്യവിചാരം

# മനുഷ്യനും മണ്ണും തകഴിയും

മണ്ണും മനുഷ്യനും തമ്മിലുള്ള ബന്ധം വ്യക്തമാക്കുന്ന ഒരു ഗ്രീക്കു പുരാണകഥയുണ്ട്. സമുദ്രദേവതയുടെ പുത്രനായി മഹാശക്തനായ ഒരു വീരനുണ്ടായിരുന്നു. ആന്റിയാസ് എന്നാണയാളുടെ പേര്. അതിശക്തനായ ഹെർക്കുലീസിനു പോലും ആ വീരനെ തോല്പിക്കാൻ കഴിഞ്ഞില്ല. അയാളുടെ ശക്തി എന്തെന്ന് ഹെർക്കുലീസ് നിരീക്ഷിച്ചു. ശത്രുക്കളെ നേരിടുമ്പോൾ പ്രാർത്ഥനാപൂർവ്വം ഒരു പിടി മണ്ണെടുത്ത് ആന്റിയാസ് മാറോടണയ്ക്കും. തന്നെ ലാളിച്ചു വളർത്തിയ മണ്ണിൽ നിന്ന് ശക്തിയും ചൈതന്യവും ആവാഹിച്ചെടുക്കുന്ന പ്രക്രിയ. ഇതു മനസ്സിലാക്കിയ ഹെർക്കുലീസ് ഒരിക്കൽ ഭൂസ്പർശമില്ലാതെ കിടന്നുറങ്ങുകയായിരുന്ന ആൻറിയാസിനെ വധിച്ചു. ഓരോ തലമുറയും അതിന്റെ അതിജീവനത്തിനുവേണ്ടി സ്വന്തം പാരമ്പര്യത്തിന്റെ പാരാവാരത്തിൽ നിന്ന് അവരവർക്കാവശ്യമുള്ള ചൈതന്യത്തിന്റെ അംശങ്ങൾ കണ്ടെത്താറുണ്ട്. മണ്ണിനുതന്നെ വൈവിദ്ധ്യമുണ്ട്. ഒന്നിനോടൊന്നു ചേരാത്ത പുറക്കാട്ടെ പഞ്ചാരമണ്ണിന്റെ കഥ വേറിട്ട ഭാവത്തിലാണ് തകഴി ആവിഷ്കരിച്ചത്.

വേർപെടുത്താനാവാത്ത പശിമയുള്ള മണ്ണാണ് കുട്ടനാട്ടിലേത്. കായലിനടിയിൽ ചരലും കക്കയും ചേർന്ന മണ്ണാണുള്ളത്.

വേദങ്ങൾ ചൊല്ലിക്കൊണ്ടു വന്ന ആര്യന്മാരും അവർക്കു മുമ്പേ ഇവിടെ ഉണ്ടായിരുന്നവരും തമ്മിൽ ചേർന്നുണ്ടായ ഒരു സങ്കരസംസ്കാരം ആണ് ഇവിടെ നിലനിന്നിരുന്നത്. ആ സംസ്കാരത്തിൽ നിന്നും ജനിച്ച ജീവിത വേദാന്തം നമ്മിൽ പടർന്നിറങ്ങിയിട്ടുണ്ട്. അതാണ് വിവിധ ദേശങ്ങളിലായി ജീവിക്കുന്ന ഭാരതജനതയെ മുഴുവൻ ഏകോപിപ്പിച്ചു നിർത്തിയത്.

തകഴിയേയും മണ്ണിനേയും ബന്ധപ്പെടുത്തി പറയുമ്പോൾ രണ്ടിടങ്ങഴി വിട്ട് കുട്ടനാടൻ മണ്ണിനൊരു ചരിത്രമില്ല, മണ്ണിനെക്കുറിച്ച് വാചാലമായി സംസാരിക്കുമ്പോൾത്തന്നെ ആറടി മണ്ണ് സ്വന്തമായില്ലാത്തതുകൊണ്ടാണ് പിതാവിന്റെ ശവശരീരം സംസ്കരിക്കാനാവാതെ കോരൻ പകച്ചു നിന്നത്. അച്ഛന്റെ മൃതശരീരമെടുത്ത് വള്ളത്തിൽ വച്ച് നടുക്കായലിൽ കെട്ടിത്താഴ്ത്തുന്ന കോരന്റെ ദയനീയചിത്രം. തകഴി രണ്ടിടങ്ങഴിയിൽ കുറിച്ചിട്ടു. മണ്ണിന്റെ ഉൺമയും മണ്ണില്ലായ്മയും ജീവിതത്തിലെ സങ്കീർണ്ണ പ്രശ്നങ്ങളാണ്.

കുഴിച്ചിടാനൊരുപിടി മണ്ണില്ലാത്തതുകൊണ്ട് ചുടലമുത്തുവിന്റെ പിതാവായ ഇശുക്കുമുത്തുവിന്റെ ജഡം ആരും കാണാതെ ചൂടുകാടിന്റെ വൃത്തികെട്ട ഓരത്ത് കുഴിച്ചിട്ടു. പട്ടികൾ ആർത്തിയോടെ കുഴിമാന്തി ശവശരീരം കടിച്ചുകീറി. അതിന്റെ ബീഭത്സത തോട്ടിയുടെ മകനിൽ തകഴി വരച്ചു കാട്ടിട്ടുണ്ട്. ചെമ്മീൻ എന്ന നോവലിന്റെ അന്ത്യത്തിൽ കറുത്തമ്മയുടെയും പരീക്കുട്ടിയുടെയും പളനിയുടെയും മൃതദേഹങ്ങൾ വെള്ളത്തിൽ കുതിർന്ന് കടൽമണ്ണിന്റെ മടിത്തട്ടിലാണ് വിശ്രാന്തികൊണ്ടത്.

മണ്ണു വെട്ടിപ്പിടിക്കാനും മണ്ണു വളച്ചുകെട്ടാനുമുള്ള മനുഷ്യന്റെ ദുരയുടെ എത്രയെത്ര ഉദാഹരണങ്ങളാണ് നാട്ടിലും കോടതികളിലും കരിനിഴൽ വീഴ്ത്തുന്നത്. മണ്ണും പെണ്ണും പൊന്നും കാലദേശങ്ങൾക്കപ്പുറത്തും പ്രശ്ന കലുഷിതമാണ്. എത്ര ലോകയുദ്ധങ്ങൾ അതിന്റെ പേരിൽ നടന്നിരിക്കുന്നു. കയറിന് ഒരു കഥയുണ്ടോ എന്നു ചോദിച്ചവരോട് തകഴി പറഞ്ഞ ഉത്തരം ഉണ്ട്, അത് ‘മണ്ണിന്റെ കഥയാണ്’ എന്നായിരുന്നു. മണ്ണും മനുഷ്യനും തമ്മിലുള്ള ഗാഢമായ ബന്ധമാണ് കയറിന്റെ ആന്തരിക ബലം. ഭൂമി അളന്നു കരം തീർപ്പു കല്പിക്കാൻ ക്ലാസ്സിപ്പേർ വരുന്നതോടെയാണ് കയറിന്റെ കഥ തുടങ്ങുന്നത്. അവസാനിക്കുന്നത് മണ്ണു നോക്കാനോ കൃഷി ചെയ്യാനോ ആളില്ലാതെ വലയുന്ന കുട്ടനാടിനെ ചിത്രീകരിച്ചുകൊണ്ടാണ്. അദ്ധ്വാനിക്കാത്ത ജനത, വളക്കൂറു നശിച്ച മണ്ണ്, കൃഷിയേക്കാൾ ലാഭമുള്ള വ്യവസായത്തിലേക്കു ചേക്കേറിയ മനുഷ്യർ, ബന്ധവും സ്നേഹവും കളിയും ചിരിയും ഉത്സാഹവുമൊക്കെ മറന്ന ജീവിതം, അതിന്റെ ഊഷരതയിലാണ് കയർ അവസാനിക്കുന്നത്.

മൂന്നടി മണ്ണു കൊടുക്കാൻ സന്നദ്ധനായ മഹാബലിയുടെ ശിരസ്സിൽ കാൽ വച്ച് ചവിട്ടിത്താഴ്ത്തിയ കഥയുടെ പിന്നിലും മണ്ണാണല്ലോ പ്രേരക ശക്തി. കുട്ടനാടിന്റെ മണ്ണാണ് തകഴിയുടെ നിലപാടുതറ. മണ്ണിന്റെ കഥ പറഞ്ഞ തകഴി കൊതിച്ചത് സാഹിത്യലോകത്ത് ഒരു ചെറിയ സ്ഥാനം മാത്രം. കിട്ടിയതോ മയൂരസിംഹാസനം.

മണ്ണും മനുഷ്യനും ഒലിച്ചു പോയ ദയനീയ ചിത്രം വയനാട്ടിൽ നമ്മൾ കണ്ടതാണല്ലോ.

# സീതയുടെ കാനനവാസം ശാപഫലം: ബി. എസ്. ബാലചന്ദ്രൻ

(1-ാം പേജിൽ നിന്നും തുടർച്ച)

വന്നത് വർഷങ്ങൾക്കുശേഷമാണ്.

സീത ഒരുനാൾ മിഥിലാപുരിയെ ഉദ്യാനത്തിലിരുന്ന് കാറ്റുകൊള്ളുകയായിരുന്നു അന്നേരം അവിടെയെത്തിയ രണ്ടു തത്തകൾ അടുത്ത മരച്ചില്ലയിലിരുന്ന് സീതാ-രാമ കല്ല്യാണത്തെക്കുറിച്ച് പാടാൻ തുടങ്ങി. അതുകേട്ട് സീത തത്തകളോട് അവയെക്കുറിച്ചുള്ള വിവരങ്ങൾ ആരാഞ്ഞു. തങ്ങൾ വാല്മീകിആശ്രമത്തിലെ തത്തകളാണെന്നും മഹർഷി തന്റെ ശിഷ്യരെ പഠിപ്പിക്കുന്നതുകേട്ടാണ് തങ്ങൾ ഇതു പഠിച്ചതെന്നും തത്തകൾ പറഞ്ഞു.

ഇതുകേട്ട് മൈഥിലി അത്ഭുതത്തോടെ, താനാണ് നിങ്ങൾ പാടുന്ന കഥയിലെ സീതയെന്നും എന്നെ കല്ല്യാണം കഴിക്കാൻ രാമൻ എന്നുവരുമെന്നറിയണമെന്നും ശഠിച്ചു. അതേക്കുറിച്ച് വാല്മീകിമഹർഷി തന്റെ ശിഷ്യന്മാർക്കു പറഞ്ഞുകൊടുക്കുന്നതു തങ്ങൾ കേട്ടിട്ടില്ലായെന്ന് തത്ത പറഞ്ഞു. ശൈശവചാപല്യം മൂലം സീത ഉടനെ പാട്ടുപാടിയ പെൺ തത്തയെ പിടിച്ച് കൂട്ടിലടച്ചു. രാമൻ വന്നിട്ട് നിന്നെ വിട്ടയയ്ക്കാം എന്നും പറഞ്ഞു.

പെൺതത്തയുടെ ഭർത്താവ് തന്റെ ഇണയെ വിട്ടുനൽകണമെന്നപേക്ഷിച്ചുവെങ്കിലും കൊച്ചുകുട്ടിയായിരുന്നു സീത കൂട്ടാക്കിയില്ല. എല്ലാ സുഖങ്ങളോടെയും എല്ലാവിധ ഭക്ഷണസൗകര്യങ്ങളോടെയും തത്ത ഇവിടെ കൂട്ടിൽ വസിക്കട്ടെ എന്നായിരുന്നു സീതയുടെ മറുപടി.



തങ്ങൾ പക്ഷികളാണെന്നും എത്ര തന്നെ സുഖങ്ങൾ നൽകിയാലും അടച്ചിട്ടിരിക്കുന്നത് പൊൻകൂടിയായാലും അത് ബന്ധനം തന്നെയാണെന്നും പറന്നുനടക്കുന്നതിന്റെ സുഖം അതിനുണ്ടാവില്ലായെന്ന് ആൺകിളി പറഞ്ഞുവെങ്കിലും സീത അത് കണക്കിലെടുത്തില്ല. പെൺകിളി ഗർഭിണിയാണെന്നും അവൾ പ്രസവിച്ചിട്ട് ഞങ്ങൾ തിരിച്ചുവരാം എന്നു പറഞ്ഞിട്ടുപോലും കുഞ്ഞുസീത തന്റെ വാശി തുടർന്നു.

ഒരു മാർഗ്ഗവുമില്ലെന്ന് കണ്ടപ്പോൾ വിരഹവേദന സഹിക്കാനാവാതെ പെൺതത്ത കൂട്ടിൽ തലതല്ലി മരിച്ചു. മരിക്കുന്നതിനു മുൻപ് തത്ത സീതയെ ശപിച്ചു: “ഗർഭിണിയായ എന്നെ വിരഹദുഃഖമനുഭവിപ്പിക്കുകയാൽ നീ ഗർഭിണിയാവുന്ന സമയം നിനക്കും വിരഹദുഃഖം അനുഭവിക്കേണ്ടിവരട്ടെ.” എന്നായിരുന്നു ശാപം. പെൺ തത്തയുടെ മരണം കണ്ട് സഹിക്കാനാവാതെ ആൺ തത്തയും സീതയെ ശപിച്ചു. ഞങ്ങൾ ഇനിയും ജനിക്കും അന്ന് ഞങ്ങളായിരിക്കും നിന്നെ വിരഹദുഃഖമനുഭവിപ്പിക്കാൻ കാരണമാവുന്നത്. ഇതു പറഞ്ഞ് ആൺ തത്ത നദിയിൽ ചാടി മരിച്ചു.

ഈ തത്തകൾ പുനർജന്മമെടുത്താണ് അയോദ്ധ്യയിൽ അലക്കുകാരനും ഭാര്യയുമായി എത്തിയതും സീതയെക്കുറിച്ച് അപഖ്യാതി പറഞ്ഞതും. ഇതറിഞ്ഞാണ് ശ്രീരാമനും സൂര്യവംശത്തിനും കളങ്കമുണ്ടാവാതിരിക്കാനും രാജധർമ്മത്തിന് കോട്ടംതട്ടാതിരിക്കുവാനുംവേണ്ടി സീതാദേവി സ്വമേധയാ കാട്ടിലേക്ക് യാത്രയായത്. ശ്രീരാമൻ പരമാവധി തടയാൻ ശ്രമിച്ചുവെങ്കിലും ലക്ഷ്മീദേവിയായ സീതയുടെ തീരുമാനത്തെ മാറ്റാൻ ആരാലും കഴിയില്ലായെന്നുകണ്ട് സീതയ്ക്ക് കാനനവാസത്തിന് അനുമതിനൽകുകയായിരുന്നു.



## ആൽബം



ബി.എസ്എസിന്റെ വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് വി.ശിവൻകുട്ടി. സമീപം ബി.എസ്. ബാലചന്ദ്രൻ, ഡോ. എം.ആർ. തമ്പാൻ, കെ.പങ്കജാക്ഷൻ

(1 –ാം പേജിൽ നിന്നും തുടർച്ച)

# മാനവകുലത്തിന്റെ ആദ്ധ്യാത്മിക ശ്രോതസ്സ് ശ്രീമദ് ഭഗവത്ഗീത

ധർമ്മം, കർമ്മം, മോക്ഷം, യാഗം എന്നിവയിലൂടെ മനുഷ്യനെ ബോധവത്ക്കരിക്കുന്ന അമൃതവർഷമെന്ന നിലയിൽവേണം കാണാനും കരുതാനും.

യുദ്ധത്തിൽ പാണ്ഡവരെ വിജയിപ്പിച്ചുകൊള്ളാമെന്ന് ഭഗവദ്ഗീതയിൽ ഒരിടത്തും ഭഗവാൻ ശ്രീകൃഷ്ണൻ പറയുന്നില്ല. ഹൃദയദൗർബല്യം വെടിഞ്ഞ് പ്രവർത്തിക്കുകയെന്നും ധർമ്മത്തിലൂന്നിനിന്ന് കടമകൾ നിർവ്വഹിക്കുക എന്നുമാണ് ഭഗവാന്റെ ഉപദേശം. അതേസമയം “സേനാപതികളിൽ നാം സുബ്രഹ്മണ്യനും, ജലാശയങ്ങളിൽ നാം സമുദ്രവും, ആയുധങ്ങളിൽ നാം വജ്രവും, പശുക്കളിൽ നാം കാമധേനുവും, വാക്കുകളിൽ നാം ഓംകാരവും, വൃക്ഷങ്ങളിൽ നാം അരയാലും, സൃഷ്ടികളിൽ ആദിയും മധ്യവും അന്തവും എല്ലാം നാം തന്നെയാണ്” എന്ന് ഫൽഗുനനെ ഓർമ്മിപ്പിക്കാതെയുമിരിക്കുന്നില്ല! കിരീടിയുടെ മനസ്സിനെ ശക്തിപ്പെടുത്തുക എന്നതാണ് ഭഗവാന്റെ ലക്ഷ്യം. അതിനനുഗുണമായ സമീപനമായിരുന്നു ശ്രീകൃഷ്ണന്റേത്!

കൗരവ-പാണ്ഡവ സേനകൾ കുരുക്ഷേത്രഭൂമിയിൽ മുഖാമുഖം അണിനിരന്നപ്പോൾ തനിക്ക് ഇരു സൈന്യങ്ങളുടെയും മധ്യത്തിൽ പോകണമെന്ന് ഫൽഗുനൻ താൽപര്യപ്പെടുന്നു. അതുപ്രകാരം ശ്രീകൃഷ്ണൻ സേനാമധ്യത്തിലേക്ക് തേർ തെളിക്കുന്നു. തേർത്തട്ടിൽ എഴുന്നേറ്റുനിന്ന് വിജയൻ ഇരുസൈന്യങ്ങളേയും വീക്ഷിച്ചു. ശത്രുപക്ഷത്തേയ്ക്ക് നോക്കിയ ധനഞ്ജയന്റെ വദനം വിളറി; ശരീരം വിയർത്തു. അവിടെ അണിനിരന്നിരിക്കുന്നവരിലേറെയും തന്റെ അടുത്ത ബന്ധുക്കൾ! തന്നെ യുദ്ധം ചെയ്യാൻ പഠിപ്പിച്ച ഗുരുനാഥൻ, പിച്ചവെച്ചുനടക്കാൻ പഠിപ്പിച്ച മുത്തച്ഛൻ, സ്നേഹവാത്സല്യങ്ങൾ കോരിച്ചൊരിഞ്ഞ മാതുലന്മാർ, ഒപ്പം കളിച്ചുവളർന്ന അനുജന്മാർ, എന്തിനും സഹായികളായിരുന്ന ജ്യേഷ്ഠന്മാർ, സഹോദരീ ഭർത്താവ് തുടങ്ങിയവരെല്ലാമാണവിടെയുള്ളത്!

അർജ്ജുനനിലെ വിയർപ്പ് നേരിയ വിറയലായി മാറി. എടുത്തുയർത്തിയ ഗാണ്ഡീവം കയ്യിൽനിന്നും വഴുതി താഴേയ്ക്ക് വീണു. ഇതികർത്തവ്യതാമൂഢനായി കിരീടി തേർത്തട്ടിൽ തളർന്നിരുന്നുപോയി. ഈ ഘട്ടത്തിലാണ് അവസരത്തിനൊത്ത് ഉയർന്ന ഭഗവാൻ ശ്രീകൃഷ്ണൻ അർജ്ജുനനെ യുദ്ധോത്സുകനാക്കാൻ വേണ്ടിയുള്ള ശ്രമം- ഉപദേശം -ആരംഭിക്കുന്നത്. ഭഗവാൻ പറയുന്നു: “പാർഥാ...., അലസതയും അകർമ്മണ്യതയും നപുംസകങ്ങൾക്കുള്ളതാണ്. അവയെ നീ കൈക്കൊള്ളരുത്. ബലഹീനതകൾ വലിച്ചെറിഞ്ഞ് സ്വധർമ്മാചരണത്തിന് തയ്യാറാവുക. ഒളിച്ചോട്ടം പ്രശ്നങ്ങൾക്ക് പരിഹാരമാവുന്നില്ല. എന്തിനേയും കരുത്തോടെ അഭിമുഖീകരിക്കൂ.... ലോകത്തെ കീഴ്മേൽ മറിക്കുവാനുള്ള ശക്തി നിന്നിലുണ്ട്. അതിനെ വിളിച്ചുണർത്തൂ.... സ്വധർമ്മാചരണത്തെക്കാൾ ശ്രേയസ്കരമായി മറ്റൊന്നുമില്ല! അതിൽ മരണം സംഭവിച്ചാൽപോലും ധന്യമാണ്! അതിനാൽ എഴുന്നേൽക്കൂ...., ധീരതയോടെ സ്വധർമ്മത്തെ അനുഷ്ഠിക്കൂ....അങ്ങിനെ പരമ ശ്രേയസ്സിലേക്കുയരൂ...”

അടുത്ത ബന്ധുജനങ്ങളുമായും മറ്റ് ബഹുമാന്യരുമായും യുദ്ധം ചെയ്യേണ്ടിവരുന്നുവെന്ന് കണ്ടപ്പോഴുണ്ടായ ഹൃദയദൗർബല്യവും ആയതിലുള്ള ദുഃഖവുമാണ് ഫൽഗുനന്റെ തളർച്ചയ്ക്ക് കാരണമെന്ന് തിരിച്ചറിഞ്ഞാണ് ഭഗവാൻ ശ്രീകൃഷ്ണൻ ആദ്യഘട്ടമെന്ന നിലയിൽ വിജയന്റെ ഹൃദയദൗർബല്യമകറ്റി മനോധൈര്യം പകരുവാൻ വേണ്ടിയുള്ള ശ്രമങ്ങളിലേക്ക് കടക്കുന്നത്. സ്വന്തം കടമകളേയും കർത്തവ്യങ്ങളേയും കുറിച്ചുള്ള ഓർമ്മപ്പെടുത്തലുകളിലൂടെയും, ശരീരം നശ്വരമാണെന്നും അനശ്വരമായുള്ളത് ആത്മാവാണെന്നും ഊന്നിപ്പറഞ്ഞ് ആത്മചൈതന്യത്തെ ബോധ്യപ്പെടുത്തിക്കൊണ്ടും, ഫൽഗുനന്റെ ഹൃദയത്തെ ഭഗവാൻ കരുത്തുറ്റതാക്കി മാറ്റുന്നു. അതാവട്ടെ പതിനെട്ടുദിവസങ്ങൾ നീണ്ടുനിന്ന കുരുക്ഷേത്രയുദ്ധത്തിൽ വീറോടെ പോരാടി വിജയകിരീടം ചൂടുവാൻ തക്കവിധത്തിലേയ്ക്ക് അർജ്ജുനനെ പ്രാപ്തനാക്കുകയും ചെയ്തു! ഭീഷ്മർ, കർണ്ണൻ, ജയദ്രഥൻ തുടങ്ങിയുള്ള മഹാരഥന്മാരെ വീഴ്ത്താൻ തക്കവണ്ണമുള്ള ആത്മശക്തിയാണ് ഭഗവാൻ കൃഷ്ണൻ പാർഥനിൽ സന്നിവേശിപ്പിച്ചത്.

ഭഗവാൻ അർജ്ജുനനോട് പറയുന്നുണ്ട്: “അർജ്ജുനാ.... നീ പറഞ്ഞുവല്ലോ; എതിർചേരിയിൽ നിൽക്കുന്നവരിൽ ഗുരുവും മുത്തച്ഛനും മാതുലന്മാരും സഹോദരന്മാരുമൊക്കെയുണ്ടെന്ന്? അതാണല്ലോ നിന്നെ തളർത്തിയതും? എന്നാൽ നീ ഒന്നു ചിന്തിക്കുക...., എന്തേ എതിർവശത്തുനിൽക്കുന്ന ഗുരുവിന് നീ അദ്ദേഹത്തിന്റെ ശിഷ്യനാണെന്ന് തോന്നുന്നില്ല...? മുത്തച്ഛന് കൊച്ചുമകനാണെന്ന് തോന്നുന്നില്ല...? അമ്മാവന്മാർക്ക് അനന്തിരവനാണെന്ന് തോന്നുന്നില്ല...? സഹോദരന്മാർക്ക് അതും തോന്നുന്നില്ല...? പിന്നെ നീമാത്രം എന്തിന് മറിച്ച് ചിന്തിക്കണം...? വിജയാ..... നീ ഒരു പ്രധാനകാര്യം അറിയുക, നീ ആരെയും നശിപ്പിക്കുന്നില്ല. ആത്മാവിനെ നശിപ്പിക്കാൻ നിനക്കോ, അഗ്നിക്കോ, കാറ്റിനോ, ജലത്തിനോ, മറ്റെന്തെങ്കിലിനുമോ സാധിക്കില്ല. പിന്നെ നീ എന്തിന് നശ്വരമായ ശരീരത്തെ ഓർത്ത് ദുഃഖിക്കണം...? ഇന്നല്ലെങ്കിൽ നാളെ അത് നശിച്ചുപോകുവാനുള്ളതു തന്നെയല്ലേ...? യഥാർത്ഥത്തിൽ നിനക്ക് മറ്റൊരാളെയോ മറ്റൊരാൾക്ക് നിന്നെയോ നശിപ്പിക്കാനാവില്ല. ആത്മാവ് അനശ്വരമാണ്. ഇന്നല്ലെങ്കിൽ നാളെ ഇല്ലാതാവുന്ന ശരീരത്തെ മാത്രമേ നശിപ്പിക്കാൻ കഴിയൂ. പരമമായ ഈ സത്യം ഉൾക്കൊണ്ട് മാനസിക ദൗർബല്യം വെടിഞ്ഞ് ശക്തിയോടെ പൊരുതുക...”

ഭഗവദ്ഗീതയിലെ ഓരോ ശ്ലോകങ്ങളും മനുഷ്യനെ ഉന്നതിയിലേയ്ക്കും മോക്ഷത്തിലേയ്ക്കും നയിക്കുന്നവയാണ്. മനുഷ്യജീവിതവുമായി ബന്ധപ്പെട്ട ഒന്നൊഴിയാതെയുള്ള സർവ്വമാന വിഷയങ്ങളും അർജ്ജുനന് നൽകുന്ന ഉപദേശത്തിലൂടെ ഭഗവാൻ പ്രതിപാദിക്കുന്നുണ്ട്.

‘ധർമ്മക്ഷേത്രേ കുരുക്ഷേത്രേ....” എന്ന് തുടങ്ങുന്ന ആദ്യശ്ലോകം മുതൽ ‘ധ്രുവാ നീതിർമ്മതിർമ്മമ’ എന്ന് അവസാനിക്കുന്നതുവരെയുള്ള 700 ശ്ലോകങ്ങളും മനുഷ്യനെ നന്മയിലേക്കും ശക്തിയിലേയ്ക്കും ഭക്തിയിലേയ്ക്കും ധർമ്മ-കർമ്മാദികളിലേയ്ക്കും നയിക്കുന്ന അനർഘരത്നമണികളാണ്.

ധൃതരാഷ്ട്രർ സഞ്ജയനോട് ചോദിക്കുന്ന ചോദ്യമാണ് ‘ധർമ്മക്ഷേത്രേ’ എന്നു തുടങ്ങുന്ന ആദ്യശ്ലോകം. “അല്ലയോ സഞ്ജയാ ധർമ്മക്ഷേത്രമാകുന്ന കുരുക്ഷേത്രത്തിൽ യുദ്ധസജ്ജരായി അണിനിരന്നുനിന്ന എന്റെ പക്ഷക്കാരും പാണ്ഡവപക്ഷക്കാരും അവിടെ എന്തൊക്കെയാണ് ചെയ്തത്...” എന്നതാണ് ധൃതരാഷ്ട്രരുടെ ചോദ്യം. കുരുക്ഷേത്രയുദ്ധമാരംഭിച്ച് പത്താം ദിനത്തിലാണത്. ഒടുവിൽ, ‘യത്രയോഗേശ്വരഃകൃഷ്ണോ’ എന്ന് തുടങ്ങുന്നതും “എവിടെയാണ് യോഗേശ്വരനായ കൃഷ്ണനും, എവിടെയാണോ ധനുർധരനായ അർജ്ജുനനും വർത്തിക്കുന്നത് അവിടെ ഐശ്വര്യവും വിജയവും അഭിവൃദ്ധിയും നീതിയും, നിശ്ചയമായുമുണ്ടാകും എന്നാണ് എന്റെ വിചാരം” എന്നർത്ഥം വരുന്നതുമായ എഴുന്നൂറാമത്തെ ശ്ലോകത്തോടെ അനവദ്യസുന്ദര-മധുരമനോജ്ഞ-മോക്ഷദായക ഗീതാ പ്രവാഹത്തിന് പരിസമാപ്തിയാകുന്നു. ഇവയ്ക്കിടയിലായി സംഘർഷഭരിതവും ഭക്തിസാന്ദ്രവും ശക്തിദായകവുമായ ഒട്ടനവധി സന്ദർഭ പരമ്പരകളിൽ തട്ടിയും മുട്ടിയും, ആഹ്ലാദത്തിന്റേയും ആശ്വാസത്തിന്റേയും അലകളിളക്കിയും കൈവല്യപ്രാപ്തിക്കായുള്ള വീഥിയൊരുക്കിയും സർവ്വോപരി ആഴത്തിലുള്ള ചിന്തയ്ക്കും ശ്രേഷ്ഠമായ അന്വേഷണത്തിനും വഴിവെച്ചും അതൊഴുകിയിറങ്ങുകയായിരുന്നു!

അമൂല്യമായ ജീവിതപാഠങ്ങളാണ് ഭഗവദ്ഗീത മനുഷ്യസമൂഹത്തിന് കാഴ്ചവയ്ക്കുന്നത്. ഒന്നിനേയും ഭയക്കരുതെന്നും ഒന്നിനേയും സംശയിക്കരുതെന്നും ഗീതയിലൂടെ ഭഗവാൻ മനുഷ്യരെ ഉപദേശിക്കുന്നു. ഭഗവാൻ ശ്രീകൃഷ്ണൻ അർജ്ജുനനോട്, ‘മരണത്തെപ്പോലും ഭയക്കരുത്’ എന്ന് പറയുന്നുണ്ട്. മരണം എന്നത് ഒരു കടന്നുപോകൽ മാത്രമാണെന്നും നശ്വരമായതിന് മാത്രമാണ് മരണം സംഭവിക്കുന്നതെന്നും ഭഗവാൻ ഓർമ്മിപ്പിക്കുന്നു. ഭയമില്ലെങ്കിൽ ജീവിതം സാധാരണയെക്കാൾ സുന്ദരമാകും.

സംശയാലുവായ മനുഷ്യന് ഈ ലോകത്തിലോ വരും ജന്മത്തിലോ സമാധാനമായി ജീവിക്കാൻ കഴിയില്ല. അതേസമയം സ്വയം കണ്ടെത്തലിനായുള്ള ജിജ്ഞാസയെ സംശയമായി തെറ്റിദ്ധരിക്കരുതെന്നും, തത്വചിന്തകരുടെ നിർദ്ദേശങ്ങളും വാക്കുകളും തള്ളിക്കളയരുതെന്നും ശ്രീകൃഷ്ണൻ പറയുന്നുണ്ട്.

ലൗകികജീവിതത്തിൽ ഉണ്ടാകുന്ന എല്ലാതരം വിഷയാസക്തിയിൽനിന്നും മോചനം നേടണം. കാമം, ക്രോധം തുടങ്ങി എണ്ണിയാൽ ഒടുങ്ങാത്ത എല്ലാതരം വിയയങ്ങളിൽനിന്നും മുക്തമായിരിക്കുമ്പോൾ മാത്രമാണ് മനസ്സിന് ശാന്തത കൈവരിക്കാൻ കഴിയുക.

എന്തെങ്കിലും കാര്യം ചെയ്യാൻ തീരുമാനിക്കുമ്പോഴും അത് ചെയ്യുമ്പോഴും അതിന്റെ പ്രതിഫലം എന്തായിരിക്കുമെന്ന് ചിന്തിക്കാൻ പാടില്ലെന്ന് അർജ്ജുനെ ഭഗവാൻ കൃഷ്ണൻ ഉപദേശിക്കുന്നു. നമ്മിൽ നിക്ഷിപ്തമായിരിക്കുന്ന കർമ്മം സത്യസന്ധമായും കൃത്യതയോടെയും നിറവേറ്റാൻ പ്രത്യേകം ശ്രദ്ധിക്കണമെന്നും നിർദ്ദേശിക്കുന്നുണ്ട്.

> എതിർചേരിയിൽ നിൽക്കുന്നവരിൽ ഗുരുവും മുത്തച്ഛനും മാതുലന്മാരും സഹോദരന്മാരുമൊക്കെയുണ്ടെന്ന്? അതാണല്ലോ നിന്നെ തളർത്തിയതും? എന്നാൽ നി ഒന്നു ചിന്തിക്കുക....., എന്തേ എതിർവശത്തുനിൽക്കുന്ന ഗുരുവിന് നി അദ്ദേഹത്തിന്റെ ശിഷ്യനാണെന്ന് തോന്നുന്നില്ല...? മുത്തച്ഛന് കൊച്ചുമകനാണെന്ന് തോന്നുന്നില്ല...? അമ്മാവന്മാർക്ക് അനന്തിരവനാണെന്ന് തോന്നുന്നില്ല...? സഹോദരന്മാർക്ക് അതും തോന്നുന്നില്ല...? പിന്നെ നിമാത്രം എന്തിന് മറിച്ച് ചിന്തിക്കണം...?

കർമ്മപഥത്തിൽ നിന്നും ഒരിക്കലും മാറിനിൽക്കരുതെന്നും പ്രത്യേകമായി ഉപദേശിക്കുന്നു. കുടുംബബന്ധങ്ങളും സൗഹൃദങ്ങളും ഉപേക്ഷിക്കുന്നത് ആത്മീയജ്ഞാനത്തിനും നിത്യമായ സമാധാനത്തിനുമുള്ള മാർഗ്ഗമാകുന്നില്ല. അലഞ്ഞുതിരിയുന്ന മനസ്സാണ് ഒരാൾക്കുള്ളതെങ്കിൽ അതായിരിക്കും അയാളുടെ ജീവിതപരാജയത്തിനുള്ള മുഖ്യകാരണം.

പരംപൊരുളിനെ തിരിച്ചറിയണമെന്ന് ഭഗവാൻ ശ്രീകൃഷ്ണൻ ആവർത്തിച്ച് പറയുന്നു. അർജ്ജുനനോടാണിത് പറയുന്നതെങ്കിലും അത് മാനവസമൂഹത്തോടുള്ള ഉദ്ബോധനമായി കാണണം. ലൗകികമായ എല്ലാ കെട്ടുപാടുകളോടും ബന്ധനങ്ങളോടും അടിയറവു പറയാൻ കഴിഞ്ഞാൽ പരംപൊരുളിന് കീഴ്പ്പെടാൻ സാധിക്കും. ഭൂതകാലത്തെ പഴിക്കുന്നതും ഭാവിയെ ഭയപ്പെടുന്നതും വ്യർത്ഥമാണ്. സർവ്വവ്യാപിയായ ഈശ്വരനെ തിരിച്ചറിയുക എന്നതാണ് മനസ്സിന്റേയും ആത്മാവിന്റേയും സന്തോഷം.

സ്വാർത്ഥതയാണ് നമ്മിൽ കുടികൊണ്ടിരിക്കുന്നതെങ്കിൽ ജ്ഞാനമുണ്ടായിട്ടും യാതൊരു കാര്യവുമില്ലെന്ന് ഭഗവാൻ പറയുന്നു. കണ്ണാടി തെളിഞ്ഞതാണെങ്കിലേ പ്രതിബിംബവും തെളിഞ്ഞതായിരിക്കുകയുള്ളൂ. സ്വാർത്ഥമതിയായവർക്ക് എന്നും എപ്പോഴും പ്രശ്നങ്ങളായിരിക്കും.

എല്ലാറ്റിനോടും സമചിത്തത പാലിക്കാൻ ഭഗവാൻ കൃഷ്ണൻ നിർദ്ദേശിക്കുന്നുണ്ട്. ഏകാഗ്രത പാലിക്കാൻ കഴിയുന്നില്ലെങ്കിൽ പ്രവർത്തികളിൽ സംയമനം പാലിക്കാനും കഴിയില്ല. ധ്യാനമാണ് അതിനായുള്ള പോംവഴി. ധ്യാനം ശീലിക്കുന്ന ഒരാൾക്ക് എല്ലാ സങ്കടങ്ങളേയും മറികടക്കാൻ കഴിയും.

കോപം അബദ്ധത്തിലേയ്ക്കുള്ള പാതയാണെന്നു മനസ്സിലാക്കി ശാന്തമായിരിക്കുകയാണ് വേണ്ടതെന്ന് ഭഗവാൻ ഉപദേശിക്കുന്നു. കോപം മനുഷ്യനെ വിഢിയാക്കുകയാണ് ചെയ്യുന്നത്. കോപം വർദ്ധിക്കുമ്പോൾ നന്മ-തിന്മകൾ തിരിച്ചറിയാനുള്ള വിവേകം നഷ്ടപ്പെടും; ഒപ്പം കാര്യങ്ങളുടെ വിചിന്തനശക്തി നഷ്ടമാവുകയും ചെയ്യും. ജീവിതത്തിലെ എല്ലാ പരാജയങ്ങൾക്കുമുള്ള അടിസ്ഥാനപരമായ കാരണം കോപമാണ്. നരകത്തിലേയ്ക്കുള്ള മൂന്ന് പ്രധാന വാതിലുകളിൽ ഒന്നാണ് കോപം. കാമവും അത്യാർത്തിയുമാണ് മറ്റ് രണ്ട് വാതിലുകൾ. ഭഗവാൻ ഓർമിപ്പിക്കുന്നു.

‘സർവ്വയജ്ഞങ്ങളുടെ ഭോക്താവും നാഥനും നാം മാത്രമാണ്. അതുകൊണ്ട് നമ്മുടെ ഈ യഥാർത്ഥ ദിവ്യപ്രകൃതിയെ മനസ്സിലാക്കാത്തവർക്ക് കടുത്ത വീഴ്ചയായിരിക്കും ഫലം.’ നീ എന്ത് ചെയ്യുന്നുവോ, എന്ത് നിവേദിക്കുന്നുവോ, എന്ത് ദാനം ചെയ്യുന്നുവോ, എന്ത് തപശ്ചര്യകളനുഷ്ഠിക്കുന്നുവോ, കുന്തീപുത്രാ..... അതെല്ലാം നമുക്കായി അർപ്പിച്ചുകൊണ്ടു ചെയ്യുക എന്നും അചഞ്ചലഭക്തിയോടെ നമ്മെ ഭജിക്കുന്നവൻ ത്രിഗുണങ്ങളെ മറികടന്ന് ബ്രഹ്മഭാവത്തെ പ്രാപിക്കുവാൻ യോഗ്യനാകുന്നു എന്നും ഭഗവാൻ പറയുന്നു.

ഒറ്റവാചകത്തിൽ പറഞ്ഞാൽ മനുഷ്യമനസ്സുകളിൽ ഭക്തിയും, ശക്തിയും, ശുദ്ധിയും, വൃത്തിയും, സ്നേഹവും, സഹാനുഭൂതിയും, കർമ്മശ്രേഷ്ഠതയും, സമാധാനവും, ശാന്തിയുമെല്ലാം ഒരേപോലെ കോരിനിറയ്ക്കുന്നതാണ് ഭഗവദ്ഗീത!

മനുഷ്യജീവിതവുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളിലൂടെയും ഭഗവദ്ഗീത കടന്നുപോകുന്നുണ്ട്! ഭാരതസംസ്കൃതിയ്ക്ക് ലഭിച്ച ഉദാത്തമായ ഒരു സൃഷ്ടിയായി ഭഗവദ്ഗീതയെ കാണണം. നമ്മുടെ സംസ്കാരത്തെ രൂപപ്പെടുത്തിയെടുക്കുന്നതിൽ ഇതിനുള്ള പങ്ക് നിസ്സീമമാണ്. പക-വിദ്വേഷം എന്നിവയെ ആട്ടിയകറ്റി സ്നേഹത്തിന്റേയും സഹവർത്തിത്വത്തിന്റേയും ചിന്ത മനുഷ്യമനസ്സുകളിൽ രൂഢമൂലമാക്കുന്ന പാവന ഗ്രന്ഥമാണിത്. അവിടെ സ്നേഹവും ത്യാഗവും കർമ്മവും ധർമ്മവുമെല്ലാമുണ്ട്! ‘നിന്നെക്കുറിച്ച് നീ അറിയുക’ എന്ന് അത് ഉച്ചൈസ്തരം ഉദ്ഘോഷിക്കുന്നു.

കോപം, ഭയം, അലസത, ആളുകളോടും വസ്തുക്കളോടും സാഹചര്യങ്ങളോടുമുള്ള ആസക്തി, മനസ്സിന്റേയും ഇന്ദ്രിയങ്ങളുടേയും മേലുള്ള നിയന്ത്രണക്കുറവ്, തന്നെക്കുറിച്ചും ദൈവത്തെക്കുറിച്ചും ലോകത്തെക്കുറിച്ചുമുള്ള ശരിയായ ധാരണയില്ലായ്മ എന്നിവയാണ് മനുഷ്യന്റെ സമാധാനത്തിനും സന്തോഷത്തിനുമുള്ള തടസ്സങ്ങളെങ്കിൽ അവയെ ക്രമാനുഗതമായി മറികടക്കാൻ ഭഗവദ്ഗീതയെന്ന താമരത്തോണിയിലേറി സഞ്ചരിച്ചാൽ മാത്രം മതിയെന്നാണ് ഭാരതദർശനം!

പ്രതിസന്ധികളെ തരണം ചെയ്യാനാവാതേയും ആപത്തുകളേയും പ്രതിബന്ധങ്ങളേയും അഭിമുഖീകരിക്കാനാവാതേയും അന്തർമുഖരായി അർജ്ജുനഭാവം പൂണ്ടിരിക്കുന്ന ഏറെ പേർ നമുക്കിടയിലുണ്ട്. അവരിലെ കർമ്മോത്സുകതയെ ഉണർത്തി ജീവിത വിജയത്തിലേയ്ക്ക് നയിക്കാൻ ഒരൊറ്റമൂലിയേയുള്ളൂ.... അതാണ് ഭഗവദ്ഗീത.

## ബി.എസ്.എസ് സംസ്കാര ഭാരതം കാവ്യസദസ്സ്

# പ്രൊഫ. നന്ത്യത്ത് ഗോപാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു




സംസ്കാരഭാരതം കാവ്യസദസ്സ് പ്രൊഫ. നന്ത്യത്ത് ഗോപാലകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു

**തിരുവനന്തപുരം:** ബി.എസ്.എസ് കൾച്ചറൽ മിഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന പ്രതിമാസ പരിപാടിയായ സംസ്കാരഭാരതം കാവ്യസദസ്സ് കവടിയാർ സദ്ഭാവനാ ഭവൻ ആഡിറ്റോറിയത്തിൽ കൊട്ടിയം എം.എം. എൻ.എസ്.എസ് കോളേജ് പ്രിൻസിപ്പൽ ഡോ. നന്ത്യത്ത് ഗോപാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു.

മാർച്ച്മാസം അവതരിപ്പിച്ച കവിതകളുടെ സമാഹാരമായ "കാവ്യമാല ഇതൾ പത്ത്′ എന്ന പുസ്തകത്തിന്റെ പ്രകാശനം കവി സുധീർ ചടയമംഗലത്തിന് പുസ്തകത്തിന്റെ പ്രതി നൽകിക്കൊണ്ട് അദ്ദേഹം നിർവ്വഹിക്കുകയുണ്ടായി.

സംസ്കാരഭാരതം ട്രസ്റ്റ് ചെയർമാൻ ബി.എസ്. ബാലചന്ദ്രൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ സെക്രട്ടറി ജയ ശ്രീകുമാർ സ്വാഗതമാശംസിച്ചു. മാർച്ച് മാസത്തെ കാവ്യസദസ്സിൽ അവതരിപ്പിച്ച കവിതകളിൽ ഏറ്റവും മികച്ചതായി കണ്ടെത്തിയ കവിതയ്ക്കുള്ള പുരസ്കാരം അനിൽ നെടുംകോട് ഏറ്റുവാങ്ങി. ഫെബ്രുവരി മാസത്തെ മികച്ച കവിതയ്ക്കുള്ള പുരസ്കാരം ഷൈജു അലക്സിനും സമ്മാനിച്ചു. അൻപത് കവികൾ തങ്ങളുടെ സർഗ്ഗസൃഷ്ടികൾ പരിപാടിയിൽ അവതരിപ്പിക്കുകയുണ്ടായി. കൾച്ചറൽ റിലേഷൻസ് ഓഫീസർ സ്മിത മനോജ് നന്ദി രേഖപ്പെടുത്തി.



ഫെബ്രുവരി, മാർച്ച് മാസത്തെ മികച്ച കവിതയ്ക്കുള്ള പുരസ്കാരം യഥാക്രമം ഷൈജു അലക്സും അനിൽ നെടുംകോടും ഏറ്റുവാങ്ങുന്നു

Edited, Printed and Published by B.S. Balachandran on behalf of Satbhavana Publishing Chamber, Sri Nikethan, Thycaud P.O, Thiruvananthapuram 695014. Printed at Rainbow Printers, Kumarapuram, for BRN Printers.
Managing Editor: Manju Sreekandan, Chief Editor: Jaya Sreekumar